പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി I

# (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

## ആനുകാലിക റിപ്പോർട്ട്

(2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT FROM 1st APRIL 2017 TO 31st MARCH 2018)**

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239(1) പ്രകാരമുള്ളത്]**

**[Under Rule 239(1) of the Procedure and Conduct of Business in the Kerala Legislative Assembly]**

**21-6-2018-ാം തീയതി സമർപ്പിച്ചത്**
**(Presented on 21st June, 2018)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2018

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി I

# (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

**ആനുകാലിക റിപ്പോർട്ട്**

**(2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM 1st APRIL 2017 TO 31st MARCH 2018)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239(1)പ്രകാരമുള്ളത്]

[Under Rule 239(1) of the Procedure and Conduct of Business in the Kerala Legislative Assembly]

1242/2018.

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 48 |

# സബ്ജക്ട് കമ്മിറ്റി I
# കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും
# (2016-2018)

**ഘടന**

ചെയർമാൻ :

ശ്രീ. വി. എസ്. സുനിൽ കുമാർ
കൃഷി വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. രാജു
വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. പാറക്കൽ അബ്ദുല്ല, എം.എൽ.എ.

ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.

ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.

ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.

ശ്രീ. എം. നൗഷാദ്, എം.എൽ.എ.

ശ്രീ. എസ്. ശർമ്മ, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ. എം, അണ്ടർ സെക്രട്ടറി.

# അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (i)-ാം ഉപചട്ടപ്രകാരം ഞാൻ സമർപ്പിക്കുന്നു.

14-ാം കേരള നിയമസഭയുടെ 2016 ജൂലൈ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ-ഭാഗം 2 പ്രകാരം 2016 ജൂലൈ 5 പ്രാബല്യത്തിൽ രൂപീകരിച്ച 2016-2018 കാലയളവിലെ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 1-4-2017 മുതൽ 31-3-2018 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

റിപ്പോർട്ട് കാലയളവിൽ സമിതി 19-4-2017, 18-5-2017, 24-7-2017, 16-8-2017, 21-8-2017, 25-10-2017, 17-1-2018, 12-2-2018 (2 യോഗങ്ങൾ), 16-2-2018, 20-2-2018 എന്നീ തീയതികളിലായി പതിനൊന്ന് യോഗങ്ങൾ ചേരുകയുണ്ടായി. 19-4-2017, 18-5-2017 എന്നീ തീയതികളിലെ യോഗങ്ങളിൽ യഥാക്രമം 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട്, 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിച്ച് അംഗീകരിച്ചു. 24-7-2017-ന് സമിതിയുടെ വിവിധ വർഷങ്ങളിലെ വിവിധ റിപ്പോർട്ടുകളിന്മേലുള്ള ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, 16-8-2017-ൽ ദി കേരള മറൈൻഫിഷിംഗ് റെഗുലേഷൻ (അമെന്റ്മെന്റ്) ബിൽ എന്നിവ പരിഗണിച്ചു. 21-8-2017-ലെ യോഗത്തിൽ 2016-17 വർഷത്തെ പീരിയോഡിക്കൽ റിപ്പോർട്ട് പരിഗണിച്ച് അംഗീകരിക്കുകയും 746/2016, 773/2016, 699/2016, 350/2017 എന്നീ എസ്.ആർ.ഒ. കൾ പരിശോധിച്ച് സാധൂകരിക്കുകയും ചെയ്തു. 25-10-2017-ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (I)(iii) പ്രകാരം കന്നുകാലിസമ്പത്തിന്റെ ആരോഗ്യസംരക്ഷണം, വർഗ്ഗോദ്ധാരണ പരിപാടികൾ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദന വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട സർക്കാർ പദ്ധതികൾ എന്ന വിഷയം ചർച്ച ചെയ്യുകയും 17-1-2018-ന് എസ്.ആർ.ഒ. നമ്പർ 465/2017 അനിമൽ ഹസ്ബന്ററി സ്പെഷ്യൽ റൂൾ ഭേദഗതി, സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ എന്നിവ പരിഗണിക്കുകയും ചെയ്തു. 12-2-2018 (2 യോഗങ്ങൾ) 16-2-2018 എന്നീ ദിവസങ്ങളിലെ യോഗങ്ങളിൽ സമിതിയുടെ 2018-19 സാമ്പത്തികവർഷത്തെ ബജറ്റിലെ വിവിധ ധനാഭ്യർത്ഥനകളിൽമേൽ സൂക്ഷ്മപരിശോധന

നടത്തുന്നതിനും 20-2-2018-ന് 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിനുമാണ് സമിതിയോഗങ്ങൾ ചേർന്നത്.

യോഗങ്ങളിലെ ശരാശരി ഹാജർനില 45.45% ആയിരുന്നു.

ഈ റിപ്പോർട്ട് നാല് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങളും രണ്ടാം ഭാഗത്തിൽ ചട്ടം235(1) (iii) പ്രകാരം ചേർന്ന യോഗങ്ങളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. മൂന്നാം ഭാഗത്ത് ചട്ടം 236 (5) പ്രകാരമുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സർക്കാർ യഥാസമയം സമിതിക്ക് സമർപ്പിക്കുന്നതിനുള്ള കാലതാമസം നേരിട്ടതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റുകളുടെ വിവരങ്ങളും ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷികപ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. നാലാം ഭാഗത്തിൽ സമിതി പരിഗണിച്ച ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലും സമിതിയുടെ മറ്റു റിപ്പോർട്ടു കളിലെ ശിപാർശകളിന്മേലും സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായും ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 20-6-2018-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

വി. എസ്. സുനിൽ കുമാർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I.*

തിരുവനന്തപുരം,
2018 ജൂൺ, 20.

# റിപ്പോർട്ട്

## ഭാഗം I

## സഭയിൽ സമർപ്പിച്ച സമിതി റിപ്പോർട്ടുകൾ

1. സബ്ജക്ട് കമ്മിറ്റി I-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 25-4-2017-ന് സഭയിൽ സമർപ്പിച്ചു.

2. 2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 23-5-2017-ന് സഭയിൽ സമർപ്പിച്ചു.

3. ദി കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ (അമെന്റ്മെന്റ്) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 18-8-2017-ന് സഭയിൽ സമർപ്പിച്ചു.

4. സമിതിയുടെ 1-4-2016 മുതൽ 31-3-2017 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് 22-8-2017-ന് സഭയിൽ സമർപ്പിച്ചു.

5. സബ്ജക്ട് കമ്മിറ്റി I-ന്റെ 2018-19 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 26-2-2018-ന് സഭയിൽ സമർപ്പിച്ചു

## ഭാഗം II

## ചട്ടം 235 (I) (iii) പ്രകാരം സമിതി നടത്തിയ ചർച്ച

ചട്ടം 235 (I) (iii) പ്രകാരം, കന്നുകാലി സമ്പത്തിന്റെ ആരോഗ്യ സംരക്ഷണം, വർഗ്ഗോദ്ധാരണ പരിപാടികൾ, പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദന വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട സർക്കാർ പദ്ധതികൾ എന്ന വിഷയത്തെ ആസ്പദമാക്കി 25-10-2017-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി.

1242/2018.

ഭാഗം III

**ചട്ടം 236 (5) പ്രകാരം സഭയുടെ മേശപ്പുറത്തുവച്ച ഡിലെസ്റ്റേറ്റ്മെന്റുകൾ**

| ക്രമ നമ്പർ | ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ഡിലെ സ്റ്റേറ്റ്മെന്റിന്റെ വിശദാംശം | ഡിലെ സ്റ്റേറ്റ്മെന്റിന്റെ വിശദാംശം സഭയിൽ സമർപ്പിച്ച തീയതി | | |
|---|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഡിലെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയ ഖണ്ഡികകൾ | ഡിലെ സ്റ്റേറ്റ്മെന്റ് സഭയിൽ സമർപ്പിച്ച തീയതി |
| I | 2016-17 | 1 | 81-86, 90-96, 99-103, 105-109, 112-115, 117, 120, 121 | 23-8-2017 |
| 2 | 2016-17 | 1 | 27,28 | 6-2-2018 |
| 3 | 2015-16 | 5 | 3 | 22-3-2018 |
| 4 | 2014-15 | 4 | 26 | 22-3-2018 |

**ചട്ടം 236 (6) പ്രകാരം സഭയുടെ മേശപ്പുറത്തുവച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ**

| ക്രമ നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| I | 2 | 3 | 4 |
| | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ പേര് | സാമ്പത്തിക വർഷം | |
| 1 | ക്ഷീരവികസന വകുപ്പ് | 2015-16 | 23-5-2017 |
| 2 | കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2013-14 | 23-5-2017 |

| 1 | 2 | 3 | 4 |
|---|---|---|---|
| 3 | സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് | 2015-16 | 22-8-2017 |
| 4 | കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് | 2016-17 | 22-8-2017 |
| 5 | സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് | 2016-17 | 22-8-2017 |
| 6 | കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2016-17 | 22-8-2017 |
| 7 | പശ്ചിമഘട്ടസെൽ | 2014-15 | 6-2-2018 |
| 8 | സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | 2016-17 | 6-2-2018 |
| 9 | കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം | 2016-17 | 6-2-2018 |
| 10 | മൃഗസംരക്ഷണവകുപ്പ് | 2016-17 | 6-2-2018 |
| 11 | സംസ്ഥാന ഹോർട്ടികൾച്ചറൽ മിഷൻ, കേരള | 2016-17 | 6-2-2018 |
| 12 | വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം | 2016-17 | 6-2-2018 |
| 13 | കേരള കാർഷിക സർവ്വകലാശാല | 2016-17 | 6-2-2018 |
| 14 | കേരള ആഗ്രോമെഷീനറി കോർപ്പറേഷൻ ലിമിറ്റഡ് | 2013-14 | 20-3-2018 |

## ഭാഗം IV

A. <u>സബ്ജക്ട് കമ്മിറ്റി I-ന്റെ വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ, ഈ റിപ്പോർട്ടിന്റെ കാലയളവിൽ സമിതി പരിഗണിച്ച സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ</u>

**1. 2005-06-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്**

ശിപാർശ

"തരിശു ഭൂമി നെൽകൃഷി പ്രദേശമാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കുമ്പോൾ ഒരു തവണ കൃഷി മുടങ്ങിയാൽ പമ്പിംഗ് സബ്സിഡി നൽകുകയില്ലായെന്ന വ്യവസ്ഥയിൽ ഇളവ് അനുവദിച്ച് പമ്പിംഗ് സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു."

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

"1986-ലെ കേരള പുഞ്ച പാടശേഖരങ്ങളിലെ കൃഷി ധനസഹായ ചട്ടങ്ങൾ, 2003-ലെ Kerala Irrigation and Water Conversation Act പ്രകാരം റദ്ദാക്കിയിട്ടുണ്ട്. പുഞ്ച സബ്സിഡിയിലെ നിയമങ്ങളിലും ചട്ടങ്ങളിലും വ്യക്തമായ വകുപ്പുകൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് 14-12-2016-ന് ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം പമ്പിംഗ് സബ്സിഡി സംബന്ധിച്ച് നിലവിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനാവശ്യമായ കരട് ഭേദഗതി നിയമം/റൂൾസ് അടിയന്തരമായി ലഭ്യമാക്കുവാൻ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്."

## 2. 2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

ശിപാർശ

2402-00-001-96—പഞ്ചായത്തുതല വിഭവ സർവ്വേ

2009-10 വർഷത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിഭവ ഭൂപടം തയ്യാറാക്കുന്ന ജോലി പൂർത്തിയാക്കേണ്ടതുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പൈലറ്റ് ഡെമോൺസ്ട്രേഷൻ, പ്രോജക്ടുകൾ, ബോധവൽകരണത്തിനുള്ള രേഖകൾ തയ്യാറാക്കൽ എന്നിവയും ലക്ഷ്യമിട്ടിരിക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതികളുടെ വിജയകരമായ പൂർത്തീകരണത്തിനായി 53.50 ലക്ഷം രൂപ കൂടി ഈ ഹെഡ്ഡിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷത്തിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നതു കാരണം പഞ്ചായത്ത്തല വിഭവ സർവ്വേക്കായി അധികമായി അനുവദിച്ച 53.5 ലക്ഷം രൂപ ലഭ്യമാക്കുവാനും ചിലവഴിക്കാനും സാധിച്ചിട്ടില്ല. ടി വർഷത്തിലെ ബജറ്റ് വിഹിതം പൂർണ്ണമായി ചിലവഴിച്ചിട്ടുണ്ട്.

ശിപാർശ

2402-00-001-93—മാക്രോ മാനേജ്മെന്റ് രീതിയിൽ ലാൻഡ് യൂസ് ബോർഡിന്റെ ശക്തിപ്പെടുത്തൽ (10% സംസ്ഥാന വിഹിതം)

ഈ പദ്ധതിയിൻ കീഴിൽ 60 ലക്ഷം രൂപയുടെ രൂപരേഖ തയ്യാറാക്കി സംസ്ഥാന ഭൂവിനിയോഗ ബോർഡ് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ വർഷത്തെ ബഡ്ജറ്റിൽ ഈ പ്രവർത്തനങ്ങൾക്കായി 45 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ പദ്ധതിയുടെ വിജയകരമായ പൂർത്തീകരണത്തിനാവശ്യമായ 15 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

കേന്ദ്രാവിഷ്കൃത പദ്ധതിയായ ലാന്റ് യൂസ് ബോർഡിന്റെ ശക്തിപ്പെടുത്തൽ പദ്ധതി 2009 ജൂലൈ 31-ന് അവസാനിപ്പിച്ചതായി കേന്ദ്രസർക്കാർ അറിയിച്ച സാഹചര്യത്തിൽ അധികമായി അനുവദിച്ച തുക വേണ്ടി വന്നില്ല. മേൽപ്പടി വർഷത്തിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിക്കാൻ കഴിഞ്ഞില്ല.

## 3. 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

ശിപാർശ

സബ്ജക്ട് കമ്മിറ്റി I കൃഷിയും മൃഗസംരക്ഷണവും, മത്സ്യബന്ധനവും (2011-12) റിപ്പോർട്ടിലെ 27-ാം ഖണ്ഡികയിൽ എല്ലാ കൃഷി ഭവനുകളിലും ക്ലാർക്കുമാരെ നിയമിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. സംസ്ഥാനത്തെ 1076 കൃഷി ഭവനുകളിൽ ഓരോ ക്ലാർക്കുമാരെ നിയമിക്കുന്നത് അധിക സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കുന്നതു കൊണ്ടും, നിലവിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിൽ നിയന്ത്രണം ഉള്ളതിനാലും മേൽ ശിപാർശ നടപ്പിലാക്കാൻ കഴിയില്ലെന്ന് നിയമസഭാ സമിതിയെ അറിയിച്ചിരുന്നു. പ്രസ്തുത മറുപടി സമിതി പരിഗണിക്കുകയും, കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ജീവനക്കാരുടെ എണ്ണം കുറവായതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകളും പ്രവർത്തനങ്ങളിലെ ന്യൂനതകളും സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

(ഖണ്ഡിക 27-ന്റെ അധിക നിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെയും കേന്ദ്ര-സംസ്ഥാന കാർഷിക വികസന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ചുമതല കൃഷി ആഫീസർമാർക്കാണ്. രണ്ടോ, മൂന്നോ കൃഷി അസിസ്റ്റന്റുമാരുടെ സഹായത്തോടയാണ് ഓരോ പഞ്ചായത്തിലേയും എല്ലാവിധ കാർഷിക വികസന പ്രവർത്തനങ്ങളും കൃഷി ഓഫീസർമാർ നിർവ്വഹിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക വികസന പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരും കൃഷി ഓഫീസർമാരാണ്. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല കൃഷി ഭവനിലെ ഓഫീസ് മേധാവിയും കൃഷി ഓഫീസർ/കൃഷി ഫീൽഡ് ഓഫീസറാണ്.

കൃഷിയിടങ്ങളിലെ സന്ദർശനം, വിജ്ഞാന, വ്യാപന പ്രവർത്തികൾ, കർഷകർക്കുള്ള സാങ്കേതികോപദേശം എന്നിവയ്ക്ക് പുറമേ കർഷകർക്ക് സബ്സിഡി/ധനസഹായം ലഭിക്കുന്നതിനുള്ള സ്റ്റേറ്റുമെന്റുകൾ (ക്ലെയിം) തയ്യാറാക്കൽ, ക്യാഷ് ബുക്കിന്റെ ചുമതല തുടങ്ങിയ എല്ലാ ദൈനംദിന ആഫീസ് ജോലികളും ഈ സാങ്കേതിക വിഭാഗം ജീവനക്കാരാണ് ചെയ്തുപോരുന്നത്. കൂടാതെ പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന നാശനഷ്ടം പരിശോധിക്കൽ, കാർഷിക പെൻഷൻ സംബന്ധമായ അന്വേഷണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനംമെന്ന നിലയ്ക്ക് പഞ്ചായത്തധികൃതർ നിർദ്ദേശിക്കുന്ന കൃഷി വികസനവും, മറ്റു കർഷക സേവനവുമായി ബന്ധപ്പെട്ട ജോലികൾ എന്നിവയെല്ലാം ഈ ജീവനക്കാർക്ക് ചെയ്യേണ്ടി വരുന്നുണ്ട്. കൃഷി ഭവനിൽ ലഭിക്കുന്ന ദൈനംദിന തപാലുകൾ രജിസ്റ്റർ ചെയ്യുക, കർഷകർക്ക് അപേക്ഷാ ഫോറങ്ങൾ വിതരണം ചെയ്യുക, ജീവനക്കാരുടെ ശമ്പള ബിൽ തയ്യാറാക്കുക, ട്രഷറിയിൽ നിന്നും ബിൽ മാറുക തുടങ്ങിയ ജോലികളും ഈ ജീവനക്കാർ തന്നെയാണ് ചെയ്യുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിനു തന്നെ ധാരാളം സമയം ആവശ്യമാണെന്നിരിക്കെ കാർഷിക വികസന കർഷക ക്ഷേമവകുപ്പ് മുഖേന നടപ്പിലാക്കുന്ന സുപ്രധാനമായ കേന്ദ്ര/സംസ്ഥാന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കർഷകരുടെ ഫീൽഡ്തല പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഉപയോഗപ്പെടേണ്ടുന്ന സമയം മേൽ ക്ലറിക്കൽ ജോലികൾ കൂടി ചെയ്യുന്നതുമൂലം അപഹരിക്കപ്പെട്ടുപോകുന്ന സ്ഥിതി വിശേഷമാണ് നിലവിലുള്ളത്.

കേന്ദ്ര/സംസ്ഥാന സർക്കാരുടെ 1086 കോടിയോളം രൂപയുടെ പദ്ധതികൾക്ക് പുറമെ ജനകീയാസൂത്രണ പദ്ധതികളും കൃഷി ഭവൻ ഉദ്യോഗസ്ഥർ മുഖാന്തരമാണ് നടപ്പിലാക്കുന്നത്. സാങ്കേതിക ജോലികൾക്ക പുറമെയാണ് ഓഫീസ് ജോലികൾ കൂടി ഈ സാങ്കേതിക ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ടത്. ബഹു. സെൻ കമ്മിറ്റിയുടെ ശിപാർശ

പ്രകാരം 2002 വർഷം മുതൽ വിവിധ വകുപ്പുകളിൽ നിന്നായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 1302 ക്ലാർക്കുമാരെ പുനർ വിന്യസിച്ചിട്ടുള്ളതിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നിന്നും 334 ക്ലാർക്കുമാരെ പുനർവിന്യസിച്ചിരുന്നു. 2002-ന് ശേഷം നിരവധി പുതിയ കാർഷിക പദ്ധതികൾ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ആവിഷ്കരിച്ച് നടപ്പിലാക്കിയതിന്റെ ഫലമായി ആഫീസുകളിൽ ക്ലാർക്കുമാരുടെ ജോലി ഭാരം ഇരട്ടിയ്ക്കുന്ന സ്ഥിതിയാണുണ്ടായത്.

സംസ്ഥാനത്തെ 1076 കൃഷി ഭവനുകളിലും ഒരു ക്ലറിക്കൽ തസ്തിക വീതം സൃഷ്ടിക്കണമെന്നുള്ള കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടറുടെ ശിപാർശ സബ്ജക്ട് കമ്മിറ്റിയുടെ വിലയിരുത്തൽ കൂടി കണക്കിലെടുത്ത് ഉന്നതതല ശിപാർശ സഹിതം ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അംഗീകാരത്തോടെ ധനകാര്യവകുപ്പിന് വീണ്ടും നൽകിയപ്പോൾ ടി വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി:

"അധിക സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കുവാൻ ഇപ്പോൾ സംസ്ഥാനത്തിന് കഴിയാത്ത സാഹചര്യമായതിനാൽ പുതിയ തസ്തികകൾ സൃഷ്ടിക്കാനുള്ള നിർദ്ദേശം പരിഗണിക്കാൻ നിർവ്വാഹമില്ല എന്നും ധനകാര്യ എക്സ്പെൻഡിച്ചർ കമ്മിറ്റിയുടെ (Committee of Secretaries) പഠന റിപ്പോർട്ട് അന്തിമമാകുന്നമുറയ്ക്ക് പുനർവിന്യാസത്തെ കുറിച്ച് ചിന്തിക്കാവുന്നതാണ്" എന്നാണ് അറിയിച്ചിട്ടുള്ളത്.

ആയതിനാൽ ഇക്കാര്യം സംബന്ധിച്ച് ധനകാര്യവകുപ്പ് അന്തിമ തീരുമാനമെടുക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## 4. 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

ശിപാർശ

2401-00-113-83—കാർഷിക സേവന കേന്ദ്രവും സേവനം എത്തിക്കലും

കർഷകർക്ക് മികച്ച സേവനം നൽകുന്നതിനും വിജ്ഞാന വ്യാപന പ്രവർത്തനം നിർവ്വഹിക്കുന്നതിനുമുള്ള സ്ഥാപനങ്ങളായി കൃഷി ഭവനുകളെ സജ്ജമാക്കുന്ന പദ്ധതി വിഭാവനം ചെയ്യുന്നതിനാൽ സാങ്കേതികവിദ്യാ കൈമാറ്റത്തിനും സേവന വിതരണത്തിനും മറ്റു തുടർ പ്രവർത്തനങ്ങൾക്കുമായി 2013-14 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അധികമായി 805 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷം കാർഷിക സേവന കേന്ദ്രവും സേവനം എത്തിക്കലും തുടർ പദ്ധതിയ്ക്കായി 2401-00-113-83 (പദ്ധതി) ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 295 ലക്ഷം രൂപ വകയിരുത്തിയിരുന്നു. സബ്ജക്ട് കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സാമ്പത്തിക വർഷത്തെ ആദ്യ ഉപധനാഭ്യർത്ഥന പ്രകാരം 100 ലക്ഷം രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിക്കുക യുണ്ടായില്ല. തുടർന്ന് അന്തിമ ഉപധനാഭ്യർത്ഥനയിലും അധിക തുക ആവശ്യപ്പെട്ടിരുന്ന വെങ്കിലും വിഹിതം അനുവദിച്ചു നൽകിയില്ല. എന്നാൽ പ്രസ്തുത പദ്ധതി സംബന്ധിച്ച് ഒരുമൂലധന ശീർഷകം (4401-00-113-98) വഴി ആനുപാതികമായ വർദ്ധിച്ച നിരക്കിലുള്ള ബഡ്ജറ്റ് വിഹിതം വകയിരുത്താറുണ്ട്. നടപ്പു വർഷം പ്രസ്തുത മൂലധന ശീർഷകത്തിൽ കാർഷിക സേവന കേന്ദ്രങ്ങളുടെ സ്ഥാപനത്തിനായി 11.65 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

കൃഷി ഭവനുകൾ വഴി പച്ചത്തേങ്ങ സംഭരിക്കുന്ന പദ്ധതി ഊർജ്ജിത പ്പെടുത്തുന്നതിനും കൂടുതൽ കൃഷി ഭവനുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുമായി എസ്.ഡി.ജി. മുഖാന്തരം തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

(ശിപാർശ 24,36 അധികവിവരം)

സ്വീകരിച്ച നടപടി

പച്ചത്തേങ്ങ സംഭരണത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുവാൻ ഉപധനാഭ്യർത്ഥനകൾ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിക്കുക യുണ്ടായില്ല. എന്നാൽ നടപ്പ് സാമ്പത്തിക വർഷം മുൻ വർഷങ്ങളെ അപേക്ഷിച്ച് 50% കൂടുതൽ തുക പ്രസ്തുത പൊതു ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

'റൈസ് ബയോപാർക്കുകളുടെ സ്ഥാപിക്കൽ' എന്ന പദ്ധതി നടത്തിപ്പിലേക്കായി 10 കോടി അധികമായി വകയിരുത്തണം.

(ഖണ്ഡിക 25 അധികവിവരം)

സ്വീകരിച്ച നടപടി

2012-2013 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന റൈസ് ബയോപാർക്ക് എന്ന പദ്ധതിക്കായി തുകയൊന്നും കഴിഞ്ഞ മൂന്ന് സാമ്പത്തിക

വർഷങ്ങളിലേയും ഉപധനാഭ്യർത്ഥനയിലൂടെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമായിട്ടില്ല 2014-2015 സാമ്പത്തിക വർഷത്തിലെ ആദ്യത്തെ ഉപധനാഭ്യർത്ഥന പ്രൊപ്പോസലിലൂടെ (2014 മേയ്) റൈസ് ബയോപാർക്കിനായി 10 കോടി രൂപ 4401-00-190-91 പ്ലാൻ ശീർഷകത്തിൽ ആവശ്യപ്പെട്ടുവെങ്കിലും 1000 രൂപ ടോക്കൺ തുക മാത്രമാണ് അനുവദിച്ചിരുന്നത്. രണ്ടാമത്തെ ഉപധനാഭ്യർത്ഥനയിലൂടെ 4401-00-190-89 എന്ന ശീർഷകത്തിൽ റൈസ് ബയോപാർക്കിനായി 25 കോടി രൂപ ആവശ്യപ്പെട്ടതിൽ റൈസ് ബയോപാർക്ക് സ്ഥാപിക്കുന്നതിനായി 10 കോടി രൂപ ഉൾപ്പെട്ടിട്ടുണ്ട്. തുടർന്ന് റീ അപ്രോപ്രിയേഷൻ മുഖേന റൈസ് ബയോപാർക്കിനായി 4401-00-190-89 പ്ലാൻ ശീർഷകത്തിൽ 5 കോടി രൂപയും ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക ലഭിച്ചിരുന്നില്ല.

നടപ്പുസാമ്പത്തിക വർഷം 2016-17-ൽ പുതിയ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സമർപ്പിച്ച ബജറ്റിന്റെ മെമ്മോറാണ്ടം ഓഫ് ആൾട്ടറേഷൻസ് പ്രൊപ്പോസലിൽ റൈസ് ബയോപാർക്ക് സ്ഥാപിക്കുന്നതിന് 10 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. 2016-17-ൽ സംസ്ഥാനത്ത് ജില്ലാ ഫാമുകളുടെ സ്ഥലം ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത കാർഷികോത്പന്നങ്ങൾക്ക് വേണ്ടിയുള്ള ചെറുകിട ഇടത്തരം ആഗ്രോ-പാർക്കുകളുടെ ശൃംഖല സ്ഥാപിക്കുന്നതിനായി പ്രത്യേക നിക്ഷേപ നിധിയിൽ നിന്നും 500 കോടി രൂപ നീക്കി വയ്ക്കുന്നതായി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പാലക്കാട്, ആലപ്പുഴ, എറണാകുളം ജില്ലകളിലാണ് നെല്ലിനെ ആസ്പദമാക്കിയുള്ള അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നത്. സബ്ജക്ട് കമ്മറ്റി ശിപാർശ ചെയ്ത റൈസ് ബയോപാർക്ക് എന്ന പദ്ധതി മേൽ വിവരിച്ച അഗ്രോ പാർക്കുകളുടെ ശൃംഖല സ്ഥാപിക്കുന്നതിലൂടെ യാഥാർത്ഥ്യമാകുന്നതാണ്.

## ശിപാർശ

2404-00-001-99-21-1—ഡയറക്ടറേറ്റ്- മോട്ടോർ വാഹനങ്ങൾ

2012-13-ൽ ഭരണാനുമതി ലഭിച്ച 7 വാഹനങ്ങളിൽ 6 വാഹനം വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഒരു വാഹനം കൂടി ഈ സാമ്പത്തിക വർഷം വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

## സ്വീകരിച്ച നടപടി

2015-16 വർഷത്തെ അവസാന റീ-അപ്രോപ്രിയേഷൻ പ്രൊപ്പോസൽ മുഖേന വാഹനം വാങ്ങുന്നതിനായി തുക കണ്ടെത്തുകയും 31-3-2016 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 31/2016/എഡി ഉത്തരവ് പ്രകാരം വാഹനം വാങ്ങുന്നതിന് അനുമതി നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 31-3-2016-ൽ വാഹനം വാങ്ങുകയും ചെയ്തിട്ടുള്ളതാണ്.

ശിപാർശ

2404-00-001-99-21-2—ഡയറക്ടറേറ്റ്-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

വാഹനങ്ങളുടെ സ്പെയർ പാർട്ടുകൾ വാങ്ങുന്നതിനും റിപ്പയർ ചാർജ്ജിനായും 37,000/- രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -74)

സ്വീകരിച്ച നടപടി

2013-14 വർഷത്തെ അവസാന റീ അപ്രോപ്രിയേഷൻ മുഖാന്തരം 5000/- രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിച്ചിരുന്നു.

ശിപാർശ

2404-00-001-99-17—ഡയറക്ടറേറ്റ്-ചെറുകിട മരാമത്ത് പണികൾ

ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന പഴക്കമേറിയ കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ, ക്ഷീര പരിശീലന കേന്ദ്രത്തിൽ വെറ്ററിനറി സർവ്വകലാശാലയ്ക്ക് പരിശീലന പരിപാടികൾ നടത്തുന്നതിനായുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ, അതോടൊപ്പം ഡയറക്ടറേറ്റ് കെട്ടിടത്തിൽ ഒരു കോൺഫറൻസ് ഹാളിന്റെ നിർമ്മാണം കൂടാതെ ഡയറക്ടറേറ്റിലേക്കുള്ള സബ് റോഡിന്റെ അറ്റകുറ്റപണി എന്നിവ അടിയന്തരമായി നിർവ്വഹിക്കേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 250 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സ്വീകരിച്ച നടപടി

2013-14 വർഷത്തേയ്ക്കുള്ള ആദ്യ ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ വിഭവ ലഭ്യതയുടെ പരിമിതിമൂലം തുക അനുവദിച്ചിട്ടില്ല. തുടർന്ന് 2014-15, 2015-16, 2016-17 വർഷങ്ങളിലെ ധനാഭ്യർത്ഥനകളിലും ഉപധനാഭ്യർത്ഥനകളിലും തുക ആവശ്യപ്പെട്ടിരുന്നെങ്കിലും അനുവദിച്ചിട്ടില്ല.

ശിപാർശ

2404-00-001-98-04-1—ജില്ലാഭരണം-യാത്രാ ബത്ത

14 ജില്ലാ ഓഫീസുകളിലെ ജീവനക്കാരുടെ യാത്രാബത്തക്കുടിശ്ശിക, റിട്ടയർ ചെയ്ത ജീവനക്കാരുടെ റ്റി.എ. കുടിശ്ശിക എന്നിവയ്ക്ക് ഈ ശീർഷകത്തിൽ അധികമായി 13.86 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

<u>സ്വീകരിച്ച നടപടി</u>

2013-14 വർഷത്തേയ്ക്കുള്ള ആദ്യ ഉപധനാഭ്യർത്ഥനയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവ ലഭ്യതയുടെ പരിമിതിമൂലം തുക അനുവദിച്ചിട്ടില്ല

<u>ശിപാർശ</u>

2404-00-001-98-21-1—<u>ജില്ലാ ഭരണം-മോട്ടോർ വാഹനം വാങ്ങൽ</u>

പ്രവർത്തനക്ഷമമല്ലാത്തതും കാലപ്പഴക്കമുള്ളതുമായ 6 വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 35 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്തതു പോലെ അധിക തുകയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും വിഭവലഭ്യതയുടെ പരിമിതിമൂലം തുക അനുവദിച്ചിട്ടില്ല

<u>ശിപാർശ</u>

2404-00-001-97-04-1—<u>വികസന പ്രവർത്തന ഘടകങ്ങൾ യാത്രാ ചെലവുകൾ-യാത്രാ ബത്ത</u>

152 ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റുകളിലെ ജീവനക്കാർക്കും റിട്ടയർ ചെയ്ത ജീവനക്കാർക്കും യാത്രാബത്ത കുടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിൽ അധികമായി 6.38 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 79)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത അധിക തുകയ്ക്കായി 2013-14-ലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും വിഭവലഭ്യതയുടെ പരിമിതിമൂലം തുക അനുവദിച്ചിട്ടില്ല. 2014-15, 2015-16, 2016-17 വർഷത്തെ ധനാഭ്യർത്ഥനയിലും പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും വിഭവലഭ്യതയുടെ പരിമിതിമൂലം തുക അനുവദിച്ചിട്ടില്ല

ശിപാർശ

2404-00-102-96—ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ

20 ഡയറി ഫ്രൺലി പഞ്ചായത്തുകളിൽ ക്ഷീര വികസന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ക്ഷീര വികസന വകുപ്പിന്റെ വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾക്കും ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സ്വീകരിച്ച നടപടി

2013-14 വർഷത്തേക്കുള്ള ആദ്യ ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവലഭ്യതയുടെ പരിമിതിമൂലം തുക അനുവദിച്ചിട്ടില്ല

ശിപാർശ

2404-00-109-95—ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ

നാല് പ്രധാന ചെക്ക് പോസ്റ്റുകളിൽ സ്ഥിരം പരിശോധനാ സംവിധാനം ഏർപ്പെടുത്തൽ, രണ്ട് പുതിയ റീജിയണൽ ലബോറട്ടറികളുടെ പ്രവർത്തനം ആരംഭിക്കൽ, മൊബൈൽ ഗുണ നിയന്ത്രണ ലബോറട്ടറികൾ സ്ഥാപിക്കൽ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ സാമ്പത്തിക വർഷം 200 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

സ്വീകരിച്ച നടപടി

2013-14 വർഷത്തേക്കുള്ള ആദ്യ ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവലഭ്യതയുടെ പരിമിതിമൂലം തുക അനുവദിച്ചിട്ടില്ല. എന്നാൽ 2013-14, 2014-15, 2015-16 വർഷങ്ങളിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി കോട്ടയം, കാസർഗോഡ് റീജിയണൽ ലാബുകൾക്കായി 299.38 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ 2016-17 വർഷം പരിശോധനാ സംവിധാനം ഒരുക്കാനായി നടപടി സ്വീകരിച്ചു വരുന്നു.

## 5. 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

<u>ശിപാർശ</u>

2401-00-104-81—<u>സമഗ്ര പൂന്തോട്ട പദ്ധതി</u>

2013-14 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് സംയോജിത മാതൃകാ പൂന്തോട്ട പദ്ധതി. ഒരു ഏക്കർ വരെയുള്ള കൃഷിയിടത്തിൽ വിവിധതരം കാർഷിക-ഫല-പുഷ്പ വിളകളോടൊപ്പം മൂന്നോ അതിലധികമോ കാർഷികേതര മേഖലകൾ സംയോജിപ്പിച്ചുകൊണ്ട് പുതിയ ചെറുകിട മാതൃകാ കൃഷിത്തോട്ടങ്ങൾ സജ്ജീകരിക്കുന്ന സംരംഭകർക്ക് പ്രോത്സാഹനം എന്ന നിലയ്ക്ക് ഏക്കറിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതാണ് ഈ പദ്ധതി. ഓരോ പഞ്ചായത്തിലും ഇത്തരം പത്ത് കൃഷിത്തോട്ടങ്ങൾ എന്ന നിരക്കിൽ 10000 സംയോജിത മാതൃകാ കൃഷിത്തോട്ടങ്ങൾ സംസ്ഥാനമൊട്ടാകെ സജ്ജീകരിക്കുന്നതാണ്. ഒരു യൂണിറ്റിൽ കാർഷിക-ഫല-പുഷ്പ വിളകൾക്കൊപ്പം കോഴി/കാട/മുയൽ/താറാവ്/ടർക്കി/മത്സ്യം/തേനീച്ച/കൂൺ എന്നിവയിൽ ഏതെങ്കിലും മൂന്ന് ഘടകങ്ങൾകൂടി ഉൾപ്പെടും. 10 കോടി രൂപയുടെ പദ്ധതിക്ക് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ അനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷത്തേക്ക് 1000 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2 അധിക നിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷത്തിലെ അധിക ധനാഭ്യർത്ഥന ഒന്നാം ബാച്ചിലും (7/2014) രണ്ടാം/ഫൈനൽ ബാച്ചിലും (12/2014) സമഗ്ര പൂന്തോട്ട പദ്ധതിയ്ക്കായി 2401-00-104-81-പ്ലാൻ ശീർഷകത്തിൽ 37.70 ലക്ഷം രൂപ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ പ്രസ്തുത പദ്ധതിക്കായി തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല. ആയതിനാൽ ടി പദ്ധതി നടപ്പിലാക്കുവാനും സാധിച്ചില്ല.

<u>ശിപാർശ</u>

2401-00-108-36—<u>അടയ്ക്കാ കർഷകർക്കുള്ള പ്രത്യേക പദ്ധതി</u>

2014-15-ലെ ബജറ്റിൽ കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർക്കായി പത്ത് കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ള മാതൃകയിൽ മറ്റ് ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 2500 ലക്ഷം രൂപ അനുവദിക്കുക.

(ഖണ്ഡിക 4 അധിക നിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർക്കായി 2014-15 വർഷ ബഡ്ജറ്റിൽ 10 കോടി രൂപ പ്രഖ്യാപിച്ചുവെങ്കിലും തുക ലഭ്യമാകാത്തതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ആയതിനാൽ മറ്റ് ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം സമർപ്പിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടില്ല.

<u>ശിപാർശ</u>

2402-00-101-84—<u>പഞ്ചായത്ത് തലത്തിലുള്ള വിശദമായ മണ്ണ് പര്യവേഷണം</u>

പഞ്ചായത്ത് തലത്തിലുള്ള വിശദമായ മണ്ണ് പര്യവേഷണത്തിനായി സോയിൽ കൺസർവേഷൻ വകുപ്പിന് 40 ലക്ഷം രൂപ അധികം അനുവദിക്കുക.

(ഖണ്ഡിക 15 അധിക നിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

2014-ൽ തുക അനുവദിക്കുന്നതിന് ഉപധനാഭ്യർത്ഥന മുഖാന്തരം ആവശ്യപ്പെട്ടെങ്കിലും ഫണ്ട് അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

2402-00-101-83—<u>സോയിൽ മ്യൂസിയം</u>

സോയിൽ മ്യൂസിയത്തിനായി സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള 140 ലക്ഷം രൂപ അനുവദിക്കുക.

(ഖണ്ഡിക 16 അധിക നിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

2014-ൽ ഉപധനാഭ്യർത്ഥന പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

2402-00-102-87—<u>മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ</u>

ശാസ്ത്രീയ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 500 ലക്ഷം രൂപ അനുവദിക്കുക.

(ഖണ്ഡിക 17 അധിക നിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

2014-ൽ ഉപധനാഭ്യർത്ഥന (SDG) പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചില്ല.

<u>ശിപാർശ</u>

2415-03-277-99—<u>കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി</u>

കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാലയിൽ 2014-15 സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന ഗവേഷണം, വിദ്യാഭ്യാസം, ഫാമുകളുടെ വികസനം, അടിസ്ഥാന സൗകര്യമൊരുക്കൽ, ഭക്ഷണം, വിജ്ഞാന വ്യാപനം തുടങ്ങിയ പ്രവർത്തനങ്ങൾക്കു വേണ്ടിവരുന്ന അധിക ബാധ്യത കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി കാരണം അധിക വിഹിതം അനുവദിക്കുവാൻ കഴിയില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. (പദ്ധതി വിഹിതത്തിൽ നീക്കിവെച്ച 35 കോടിയിൽ 21 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്). 2015 മേയ് പകുതിയോടെ 10 കോടി രൂപ അനുവദിച്ചതോടു കൂടി ആകെ 21 കോടി രൂപ അനുവദിക്കുന്നതിന് മാത്രമേ സാമ്പത്തിക പ്രയാസംമൂലം കഴിഞ്ഞിട്ടുള്ളൂ. 2015-16 സാമ്പത്തിക വർഷത്തിൽ തന്നെ ബാക്കി തുകയ്ക്ക് വേണ്ടി സർവ്വകലാശാല അഭ്യർത്ഥിച്ചെങ്കിലും പിന്നീടും ധനകാര്യ വകുപ്പ് പ്രസ്തുത അപേക്ഷ നിരസിക്കുകയാണ് ചെയ്തത്. ഈ സാഹചര്യത്തിൽ അധിക തുക അനുവദിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

<u>ശിപാർശ</u>

2415-03-277-99-31—<u>കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി സഹായധനം-ശമ്പളം</u>

കേരള കാർഷിക സർവ്വകലാശാലയുടെ വിഭജനത്തെത്തുടർന്ന് കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാലയിലേക്ക് നിയമിതരായ അധ്യാപക/അനദ്ധ്യാപക, തൊഴിലാളി വിഭാഗങ്ങളുടെ പി.എഫ്., ശമ്പള പരിഷ്കരണ കുടിശ്ശിക എന്നീ ഇനങ്ങൾക്കായി ആകെ 2833 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

പ്രൊവിഡന്റ് ഫണ്ട് തുക അനുവദിക്കുന്നതിലേക്കായി 15-9-2015-ലെ സ.ഉ.(സാധാ.) നമ്പർ 1547/15/എ.ഡി. ഉത്തരവ് പ്രകാരം 7.32 കോടി രൂപ ഭാവിയിലെ പദ്ധതിയിതര ഗ്രാന്റിൽ നിന്ന് കുറവ് ചെയ്യുമെന്ന നിബന്ധനയോടെ പ്രത്യേക ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2403-00-190-93—എം.പി.ഐ.യ്ക്ക് സഹായം

ഈ ശീർഷകത്തിൽ ഓഫീസ് ആധുനികവത്കരണത്തിനും സോഫ്റ്റ്‌വെയർ വിപുലീകരണത്തിനുമായി 50 ലക്ഷം രൂപയും വിപണിയിൽ എം.പി.ഐ. യുടെ സാന്നിദ്ധ്യം ശ്രദ്ധേയമാക്കുന്നതിന് പരസ്യം നൽകുന്നതിന് 35 ലക്ഷം രൂപയും ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്‌മെന്റ് ഇനത്തിൽ ജീവനക്കാരുടെ 45 വർഷം പഴക്കമുള്ള ക്വാർട്ടേഴ്സുകളും മറ്റടിസ്ഥാന സൗകര്യങ്ങളും വിപുലപ്പെടുത്തുന്നതിനുമായി 125 ലക്ഷം രൂപയും മുണ്ടയാട് തുടങ്ങുവാൻ ഉദ്ദേശിക്കുന്ന കോഴിയിറച്ചി സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 100 ലക്ഷം രൂപയും ചാലക്കുടിയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ആധുനിക മാംസ സംസ്കരണ പദ്ധതിക്ക് അധികമായി 185 ലക്ഷം രൂപയും ചേർത്ത് ആകെ 495 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സ്വീകരിച്ച നടപടി

ഓഫീസ് ആധുനികവത്ക്കരണത്തിനുള്ള പദ്ധതിക്ക് DPR തയ്യാറാക്കി മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം അനുമതി നൽകിയിട്ടില്ല. സോഫ്റ്റ്‌വെയർ വിപുലീകരണം, വിപണിയിൽ സാന്നിദ്ധ്യം ശ്രദ്ധേയമാക്കുന്നതിന് പരസ്യം നൽകൽ, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ഇനത്തിൽ ജീവനക്കാരുടെ ക്വാർട്ടേഴ്സും മറ്റ് അടിസ്ഥാന സൗകര്യങ്ങളും വിപുലപ്പെടുത്തുന്നതിനുള്ള പദ്ധതി നിർദ്ദേശം ലഭ്യമായിട്ടില്ല. മുണ്ടയാട് കോഴിയിറച്ചി സംസ്കരണ ഫാക്ടറിക്ക് സ്ഥലം ലഭ്യമാക്കുന്നതിനും ഭരണാനുമതിക്കുമുള്ള നടപടി എടുത്തുവരുന്നു. മേൽ പദ്ധതികൾക്ക് ഭരണാനുമതി നൽകിയതിന് ശേഷം മാത്രമേ തുക റിലീസ് ചെയ്യാൻ കഴിയൂ. ആയതിനാൽ അടിയന്തരമായി തുക ആവശ്യമില്ല. ചാലക്കുടി പദ്ധതി പ്രദേശം പരിസ്ഥിതിലോല പ്രദേശമായതിനാൽ ക്ലിയറൻസ് ലഭ്യമായതിന് ശേഷം മാത്രമേ നിർമ്മാണം തുടങ്ങുവാൻ സാധിക്കൂ. ആയതിനാൽ, ഇതിനായി നീക്കി വെച്ച 3.15 കോടി രൂപ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ എടയാർ പദ്ധതികൾക്കായി വക മാറ്റി അനുവദിച്ചിട്ടുണ്ട്. [14-7-2015-ലെ സ.ഉ (സാധാ.) 1204/15/എ.ഡി].

ശിപാർശ

6403-00-190-99-02—എം.പി.ഐ.യുള്ള വായ്പാ ധനസഹായം (ആർ.ഐ.ഡി.എഫ്.)

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയ്ക്കുള്ള വായ്പ എന്ന ശീർഷകത്തിൽ 2009-10 സാമ്പത്തിക വർഷം ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ അനുവദിച്ച 190 ലക്ഷം രൂപയിൽ 27 ലക്ഷം രൂപ കുടിശ്ശികയായി ലഭ്യമാക്കാനുണ്ടെന്ന് മനസ്സിലാക്കിയതിനാൽ ഈ ശീർഷകത്തിൽ 27 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

11-11-2014-ലെ സ.ഉ (സാധാ.) നമ്പർ 2011/14/എ.ഡി. ഉത്തരവ് പ്രകാരം 27 ലക്ഷം രൂപ ഈ വകയിൽ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

6403-00-190-98—മീറ്റ് പ്രോസസിംഗ് പ്ലാന്റും ആധുനിക അറവുശാലയും സ്ഥാപിക്കുന്നതിന് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്കുള്ള വായ്പ (നബാർഡ് 15-ാം ആർ.ഐ.ഡി.എഫ്. പദ്ധതി)

2010-11 സാമ്പത്തിക വർഷം വയനാട്ടിലെ സുൽത്താൻ ബത്തേരിയിൽ ഒരു ആധുനിക അറവുശാല സ്ഥാപിക്കുന്നതിന് RIDF പദ്ധതിയിലൂടെ 10 കോടി രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ ഇതുവരെ 925.80 ലക്ഷം രൂപ മേൽപ്പറഞ്ഞ സൊസൈറ്റിക്ക് നൽകികഴിഞ്ഞു. 39.71 ലക്ഷം രൂപക്ക് ബഡ്ജറ്റിൽ തുക അധികമായി ഉൾക്കൊള്ളിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള 34.49 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സ്വീകരിച്ച നടപടി

ഇത് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ട വിഷയമല്ല.

ശിപാർശ

6403-00-190-99-01—മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യക്കുള്ള വായ്പ

ഇടയാറിലെ ആധുനിക മാംസസംസ്കരണ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും 1436 ലക്ഷം രൂപയും ആർ.ഐ.ഡി.എഫ്. വിഹിതമായി 649 ലക്ഷം രൂപയും

അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതമായി ലഭിക്കേണ്ട 642 ലക്ഷം രൂപയിൽ 150 ലക്ഷം രൂപ മാത്രമാണ് ഈ ശീർഷകത്തിൽ 2013-14-ൽ അനുവദിച്ചിട്ടുള്ളത്. സംസ്ഥാന വിഹിതത്തിലെ ബാക്കി തുകയായ 492 ലക്ഷം രൂപ കൂടി ഗ്രാന്റ്-ഇൻ-എയ്ഡായി 2014-15-ൽ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

31.02 കോടി രൂപ പദ്ധതി ചെലവുള്ള ഇടയാറിലെ ആധുനിക മാംസ സംസ്കരണ പദ്ധതിക്ക് സംസ്ഥാന വിഹിതം 642 ലക്ഷം രൂപയാണ്. ഇതിൽ 2013-14-ൽ 150 ലക്ഷവും [സ.ഉ.(സാധാ.) നമ്പർ 659/14/എ.ഡി. തീയതി 26-3-2014], 2014-15-ൽ 100 ലക്ഷവും [സ.ഉ.(സാധാ.) നമ്പർ 688/15/എ.ഡി. തീയതി 30-3-2015], 2015-16-ൽ 315 ലക്ഷം രൂപയും [സ.ഉ.(സാധാ.) നമ്പർ 5607/15/എ.ഡി. തീയതി 11-6-2015] നൽകിയിട്ടുണ്ട്. ഈയിനത്തിൽ ഇനി 77 ലക്ഷം രൂപ കൂടി നൽകാനുണ്ട്.

ശിപാർശ

കോഴിക്കോട് ജില്ലയിൽ ചേമഞ്ചേരി പഞ്ചായത്തിൽ തിരുവങ്ങൂരിൽ പ്രതിദിനം 300 ടൺ ഉല്പാദനശേഷിയുള്ള ഒരു ഹൈടെക് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിലേക്കുള്ള ധനസഹായമായി 800 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

ഇതിന് താഴെ പറയുന്ന തുകകൾ ഇതുവരെ റിലീസ് ചെയ്തിട്ടുണ്ട്:

| സർക്കാർ ഉത്തരവ് | തീയതി | തുക (കോടി) | സാമ്പത്തിക വർഷം/ തരം |
|---|---|---|---|
| 78/13 | 26-3-2013 | 4.5 | 2012-13 |
| 330/14 | 19-2-2014 | 3 | 2013-14 |
| 1910/14 | 23-10-2014 | 2 | വായ്പ 2014-15 |
| 599/14 | 19-3-2014 | 7 | ആർ.ഐ.ഡി.എഫ്. |
| 2040/14 | 15-11-2014 | 5 | ആർ.ഐ.ഡി.എഫ്. |
| ആകെ | | 21.5 കോടി | |

2014-ൽ തന്നെ 17 കോടി രൂപ ഈയിനത്തിൽ അനുവദിച്ചിട്ടുള്ളതായി കാണാവുന്നതാണ്. സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി കാരണം അധിക വിഹിതം അനുവദിക്കാൻ കഴിയില്ലെന്ന് ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ഇത് ഉപയോഗിച്ച് തീർന്നശേഷം ഉപയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് വരുന്ന സാമ്പത്തിക വർഷത്തിൽ അനുവദിക്കാവുന്നതാണ്.

<u>ശിപാർശ</u>

ഇടുക്കി പാക്കേജിന്റെ ഭാഗമായി 500 ടൺ ഉൽപ്പാദനശേഷിയുള്ള ഒരു ഹൈടെക് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിലേക്കുള്ള വിഹിതമായി 700 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

<u>സ്വീകരിച്ച നടപടി</u>

ഇതിന് താഴെപ്പറയുന്ന തുകകൾ ഇതുവരെ റിലീസ് ചെയ്തിട്ടുണ്ട്:

| സർക്കാർ ഉത്തരവ് | തീയതി | തുക (കോടി) | സാമ്പത്തിക വർഷം / തരം |
|---|---|---|---|
| 677/14 | 27-3-2014 | 2 | 2013-14 |
| 1995/14 | 6-11-2014 | 2 | 2014-15 |
| 677/15 | 28-3-2015 | 4 | 2014-15 |
| ആകെ | | 8 കോടി | |

സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി കാരണം അധിക വിഹിതം അനുവദിക്കുവാൻ കഴിയില്ലെന്ന് ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ഇത് ഉപയോഗിച്ച് തീർന്ന ശേഷം ഉപയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് വരുന്ന സാമ്പത്തിക വർഷത്തിൽ അനുവദിക്കാവുന്നതാണ്.

<u>ശിപാർശ</u>

സമീകൃത കാലിത്തീറ്റയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ഫീഡ് അനലിറ്റിക്കൽ ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള വിഹിതമായ 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സ്വീകരിച്ച നടപടി

ഇത് സ്ഥാപിക്കുന്നതിന് തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടില്ല മാത്രമല്ല സമാനമായ ആവശ്യത്തിലേക്ക് കേന്ദ്ര സർക്കാർ നാഷണൽ ഡയറി ഡെവലപ്പ്മെന്റ് വഴി 1 കോടി രൂപ അനുവദിച്ചിരുന്നു. ഇതിന് അധിക തുക ആവശ്യപ്പെട്ടു കൊണ്ട് നിർദ്ദേശമൊന്നും കമ്പനിയുടെ ഭാഗത്തുനിന്ന് ലഭിച്ചിട്ടില്ല.

ശിപാർശ

മലപ്പുറം, ആതവനാട് ആരംഭിക്കുന്ന 300 ടൺ ഉൽപ്പാദനശേഷിയുള്ള സന്തുലിത ധാതുലവണ മിശ്രിത യൂണിറ്റിനുള്ള വിഹിതമായി 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സ്വീകരിച്ച നടപടി

| സർക്കാർ ഉത്തരവ് | തീയതി | തുക | സാമ്പത്തിക വർഷം/തരം |
|---|---|---|---|
| 1065/15 | 19-6-2015 | 1 crore | 2014-15 (Posted to ELA and release in the year 2015-16) |

ശിപാർശ

കേന്ദ്ര ഗവൺമെന്റിന്റെ വനിത ശിശുക്ഷേമ വകുപ്പ് മുഖാന്തരം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 10000 വനിതകൾക്ക് ആട് വിതരണം ചെയ്യുന്നതിനുള്ള പദ്ധതിക്കുള്ള വിഹിതമായി 200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സ്വീകരിച്ച നടപടി

ഈ പദ്ധതിക്കായി തുക മാറ്റി വെക്കുന്നതിനുള്ള നിർദ്ദേശം ഇതുവരെ ലഭിച്ചിട്ടില്ല

ശിപാർശ

6403-00-190-96—കോഴിക്കോട് തിരുവാങ്ങൂർ കാലിത്തീറ്റ നിർമ്മാണ കേന്ദ്രത്തിനുള്ള വായ്പ (നബാർഡ്-ആർ.ഐ.ഡി.എഫ്.)

കോഴിക്കോട് ചേമഞ്ചേരി കാലിത്തീറ്റ നിർമ്മാണ യൂണിറ്റിനുള്ള വായ്പയായി 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

ഇതിന് താഴെപ്പറയുന്ന തുകകൾ ഇതുവരെ റിലീസ് ചെയ്തിട്ടുണ്ട്:

| സർക്കാർ ഉത്തരവ് | തുക (കോടി) | സാമ്പത്തിക വർഷം/തരം |
|---|---|---|
| 599/14 | 7 | ആർ.ഐ.ഡി.എഫ്. |
| 2040/14 | 5 | ആർ.ഐ.ഡി.എഫ്. |
| ആകെ | 12 | |

ശിപാർശ

6403-00-190-95—ഇടുക്കി തൊടുപുഴ കാലിത്തീറ്റ നിർമ്മാണ കേന്ദ്രത്തിനുള്ള വായ്പ (ആർ.ഐ.ഡി.എഫ്.)

ഇടുക്കി അരീക്കുഴിയിലെ കാലിത്തീറ്റ നിർമ്മാണ യൂണിറ്റിനുള്ള വായ്പയ്ക്കായി ഈ ശീർഷകത്തിൽ 1200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതിക്കായി 1200 ലക്ഷം രൂപ RIDF ലോണായി അനുവദിച്ച് നൽകുകയും പ്രസ്തുത തുക പൂർണ്ണമായി പദ്ധതിക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

6403-00-190-94—കോഴിക്കോട് തിരുവാങ്ങൂർ കാലിത്തീറ്റ നിർമ്മാണ കേന്ദ്രത്തിനുള്ള വായ്പ-സംസ്ഥാന വിഹിതം

കോഴിക്കോട് ചേമഞ്ചേരിയിലെ കാലിത്തീറ്റ നിർമ്മാണ യൂണിറ്റിനുള്ള വായ്പയ്ക്കായി ഈ ശീർഷകത്തിൽ 800 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സ്വീകരിച്ച നടപടി

ഖണ്ഡിക 48-നും 53-നും നൽകിയ മറുപടി.

**6. 2015-2016-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്**

ശിപാർശ

2401-00-103-87—നാളികേരവികസനം

തെങ്ങിൻതോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. നിലവിലെ കേരഗ്രാമം പദ്ധതിയിൻകീഴിൽ വളരെ കുറച്ച് പഞ്ചായത്തുകൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ എന്നതിനാൽ കൂടുതൽ പഞ്ചായത്തുകളെ ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നതിനുവേണ്ടി 4500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

കേരഗ്രാമത്തിന് ഭരണാനുമതി നൽകിയത് 2014-15 സാമ്പത്തിക വർഷത്തിന്റെ അവസാന കാലയളവിലാണ്. ആയതിനാൽ ഈ പദ്ധതി 2015-16-ലാണ് പൂർണ്ണമായും നടപ്പിലാക്കിയത്. കൂടാതെ 2015-16 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി വീണ്ടും 4500 ലക്ഷം രൂപ ലഭിക്കുകയുണ്ടായി. സമിതി ശിപാർശ പ്രകാരം കൂടുതൽ പഞ്ചായത്തുകളെ ഈ പദ്ധതികളുടെ കീഴിൽ കൊണ്ടുവരുന്നതിന് ഈ തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യപ്പെടുക ഉണ്ടായില്ല.

ശിപാർശ

2401-00-105-85—ഓർഗാനിക് ഫാമിംഗ്

ജൈവകൃഷി രാജ്യത്ത് സജീവമായിക്കൊണ്ടിരിക്കുന്ന ഒരു മേഖലയാണ്. 2016-ഓടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജൈവകൃഷി നടപ്പിലാക്കുന്നതിന് 2500 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷം ഓർഗാനിക് ഫാമിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് 2401-00-105-85 എന്ന ശീർഷകത്തിൽ 1000 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതു കൂടാതെ കേന്ദ്രധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.) എന്ന പദ്ധതി പ്രകാരം 849 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ക്ലസ്റ്റർ രൂപീകരണം, മണ്ണ് സാമ്പിൾ പരിശോധന, കൃഷിയിടങ്ങളിൽ ജൈവവളങ്ങളുടെ

ഉത്പാദനം, ട്രെയിനിംഗ് മുതലായ പ്രവർത്തനങ്ങളാണ് ഓർഗാനിക് ഫാമിംഗ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പരമ്പരാഗത കൃഷി രീതിയിൽ നിന്നും ജൈവകൃഷിയിലേക്ക് മാറുന്ന സാഹചര്യത്തിൽ ആദ്യവർഷങ്ങളിൽ ഉല്പാദനത്തിൽ ഉണ്ടായ കുറവ്, താരതമ്യേന വർദ്ധിച്ച കൃഷിച്ചെലവ്, ഉല്പാദനോപാധികളുടെ ലഭ്യതക്കുറവും അവ ഉപയോഗിക്കുന്നതിലുള്ള പരിചയക്കുറവും തുടങ്ങിയ പ്രശ്നങ്ങൾ കർഷകരെ ബാധിക്കാറുണ്ട്. ഈ അവസ്ഥ മാറി ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനും ഉല്പാദനസ്ഥിരത കൈവരിക്കുവാനും കൂടുതൽ വരുമാനം ലഭിക്കുവാനും മൂന്നു മുതൽ നാലു വർഷം വരെ വേണ്ടി വരുന്നു. ഈ കാലയളവിൽ കർഷകർക്ക് മതിയായ ബോധവത്ക്കരണത്തിലൂടെയും പരിശീലനത്തിലൂടെയും ജൈവകൃഷിയിൽ ഉറച്ചു നിൽക്കുവാൻ ആത്മവിശ്വാസമാണ് നൽകേണ്ടത്. 2014-15 സാമ്പത്തിക വർഷം മുതൽ 2015-16 വരെയും ഇത്തരം പദ്ധതിഘടകങ്ങൾക്കാണ് കൃഷി വകുപ്പ് ഊന്നൽ നൽകിയത്. ഇതോടൊപ്പം ജൈവകർഷകരുടെ ക്ലസ്റ്റർ രൂപീകരണം, പി.ജി.എസ്. സർട്ടിഫിക്കേഷൻ എന്നിവയും തുടക്കമിട്ടു. ആയതിനാൽ കഴിഞ്ഞ വർഷങ്ങളിൽ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും പരിമിതമായ തുക മാത്രമേ ചിലവഴിക്കാൻ സാധിച്ചുള്ളൂ. ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2401-00-115-98—ചെറുകിട നാമമാത്ര കർഷക പെൻഷൻ

ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ 330599 കർഷകരാണ് നിലവിൽ അംഗങ്ങളായിട്ടുള്ളതെന്നും 2014-15-ൽ 215 കോടി രൂപ കുടിശ്ശികയാണെന്നും നിലവിലുള്ള അംഗങ്ങൾക്ക് 600 രൂപ പ്രതിമാസം പെൻഷൻ നൽകുന്നതിനായി ഏകദേശം 236 കോടി രൂപ ആവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കുടിശ്ശിക സഹിതം വിതരണം ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 34,780 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

സമിതി 34,780 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നു ശിപാർശ ചെയ്തിരുന്നുവെങ്കിലും അധിക ധനാഭ്യർത്ഥന മുഖേന 19,354 ലക്ഷം രൂപ അനുവദിച്ചു. തുക പൂർണ്ണമായും ചെലവഴിച്ചു.

**7. 2016-2017-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്**

ശിപാർശ

2401-00-109-62—സംയോജിത കാർഷിക കേന്ദ്രം, തൃശ്ശൂർ

കൃഷി വകുപ്പിന്റെ കീഴിൽ നിലവിലുള്ള ഓഫീസുകളും ലാബുകൾ ഉൾപ്പെടെ കാർഷികസേവന കേന്ദ്രങ്ങൾ, കാർഷിക യന്ത്രങ്ങൾ, നടീൽ വസ്തുക്കൾ തുടങ്ങി അഗ്രോ ബസാർ മാതൃകയിൽ തൃശ്ശൂരിൽ ഒരു സംയോജിത കാർഷിക കേന്ദ്രം സ്ഥാപിക്കുന്നതിന് 10 കോടി രൂപ അടങ്കൽ തുകയ്ക്ക് സർക്കാർ ഭരണാനുമതി നൽകുകയും ഇതിന്റെ നിർമ്മാണത്തിനായി 2014-15, 2015-16 വർഷങ്ങളിൽ 4.25 കോടി രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കോംപ്ലക്സിന്റെ പൂർത്തീകരണത്തിനായി 5.75 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം 2016-17-ലെ അന്തിമ ഉപധനാഭ്യർത്ഥന മുഖാന്തരം 2401-00-109-62 എന്ന ശീർഷകത്തിൽ 574.99 ലക്ഷം രൂപ ആവശ്യപ്പെടുകയുണ്ടായി. തുകയൊന്നും അനുവദിച്ച് നൽകുകയുണ്ടായില്ല എന്നാൽ 2401-00-109-69 എന്ന ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖാന്തരം 390.22 ലക്ഷം രൂപ അനുവദിക്കുകയും ഈ തുക തൃശ്ശൂരിലെ സംയോജിത കാർഷിക കേന്ദ്രം നിർമ്മാണത്തിനായി കെ.എൽ.ഡി.സി.യ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

2402-00-001-94—കേരള സംസ്ഥാന ബഹുദൂര ഗ്രഹണ പരിസ്ഥിതി കേന്ദ്രം (കെ.എസ്. ആർ.ഇ.സി.)

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

"ഭൂവിവര വ്യവസ്ഥയുടെ സഹായത്താൽ ഭൂമി നികത്തലും/മാലിന്യ നിർമ്മാർജ്ജന പ്രദേശങ്ങൾ കണ്ടെത്തലും പരിപാലന മാർഗ്ഗങ്ങളും" എന്ന പദ്ധതിയ്ക്ക് തുക അത്യന്താപേക്ഷിതമായതിനാൽ 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

തുക ലഭ്യമായില്ല.

ശിപാർശ

31—സഹായധനം-ശമ്പളം

കെ.എസ്.ആർ.ഇ.സി. യിലെ ശമ്പളം, അനുബന്ധ ചെലവുകളുടെ നിർവ്വഹണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

തുക ലഭ്യമായില്ല.

ശിപാർശ

6408-02-190—പൊതുമേഖലയ്ക്കും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ

98—RIDF XVII-നു കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ലോൺ

കൊല്ലം, എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ RIDF XVII-ന് കീഴിലുള്ള വെയർഹൗസ് ഗോഡൗണുകളുടെ നിർമ്മാണം, പുനരുദ്ധാരണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 8 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി കൊല്ലം, എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ RIDF XVII-ന് കീഴിലുള്ള വെയർഹൗസ് ഗോഡൗണുകളുടെ നിർമ്മാണം, പുനരുദ്ധാരണം എന്നിവയ്ക്കായി '6408-02-190-98-പൊതുമേഖലയ്ക്കും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ' എന്ന ശീർഷകത്തിൽ 8 കോടി രൂപ വകയിരുത്തണമെന്ന സമിതി ശിപാർശയിന്മേൽ 2016-17 സാമ്പത്തിക വർഷം അവസാനിച്ച ശേഷമാണ് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിൽ നിന്ന് തുക ലഭ്യമാക്കാനുള്ള പ്രൊപ്പോസൽ ലഭിച്ചത്. അതിനാൽ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് തുക അനുവദിച്ച് നൽകിയിട്ടില്ല.

ശിപാർശ

2405-00-103-83—മത്സ്യത്തൊഴിലാളികൾക്കുള്ള ഉൽപ്പാദന ബോണസ്

മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യത്തിന്റെ 0.5% തുക സർക്കാർ വിഹിതമായും മത്സ്യഫെഡിന് ലഭിക്കുന്ന വിഹിതത്തിന്റെ 0.5% തുകയും ചേർത്ത് ആകെ 2% തുക ഉൽപ്പാദന ബോണസ്സായി നൽകേണ്ടതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം 2405-00-103-83(പ്ലാൻ) ശീർഷകത്തിൽ മത്സ്യത്തൊഴിലാളികൾക്കായുള്ള ഉല്പാദന ബോണസ് പദ്ധതിയ്ക്കായി തുകയൊന്നും വകയിരുത്തിയിരുന്നില്ല. 20-3-2015-ലെ ജി.ഒ (ആർടി.) നമ്പർ 196/2015/എഫ്&പിഡി നമ്പർ സർക്കാർ ഉത്തരവു പ്രകാരം പ്രസ്തുത പദ്ധതിയ്ക്കായി 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 50 ലക്ഷം രൂപയും 66.45 ലക്ഷം രൂപയും (ആകെ 116.45 ലക്ഷം രൂപ) ഈ ശീർഷകത്തിൽ റീ-അപ്രോപ്രിയേഷൻ വഴി ലഭിക്കുകയും പ്രസ്തുത തുക മത്സ്യഫെഡിന് അനുവദിക്കുകയും ചെയ്തിരുന്നു. 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ ആയും 33.55 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ ആയും നൽകിയിരുന്നു. 2016-17 സാമ്പത്തിക വർഷം ആകെ 88.55 ലക്ഷം രൂപ മത്സ്യഫെഡിന് അനുവദിക്കുകയുണ്ടായി. 2405-00-103-83 (പ്ലാൻ) ശീർഷകത്തിൽ 20-3-2015-ൽ ഭരണാനുമതി പ്രകാരം നൽകിയ 2 കോടി രൂപയും മത്സ്യഫെഡിന് അനുവദിക്കുകയുണ്ടായി.

ശിപാർശ

2405-00-103-82—സംയോജിത മത്സ്യബന്ധന വികസന പദ്ധതി
(100% എൻ.സി.ഡി.സി. സഹായം)

മത്സ്യഫെഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യവിപണന സൗകര്യങ്ങൾ വിപുലമാക്കുന്നതിന് ആവശ്യമായ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യമുള്ള ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി 20.367 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

<u>സ്വീകരിച്ച നടപടി</u>

എൻ.സി.ഡി.സി. പദ്ധതിയ്ക്കായി 2017-ൽ 2,46,15,000/-രൂപ 2405-00-103-88 (പ്ലാൻ) ശീർഷകത്തിൽ നിന്നും റീ-അപ്രോപ്രിയേഷൻ നടത്തുകയും പ്രസ്തുത തുക മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർക്ക് അനുവദിച്ച് നൽകുകയുണ്ടായി.

<u>ശിപാർശ</u>

2405-00-110-98—<u>പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളുടെ യന്ത്രവൽക്കരണം</u>

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 10 എച്ച്.പി. ക്ക് താഴെയുള്ള ഔട്ട്ബോർഡ് മോട്ടോറുകൾ മാറ്റിവയ്ക്കുവാൻ സബ്സിഡി നൽകുന്ന ഈ പദ്ധതിയ്ക്കായി കേന്ദ്രസഹായത്തിനൊപ്പം സംസ്ഥാന വിഹിതമായ തുകയും ആവശ്യമാണ്. ഇതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

<u>സ്വീകരിച്ച നടപടി</u>

നാടൻ വള്ളങ്ങളുടെ യന്ത്രവൽക്കരണം/ആധുനിക വൽക്കരണം എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്ക് നടപ്പ് സാമ്പത്തിക വർഷം 80 ലക്ഷം രൂപയുടെ ഭരണാനുമതി 18-8-2016-ൽ നൽകുകയും, ടി പദ്ധതിയ്ക്കായി നടപ്പു സാമ്പത്തിക വർഷം 2405-00-110-98(പി) ശീർഷകത്തിൽ 20 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയ്ക്കായി കേന്ദ്ര സർക്കാരിന്റെ 16-3-2016-ലെ കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ കത്ത് പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം 15-3-2017 വരെ കാലാവധി നിശ്ചയിച്ച് 120 ലക്ഷം രൂപയുടെ ഭരണാനുമതിയും കേന്ദ്രവിഹിതമായ 60 ലക്ഷം രൂപ (50%) റിലീസ് ചെയ്തുകൊണ്ട് ഉത്തരവായിരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ 20 ലക്ഷം രൂപ സംസ്ഥാന വിഹിതവും 20 ലക്ഷം രൂപ കേന്ദ്രവിഹിതവും ചേർത്ത് ആകെ 40 ലക്ഷം രൂപ 2405-00-110-99(പി) ശീർഷകത്തിൽ നിന്നും പദ്ധതി നിർവ്വഹണ ഏജൻസിയായ മത്സ്യഫെഡിന് റിലീസ് ചെയ്യുകയും ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം മത്സ്യഫെഡ് സമർപ്പിക്കുകയുമുണ്ടായി. ടി പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷം കേന്ദ്രവിഹിതമായി 40 ലക്ഷം രൂപയും സംസ്ഥാനവിഹിതമായി 40 ലക്ഷം രൂപയും ചേർത്ത് ആകെ 80 ലക്ഷം രൂപ ആവശ്യമാകയാൽ 2016-17 സാമ്പത്തിക വർഷം 2405-00-110-99(പി) ശീർഷകത്തിൽ 80 ലക്ഷം രൂപ കൂടി പദ്ധതിയ്ക്കായി അഡീഷണൽ ആതറൈസേഷൻ വഴി മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

ശിപാർശ

2405-00-110-99—നാടൻ വള്ളങ്ങളുടെ ആധുനികവൽക്കരണം

(50% കേന്ദ്രസഹായം)

2013-14,2014-15 വർഷത്തെ ബഡ്ജറ്റിൽ ഫണ്ട് ലഭിക്കാത്തതിനാലും ഏകദേശം 2345 എഞ്ചിനുകൾ ഈ കാലയളവിൽ വിൽപ്പന നടത്തിയിട്ടുള്ളതിനാലും കൂടുതൽ ഫണ്ട് ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 1.1 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

സ്വീകരിച്ച നടപടി

നടപ്പ് വർഷം നാടൻ വള്ളങ്ങളുടെ ആധുനികവൽക്കരണം എന്ന കേന്ദ്ര പദ്ധതി (സി.എസ്.എസ്.) ഇല്ലാത്തതിനാൽ 2016-17 വർഷം ടി പദ്ധതിയ്ക്കായി 2405-00-110-99 (പി) ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ല. എന്നാൽ മേൽ ശീർഷകത്തിൽ പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളുടെ യന്ത്രവൽക്കരണം എന്ന പദ്ധതിയ്ക്കായി 2016-17 വർഷം 80 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2405-00-800-99—മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് അധിക സംസ്ഥാന വിഹിതം

പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകുന്നതിനുള്ള 'സമ്പാദ്യ സമാശ്വാസ പദ്ധതി' പ്രകാരം നൽകിവരുന്ന തുക 2700-ൽ നിന്നും 3600 രൂപയാക്കി വർദ്ധിപ്പിക്കുമ്പോൾ 1.83 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് അധികമായി വേണ്ടിവരുന്ന സംസ്ഥാന വിഹിതം അനുവദിക്കുന്നതിനു വേണ്ടി ഈ ശീർഷകത്തിൽ 16.47 കോടി രൂപ കൂടി അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

സ്വീകരിച്ച നടപടി

പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി മുഖേന നൽകി വരുന്ന തുക 2700/- രൂപയിൽ നിന്ന് 3600/- രൂപയായി വർദ്ധിപ്പിക്കുന്നതിനുവേണ്ടി വരുന്ന 16,54,64,100 രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന 2405-00-800-99 (പ്ലാൻ) ശീർഷകത്തിൽ അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക ലഭ്യമായിരുന്നില്ല.

ശിപാർശ

2405-00-800-75—മത്സ്യത്തൊഴിലാളികൾക്ക് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെ നടപ്പാക്കുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി (50% CSS)

പഞ്ഞമാസങ്ങളിൽ ആഴക്കടൽ/ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സഹായം ലഭ്യമാക്കുന്നതിനായുള്ള ഈ പദ്ധതിയിൽ 2016-17 വർഷത്തിൽ ഗുണഭോക്താക്കളുടെ എണ്ണം 1.83 ലക്ഷം ആയിരിക്കുമെന്ന് കരുതുന്നതിനാൽ ഗുണഭോക്തൃവിഹിതമായ 900 രൂപ വീതം സംസ്ഥാന വിഹിതവും കേന്ദ്രവിഹിതവും ചേർത്ത് 1800 രൂപ നിരക്കിൽ നൽകുന്നതിന് ഈ ശീർഷകത്തിൽ 6.94 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

സ്വീകരിച്ച നടപടി

സമ്പാദ്യ സമാശ്വാസ പദ്ധതിയ്ക്കായി (50% CSS) 2016-17 സാമ്പത്തികവർഷം 2405-00-800-75(പ്ലാൻ) എന്ന ശീർഷകത്തിൽ 26 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. 7,09,33,000/- രൂപ അഡീഷണൽ ആതറൈസേഷനായി 2405-00-800-75 (പ്ലാൻ) എന്ന ശീർഷകത്തിൽ അനുവദിക്കുകയും 1,83,851 മത്സ്യത്തൊഴിലാളികൾക്ക് 33.10 കോടി രൂപ വിതരണം ചെയ്ത് പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അഡീഷണൽ ആതറൈസേഷൻ 2015-16-ലെ ഫൈനൽ ബാച്ച് SDG യിൽ റഗുലറൈസ് ചെയ്തിട്ടുണ്ട്.

ശിപാർശ

4405-00-103-98—സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം)

മത്സ്യഫെഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യവിപണന സൗകര്യങ്ങൾ വിപുലമാക്കുന്നതിനായി വായ്പാ സൗകര്യം ഏർപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിക്ക് ഈ ശീർഷകത്തിൽ 19.2577 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

സ്വീകരിച്ച നടപടി

എൻ.സി.ഡി.സി.- ഐ.എഫ്.ഡി.പി. പദ്ധതിയുടെ ഷെയർ ക്യാപ്പിറ്റൽ ചെലവുകൾ നിർവ്വഹിക്കുന്നതിനായി 4405-00-103-98 (നോൺ പ്ലാൻ) ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എൻ.സി.ഡി.സി.- ഐ.എഫ്.ഡി.പി. പ്രോജക്ട് 2014-15-ൽ ഇനി ലഭ്യമാകുവാനുള്ള തുക അനുവദിക്കുന്നതിനായി 658.04 ലക്ഷം രൂപ എസ്.ഡി.ജി. മുഖാന്തരം (2016-17) അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ലഭ്യമായിട്ടില്ല. ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 100 ലക്ഷം രൂപ മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡിന് അനുവദിച്ചിട്ടുണ്ട്.

ശിപാർശ

4405-00-104-47—ചേറ്റുവ, ചെറുവത്തൂർ, തലായി ഫിഷിംഗ് ഹാർബറുകളുടെ പൂർത്തീകരണവും പൂർണ്ണ പ്രവർത്തന സജ്ജമാക്കലും (50% കേന്ദ്രസഹായം)

ചേറ്റുവ, ചെറുവത്തൂർ, തലായി എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കുന്നതിന് ഈ ശീർഷകത്തിൽ 10.3043 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

സ്വീകരിച്ച നടപടി

10.3043 കോടി രൂപ അധികവിഹിതം അഭ്യർത്ഥിച്ച് SDG-1 ധനവകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ലഭിച്ചില്ല. ബഡ്ജറ്റ് വിഹിതം 310 ലക്ഷം രൂപയാണ്. ടി ശീർഷകത്തിൽ 265.31 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 67.03 ലക്ഷം രൂപയുടെ ബില്ലുകൾ ലെറ്റർ ഓഫ് ക്രഡിറ്റ് ലഭിക്കാത്തതിനാൽ പേയ്മെന്റ് നൽകാൻ കഴിഞ്ഞില്ല.

ശിപാർശ

4405-00-104-48—മുനയ്ക്കാക്കടവിൽ ഫിഷ് ലാന്റിംഗ് സെന്റർ (50% കേന്ദ്രവിഹിതം)

മുനയ്ക്കാക്കടവിൽ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിനായി 30 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

സ്വീകരിച്ച നടപടി

ആൾട്ടറേഷൻ മെമ്മോറാണ്ടത്തിൽ 30 ലക്ഷം രൂപയും SDG-1-ൽ 7 ലക്ഷം രൂപയും അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ഫണ്ട് അനുവദിച്ചില്ല. ടി ശീർഷകത്തിൽ 01-സ്റ്റേറ്റ് ഷെയറിൽ ബഡ്ജറ്റ് വിഹിതമായ 15 ലക്ഷം രൂപയിൽ മേൽ അഡീഷണൽ ആതറൈസേഷൻ ഉൾപ്പടെ 30.24 ലക്ഷം രൂപ ചെലവായിട്ടുണ്ട്. 02- സെൻട്രൽ ഷെയർ ഇനത്തിൽ 15 ലക്ഷം രൂപയിൽ ബഡ്ജറ്റ് വിഹിതത്തിൽ 6.76 ലക്ഷം നിലവിൽ ചെലവായിട്ടുണ്ട്. മൊത്തം ബഡ്ജറ്റ് വിഹിതം 30 ലക്ഷം രൂപയിൽ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ഉൾപ്പെടെ 37 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

ശിപാർശ

4405-00-104-49—മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം (50% കേന്ദ്രസഹായം)

2015-16 സാമ്പത്തിക വർഷം ആരംഭിച്ച മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

സ്വീകരിച്ച നടപടി

ആൾട്ടറേഷൻ മെമ്മോറാണ്ടത്തിൽ 10 കോടിയും SDG-1-ൽ 15 കോടിയും അധിക ഫണ്ട് ധനവകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. ടി ശീർഷകത്തിൽ 1332.59 ലക്ഷം രൂപ രണ്ടാം ഉപധനാഭ്യർത്ഥനയിൽ അനുവദിക്കുകയും ആകെ 2332.58 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

4405-00-104-50—താന്നൂർ മത്സ്യബന്ധന തുറമുഖം (50% കേന്ദ്രസഹായം)

2016-17 സാമ്പത്തിക വർഷം പൂർത്തീകരിക്കേണ്ട താന്നൂർ മത്സ്യബന്ധന തുറമുഖ പദ്ധതിക്ക് ഈ ശീർഷകത്തിൽ 9 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

സ്വീകരിച്ച നടപടി

ആൾട്ടറേഷൻ മെമ്മോറാണ്ടത്തിൽ 10 കോടി രൂപ ആവശ്യപ്പെട്ടെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല. അഡീഷണൽ ആതറൈസേഷൻ മുഖേന 207.73 ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥനയിൽ 468.87 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി ആകെ 1785.50 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

4405-00-104-51—വെള്ളയിൽ മത്സ്യബന്ധന തുറമുഖം (50% കേന്ദ്രസഹായം)

2016-17 സാമ്പത്തിക വർഷം പൂർത്തീകരിക്കേണ്ട ഈ പദ്ധതിക്കായി ഈ ശീർഷകത്തിൽ 11 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

സ്വീകരിച്ച നടപടി

ആൾട്ടറേഷൻ മെമ്മോറാണ്ടത്തിൽ 11 കോടി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല. ടി ശീർഷകത്തിൽ ആകെ 254.75 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടില്ലാത്തതിനാൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല.

ശിപാർശ

4405-00-104-52—അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം (50% കേന്ദ്രസഹായം)

2016-17 സാമ്പത്തിക വർഷം പൂർത്തിയാക്കേണ്ട അർത്തുങ്കൽ മത്സ്യബന്ധന തുറമുഖ പദ്ധതിക്ക് ഈ ശീർഷകത്തിൽ 15.22 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

സ്വീകരിച്ച നടപടി

ആൾട്ടറേഷൻ മെമ്മോറാണ്ടത്തിൽ 15.22 കോടി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും പദ്ധതിക്കായി ആകെ 102 ലക്ഷം രൂപ മാത്രമേ അനുവദിക്കാൻ കഴിഞ്ഞിട്ടുള്ളൂ. പുലിമുട്ട് നിർമ്മാണ സമയത്ത് സിങ്കേജ് ഉണ്ടാവുകയും ആയതിന്റെ സ്റ്റഡി ഐ.ഐ.റ്റി.മദ്രാസ് നടത്തുകയും ചെയ്തു. പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകേണ്ടതുണ്ട്. ആയതിനാൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല.

ശിപാർശ

4405-00-104-55—മത്സ്യബന്ധന തുറമുഖത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ

നീണ്ടകര ഹാർബറിന്റെ ശക്തികുളങ്ങര ഭാഗത്തെ 25.4 ആർ സ്ഥലം ഏറ്റെടുക്കുന്നതിനും ചെല്ലാനം ഫിഷറി ഹാർബറിന്റെ 130.23 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുമായി 15 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 99)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ ആൾട്ടറേഷൻ മെമ്മോറാണ്ടത്തിൽ 15 കോടിയും SDG-1-ൽ 15 കോടിയും അഭ്യർത്ഥിച്ചിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല

ശിപാർശ

4405-00-104-60—ചേത്തി മത്സ്യബന്ധന തുറമുഖം (സംസ്ഥാന പദ്ധതി)

ചേത്തി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ചെലവ് നേരിടുന്നതിന് ഈ ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 100)

സ്വീകരിച്ച നടപടി

ടി പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 1000/-രൂപ ടോക്കൺ പ്രൊവിഷനായി ആൾട്ടറേഷൻ മെമ്മോറാണ്ടത്തിൽ അനുവദിച്ചിരുന്നു. ഭരണാനുമതി നൽകിയിട്ടില്ല.

ശിപാർശ

4405-00-104-62—കടലോര മത്സ്യബന്ധന അടിസ്ഥാന സൗകര്യം മത്സ്യബന്ധനത്തിന് ശേഷമുള്ള പ്രവർത്തനങ്ങൾ എന്നിവയുടെ വികസനത്തിനായുള്ള പദ്ധതി (50% കേന്ദ്രവിഹിതം).

പുതിയാപ്പ, മാപ്പിളബേ, തോട്ടപ്പള്ളി എന്നീ മത്സ്യബന്ധന തുറമുഖങ്ങളിലെ ഡ്രഡ്ജിംഗ് പ്രവൃത്തി പൂർത്തീകരിക്കുന്നതിനും നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തികൾ തുടരുന്നതിനും ഈ ശീർഷകത്തിൽ 2.97 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 101)

സ്വീകരിച്ച നടപടി

ആൾട്ടറേഷൻ മെമ്മോറാണ്ടത്തിലും SDG-I ലും ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല. തുടർന്ന് രണ്ടാം ഉപധനാഭ്യർത്ഥനയിൽ 215.49 ലക്ഷം രൂപ അനുവദിച്ചു. ടി ശീർഷകത്തിൽ 723.49 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

4405-00-104-80—കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം (50% കേന്ദ്രാവിഷ്കൃത പദ്ധതി)

തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 2016-17 വർഷം പൂർത്തീകരിക്കേണ്ടതായതിനാൽ ഈ ശീർഷകത്തിൽ 8.65 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 102)

സ്വീകരിച്ച നടപടി

ആൾട്ടറേഷൻ മെമ്മോറാണ്ടത്തിൽ 865.4 ലക്ഷവും SDG-1-ൽ 936 ലക്ഷവും അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് രണ്ടാം ഉപധനാഭ്യർത്ഥനയിൽ 313.79 ലക്ഷം രൂപ അനുവദിച്ചു. പദ്ധതിയുടെ ആകെ ചെലവ് 542.07 ലക്ഷം രൂപയാണ്.

ശിപാർശ

4405-00-104-83—പുതിയ മത്സ്യബന്ധന തുറമുഖ കേന്ദ്രങ്ങൾ കണ്ടെത്തൽ

3 ഫിഷ് ലാന്റിംഗ് സെന്ററുകളുടെ ഇൻവെസ്റ്റിഗേഷൻ ഉൾപ്പെടെ 13 പ്രവൃത്തികളുടെ പ്രാരംഭ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 1.35 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 103)

സ്വീകരിച്ച നടപടി

ആൾട്ടറേഷൻ മെമ്മോറാണ്ടത്തിൽ 1.35 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല. പദ്ധതിയുടെ ആകെ ചെലവ് 34.6 ലക്ഷം രൂപയാണ്. പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടില്ലാത്തതിനാൽ മുഴുവൻ തുകയും ആവശ്യമായി വന്നില്ല.

ശിപാർശ

6405-00-195-99—മത്സ്യബന്ധന വികസനത്തിന് സമഗ്ര മാർഗ്ഗനിർദ്ദേശ പദ്ധതിക്കായി മത്സ്യഫെഡിന് കൊടുക്കുന്ന വായ്പ (എൻ.സി.ഡി.സി. സഹായം)

മുൻ വർഷങ്ങളിൽ അനുവദിച്ച എൻ.സി.ഡി.സി പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാരിൽ നിന്നും മുഴുവൻ തുകയും അനുവദിച്ച് കിട്ടിയിട്ടില്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 9.826 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 105)

<u>സ്വീകരിച്ച നടപടി</u>

6405-00-195-99 എന്ന ശീർഷകത്തിൽ 16,50,00,000/- രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. പ്രസ്തുത തുക കൂടാതെ 6,00,55,000/- രൂപ 4405-00-103-93 ശീർഷകത്തിൽ നിന്നും റീ-അപ്രോപ്രിയേഷൻ വഴി ലഭിക്കുകയുണ്ടായി. ആകെ 22,50,55,000/- രൂപ മത്സ്യഫെഡിന് അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-001-99-18—<u>സംരക്ഷണം</u>

കണ്ണൂർ, പൊന്നാനി, മലമ്പുഴ എന്നിവിടങ്ങളിലെ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ, കണ്ണൂർ, ബേപ്പൂർ, നീണ്ടകര, വിഴിഞ്ഞം എന്നിവിടങ്ങളിലെ ഫിഷറീസ് സ്റ്റേഷനുകൾ, വൈക്കം, കസബ എന്നിവിടങ്ങളിലെ ഇൻസ്പെക്ടർ ഓഫീസുകൾ, മാടായി ഫിഷറീസ് സബ് ഇൻസ്പെക്ടർ ഓഫീസ്, വെള്ളയിൽ കമ്മ്യൂണിറ്റി റിസോഴ്സ് സെന്റർ എന്നിവയുടെ സംരക്ഷണത്തിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

<u>സ്വീകരിച്ച നടപടി</u>

കണ്ണൂർ, മലമ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളുടെ നവീകരണത്തിന് ആവശ്യമായ തുക അനുവദിച്ച് നൽകുകയും പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പൊന്നാനി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് നിറമരുതിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഒരു കോടി രൂപയും നീണ്ടകര ഫിഷറീസ് സ്റ്റേഷന്റെ നവീകരണത്തിനായി 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. വൈക്കം ഫിഷറീസ് ഇൻസ്പെക്ടർ ഓഫീസിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. പൊന്നാനി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിനുള്ള പുതിയ കെട്ടിടം കണ്ണൂർ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകളുടെ നവീകരണം, കസബ ഇൻസ്പെക്ടർ ഓഫീസ്, മാടായി ഫിഷറീസ് സബ് ഇൻസ്പെക്ടർ ഓഫീസ്, വെള്ളയിൽ കമ്മ്യൂണിറ്റി റിസോഴ്സ് സെന്റർ എന്നിവയുടെ സംരക്ഷണത്തിനായി 2 കോടി രൂപ അധികം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ഫിഷറീസ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശിപാർശ

2405-00-001-99-

21-1—മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

പുതിയ വാഹനം വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 14 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

സ്വീകരിച്ച നടപടി

വാഹനം വാങ്ങൽ എന്ന ശീർഷകത്തിൽ 14 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നൽകിയിരുന്നു. ധനകാര്യ വകുപ്പ് ടി വാഹനം വാങ്ങുന്നതിന്റെ ആവശ്യകത പരിശോധിച്ച് ആവശ്യമാണെങ്കിൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം ഫിഷറീസ് ഡയറക്ടറോട് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ

2405-00-103-84—മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം

സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ആവശ്യത്തിനായി പ്രതിമാസം നിശ്ചിത തോതിൽ സബ്സിഡി നിരക്കിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ, ഭാരത് പെട്രോളിയം കോർപ്പറേഷൻ എന്നീ ഓയിൽ കമ്പനികളിൽ നിന്നും വെള്ള മണ്ണെണ്ണ നേരിട്ട് ലഭ്യമാക്കി സംസ്ഥാനത്തെ ഫിഷിംഗ് ഹാർബർ/ലാന്റിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ച് പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന ഈ പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിനായി 12 മാസത്തേക്ക് 68 കോടി രൂപ ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 64.5 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ 3.5 കോടി രൂപയാണ് വെള്ള മണ്ണെണ്ണ സബ്സിഡി നിരക്കിൽ നൽകാനായി അനുവദിച്ചിരുന്നത്. ടി തുക മത്സ്യഫെഡിന് അനുവദിച്ചിട്ടുണ്ട്. ആകെ 64 കോടി രൂപ വേണ്ടിവരുന്ന മേൽ പദ്ധതിക്ക് മത്സ്യഫെഡിന്റെ അപേക്ഷ പ്രകാരം 2016-17 ആദ്യബാച്ച് എസ്.ഡി.ജി.യിൽ 64 കോടി രൂപയ്ക്ക് അപേക്ഷ നൽകിയെങ്കിലും 10 കോടി രൂപയാണ് 2405-00-103-84-33 (എൻപി) എന്ന ശീർഷകത്തിൽ അനുവദിച്ചിരിക്കുന്നത്. കൂടാതെ 2405-00-800-21-34(ഒസി) (നോൺ പ്ലാൻ) ശീർഷകത്തിൽനിന്നും 8 കോടി രൂപ റീ-അപ്രോപ്രിയേഷൻ നടത്തുകയും പ്രസ്തുത 8 കോടി രൂപയും മത്സ്യഫെഡിന് അനുവദിച്ചിട്ടുമുണ്ട്. ഈ ശീർഷകത്തിൽനിന്നും 2016-2019 സാമ്പത്തിക വർഷം ആകെ 31,50,00,000/- രൂപ മത്സ്യഫെഡിന് അനുവദിക്കുകയുണ്ടായി.

ശിപാർശ

2405-00-103-86—മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷയ്ക്കായി മറൈൻ ആംബുലൻസ്

2015-16 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 6 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 109)

സ്വീകരിച്ച നടപടി

ഇതിനായി എസ്.ഡി.ജി. 2016-17 ആദ്യ ബാച്ചിലേക്ക് 6 കോടി രൂപയുടെ ഫണ്ടിനായി അപേക്ഷിച്ചിരുന്നുവെങ്കിലും ടോക്കൺ പ്രൊവിഷനായി 1000/- രൂപ മാത്രമാണ് അനുവദിച്ചിരുന്നത്. 10-3-2017-ൽ അഡീഷണൽ ആതറൈസേഷൻ മുഖേന 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2405-00-109-94—ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷ്യനേറിയവും സ്ഥാപിക്കൽ

കൊച്ചിയിലെ പുതുവൈപ്പിനിൽ ഓഷ്യനേറിയം സ്ഥാപിക്കുന്നതിനും ഒരു ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുമുള്ള പദ്ധതിക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 112)

<u>സ്വീകരിച്ച നടപടി</u>

ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഫിർമ മുഖേന എറണാകുളത്ത് പുതുവൈപ്പ് വില്ലേജിൽ ഓഷ്യനേറിയം ആന്റ് ബയോളജിക്കൽ റിസർച്ച് സെന്റർ സ്ഥാപിക്കാൻ സർക്കാർ തീരുമാനിക്കുകയും ആയതിനായി 50 ഏക്കർ സ്ഥലം റവന്യൂ വകുപ്പ് കൈമാറ്റം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി പ്രദേശം (CRZ) മേഖലയിൽ ഉൾപ്പെടുന്നതിനാൽ കോമ്പൻസേറ്ററി അഫോർസ്റ്റേഷൻ നടത്തേണ്ടതുണ്ട്. ആയതിനായി എറണാകുളം കണയന്നൂർ താലൂക്കിലെ മരട് വില്ലേജിൽ ഏകദേശം 40 ഏക്കർ സ്ഥലം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടത്തണമെങ്കിൽ എൻവയോൺമെന്റൽ ക്ലിയറൻസും, CRZ ക്ലിയറൻസും, ലഭിക്കുന്നതിനാവശ്യമായ കോമ്പൻസേറ്ററി അഫോർസ്റ്റേഷൻ നടത്തുന്നതിനും 50 ലക്ഷം രൂപ അനുവദിച്ചു നൽകണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ, ഫിർമ ആവശ്യപ്പെട്ടതനുസരിച്ച് 9.81 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ വഴി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾക്ക് Committed Expenditure ആയി അടിയന്തരമായി 25 ലക്ഷം രൂപ അനുവദിച്ചു നൽകണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ, ഫിർമ അപേക്ഷിക്കുകയും ആയതിൽ അഡീഷണൽ ആതറൈസേഷൻ വഴി ലഭിച്ച തുകയുടെ ബാക്കിയായി 15.19 ലക്ഷം രൂപ final SDG വഴി ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും ഫണ്ട് അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2405-00-800-21—<u>കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ</u>

മത്സ്യത്തൊഴിലാളികളുടെ കടാശ്വാസത്തിനായി 50 കോടി രൂപ പ്രഖ്യാപിച്ചിട്ടുള്ളതിനാൽ 32.5 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 113)

<u>സ്വീകരിച്ച നടപടി</u>

മത്സ്യത്തൊഴിലാളി കടാശ്വാസത്തിനായി 2016-17 സാമ്പത്തിക വർഷം 2405-00-800-21-34-ഒ.സി (നോൺ പ്ലാൻ) ശീർഷകത്തിൽ 17.50 കോടി രൂപ അനുവദിച്ചിട്ടുള്ളതിൽ, 9,31,79,101 രൂപ ചെലവഴിക്കുകയുണ്ടായി. 8,14,78,000/- രൂപ ഈ ശീർഷകത്തിൽ നിന്നും റീ-അപ്രോപ്രിയേഷൻ ചെയ്യുകയുമുണ്ടായി.

<u>ശിപാർശ</u>

2405-00-800-28—<u>കേരള മത്സ്യ അനുബന്ധ തൊഴിലാളിക്ഷേമസെസ്സ് ആക്റ്റ്, 2007-പിരിച്ച സെസ് തുക കെ.എഫ്.ഡബ്ല്യു ബോർഡിലേക്ക് മാറ്റുന്നത്</u>

സെസ്സ് സംബന്ധമായ കേസ്സുകൾ തീർപ്പാക്കുന്നതിന് ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 114)

<u>സ്വീകരിച്ച നടപടി</u>

കേരള മത്സ്യ അനുബന്ധ തൊഴിലാളിക്ഷേമ സെസ്സുമായി ബന്ധപ്പെട്ട് അമ്പതോളം കേസുകളാണ് നിലവിലിരിക്കുന്നത്. 14-11-2016-ന് അഡീഷണൽ അഡ്വക്കേറ്റ് ജനറലുമായി സെസ് കേസുകളുമായി ബന്ധപ്പെട്ട വിഷയം ലാ ഓഫീസർ നേരിട്ട് ചർച്ച ചെയ്യുകയുണ്ടായി. ബഹു. ഹൈക്കോടതി മുമ്പാകെ വാദം കഴിഞ്ഞ് വിധി പറയാൻ മാറ്റിവെച്ച കേസുകളും 2007-ലെ സെസ് നിയമത്തിന്റെ ഭരണഘടനാ പരമായ സാധുത ചോദ്യം ചെയ്ത് എക്സ്പോർട്ടേഴ്സ് സമർപ്പിച്ചിട്ടുള്ള കേസുകളും, ഐസ് പ്ലാന്റ് ഉടമസ്ഥർ പരാതിക്കാരായ കേസുകളും സെസ് കേസുകളിൽ ഉൾപ്പെടും. ഇതിൽ ഭരണഘടനാ പരമായ സാധുത ചോദ്യം ചെയ്ത് സമർപ്പിച്ചിട്ടുള്ള പല കേസുകളിലും സ്റ്റേറ്റ് തന്നെ ഉടനെ റിവൈസ്ഡ് കൗണ്ടർ അഫിഡവിറ്റ് നൽകണമെന്ന് അഡ്വക്കേറ്റ് ജനറൽ നിർദ്ദേശിച്ചതനുസരിച്ച് 2-12-2016-ൽ തന്നെ റിവൈസ്ഡ് കൗണ്ടർ അഫിഡവിറ്റ് തയ്യാറാക്കി അഡീഷണൽ അഡ്വക്കേറ്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്. അതോടൊപ്പം സമാനമായ എല്ലാ കേസുകളിലും ബഹുമാനപ്പെട്ട ഹൈക്കോടതി വാദം കേൾക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ഉറപ്പ് നൽകിയിട്ടുണ്ട്. ഐസ് പ്ലാന്റ് ഉടമസ്ഥർ ഫയൽ ചെയ്തിട്ടുള്ള കേസുകളിൽ 2007-ലെ സെസ് ആക്റ്റിന്റെ നിർവചനത്തിൽ "അനുബന്ധ തൊഴിലാളി" എന്ന വിഭാഗത്തിൽ ഐസ് പ്ലാന്റ് വർക്കേഴ്സ് ഉൾപ്പെടുമോ എന്നതിൽ കൂടുതൽ വ്യക്തത വരുത്തി ടി നിർവചനം നിലനിർക്കത്തക്ക വിധത്തിൽ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്യണമെന്ന് അഡ്വക്കേറ്റ് ജനറൽ നിർദ്ദേശിക്കുകയും അതനുസരിച്ചുള്ള നടപടി സ്വീകരിച്ച് വരികയുമാണ്. ഈ സാഹചര്യത്തിൽ അധികമായി ശിപാർശ ചെയ്ത തുക ആവശ്യമായി വരുന്നില്ല.

<u>ശിപാർശ</u>

2405-00-800-30—<u>കട്ടങ്ങല്ലൂർ അക്വാ ടെക്നോളജി പാർക്ക്</u>

ഏറെ സാദ്ധ്യതയുള്ള അലങ്കാര മത്സ്യമേഖല പുനരുജ്ജീവിപ്പിക്കുന്നതിന് കട്ടങ്ങല്ലൂരിൽ പ്രവർത്തിക്കുന്ന അക്വാവെൻച്വർ ഇന്റർനാഷണൽ (കാവിൽ) എന്ന സ്ഥാപനത്തിന് ഈ ശീർഷകത്തിൽ 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 115)

സ്വീകരിച്ച നടപടി

കേരളത്തിലെ അലങ്കാര മത്സ്യങ്ങളുടെ ഉത്പാദന മേഖലയിലും വിപണന മേഖലയിലും ഇടപെടുന്നതിനു വേണ്ടി രൂപീകൃതമായ സ്ഥാപനമാണ് KAVIL. കാവിലിലെ നിലവിലുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 50 ലക്ഷം രൂപ KAVIL മാനേജിംഗ് ഡയറക്ടറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ആദ്യ ബാച്ച് SDG വഴി 2402-00-800-30 (NP) എന്ന ശീർഷകത്തിൽ അനുവദിച്ചു നൽകുന്നതിന് ധനവകുപ്പിനോടഭ്യർത്ഥിച്ചിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല. കൂടാതെ ഇതേ ആവശ്യത്തിലേയ്ക്കായി KAVIL മാനേജിംഗ് ഡയറക്ടറുടെ അപേക്ഷയനുസരിച്ച് 200 ലക്ഷം രൂപ മേൽ പറഞ്ഞ ശീർഷകത്തിൽ അനുവദിച്ചു നൽകുന്നതിനായി final SDG പ്രകാരവും പ്രോപ്പോസൽ സമർപ്പിച്ചെങ്കിലും ഫണ്ട് അനുവദിച്ചിട്ടില്ല.

ശിപാർശ

2405-00-800-94—മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സഹായം
മത്സ്യ അനുബന്ധ തൊഴിലാളികൾക്കുമുള്ള പെൻഷൻ

സർക്കാർ, പെൻഷൻ തുക 1000 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ 50715 മത്സ്യത്തൊഴിലാളികൾക്കും 10250 വിധവ പെൻഷണർമാർക്കും 7285 അനുബന്ധ തൊഴിലാളികൾക്കും വർദ്ധിപ്പിച്ച നിരക്കിൽ പെൻഷൻ നൽകുന്നതിന് 5% പദ്ധതി നിർവ്വഹണ ചെലവും ചേർത്ത് 86 കോടി രൂപ ആവശ്യമുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 56 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 117)

സ്വീകരിച്ച നടപടി

മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി വാർദ്ധക്യകാല, വിധവാ പെൻഷനു വേണ്ടി 2405-00-800-94 (നോൺ പ്ലാൻ) ശീർഷകത്തിൽ 30 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സ.ഉ(സാധാ.) നമ്പർ 7114/2016-ധന. തീയതി 29 ആഗസ്റ്റ് 2016 ഉത്തരവ് പ്രകാരം 9,50,00,000/- രൂപ അഡീഷണൽ ഓതറൈസേഷനായി അനുവദിക്കുകയും ജി.ഒ.(ആർടി.) നമ്പർ 9953/2016/ഫിൻ. തീയതി 24-12-2016 പ്രകാരം 20,52,90,000/- രൂപ അഡീഷണൽ ആതറൈസേഷനായി വീണ്ടും ലഭിക്കുകയുണ്ടായി. ആകെ 59,98,93,650/- രൂപ ഫണ്ട് ബോർഡിന് അനുവദിച്ചിട്ടുണ്ട്. അഡീഷണൽ ആതറൈസേഷൻ എസ്.ഡി.ജി. വഴി റഗുലറൈസ് ചെയ്തിട്ടുണ്ട്.

ശിപാർശ

തലശ്ശേരി മത്സ്യബന്ധന തുറമുഖം പൂർത്തീകരിക്കുന്നതിന് 5 കോടി രൂപ പുതിയ ശീർഷകമനുവദിച്ച് തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 120)

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിൽ SDG-1-ൽ തലായ് മത്സ്യബന്ധന തുറമുഖം പൂർത്തിയാക്കുന്നതിന് 1 കോടി രൂപ സർക്കാർ ഫണ്ടനുവദിച്ചിട്ടുണ്ട്. തലായ് ഫിഷിംഗ് ഹാർബറിന്റെ ഡ്രഡ്ജിംഗ് റിക്ലമേഷൻ എന്നീ പ്രവൃത്തികൾ നാട്ടുകാരുടെ എതിർപ്പുമൂലം തടസ്സപ്പെട്ടതിനാൽ കരാർ വച്ചിരുന്ന ചില പ്രവൃത്തികൾ യഥാസമയം ആരംഭിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ ടി ശീർഷകത്തിൽ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 67.03 ലക്ഷം രൂപയുടെ ബില്ലുകൾ ലഭിച്ചിരുന്നുവെങ്കിലും ലെറ്റർ ഓഫ് ക്രെഡിറ്റ് ലഭിക്കാത്തതിനാൽ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

മത്സ്യത്തൊഴിലാളി വനിത ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭങ്ങൾ (ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള പരിശീലനവും യാനങ്ങളും നൽകുന്നതിന്) ആരംഭിക്കുന്നതിന് പ്രവർത്തന മൂലധനമായി 10 കോടി രൂപ പുതിയ ശീർഷകമനുവദിച്ച് തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 121)

സ്വീകരിച്ച നടപടി

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിനായി 10 പരമ്പരാഗത മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകളും മറ്റ് അനുബന്ധ മത്സ്യബന്ധന ഉപകരണങ്ങളും വാങ്ങുന്നതിനും ആഴക്കടൽ മത്സ്യബന്ധനത്തിൽ വിദഗ്ധ പരിശീലനം നൽകുന്നതിനും വിഭാവനം ചെയ്ത കേന്ദ്രാവിഷ്കൃത പദ്ധതിയായ ആഴക്കടൽ മത്സ്യബന്ധനം (ഒന്നാം ഘട്ടം) പദ്ധതിയ്ക്ക് 2405-00-103-79 (പി) ശീർഷകത്തിൽ 15.75 കോടി രൂപയുടെ ഭരണാനുമതി നൽകി. 50% കേന്ദ്ര ഗവൺമെന്റിൽ നിന്നും അംഗീകാരം ലഭിക്കാത്തതിനെ തുടർന്ന് 25% കേന്ദ്ര വിഹിതത്തോടെ പുതുക്കിയ പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

## B. സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ച സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ

**1. ഉപജീവനമാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണം സർക്കാർ പദ്ധതികൾ എന്ന വിഷയം സംബന്ധിച്ച് ചട്ടം 235 (i) (iii)പ്രകാരമുള്ള പ്രത്യേക റിപ്പോർട്ട് (2014)**

ശിപാർശ

കുളമ്പുരോഗംമൂലം കന്നുകാലികൾ മരണപ്പെട്ട കർഷകർക്ക നൽകാൻ അവശേഷിക്കുന്ന നഷ്ടപരിഹാര തുക കൂടി ലഭ്യമാക്കി അർഹരായ എല്ലാ കർഷകർക്കും അടിയന്തരമായി നൽകാനുള്ള നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെടുന്നു.

(ഖണ്ഡിക 15-ലെ അധികനിർദ്ദേശം)

സ്വീകരിച്ച നടപടി

കുളമ്പുരോഗബാധമൂലം കറവപ്പശുക്കൾ മരിച്ച കർഷകർക്ക് 10,000/- രൂപ വീതം വകുപ്പിന്റെ കണ്ടിജൻസി ഫണ്ടിൽനിന്നും നൽകുന്നതിന് തീരുമാനമാകുകയും അതനുസരിച്ച് വകുപ്പിന് ലഭ്യമായ തുക ജില്ലകൾക്ക് അനുവദിച്ച നൽകുകയും ചെയ്തിട്ടുണ്ട്. അധികമായി വേണ്ട തുകയ്ക്കുള്ള പ്രൊപ്പോസൽ 2015-16 സാമ്പത്തികവർഷത്തെ ആദ്യത്തെയും രണ്ടാമത്തെയും എസ്.ഡി.ജി. ആയി സമർപ്പിച്ചിരുന്നെങ്കിലും ആയത് പരിഗണിച്ചിട്ടില്ല.

**2. കാർഷിക വിജ്ഞാപന വ്യാപനം ശക്തിപ്പെടുത്തൽ, കാർഷിക വിവരവും വിനിമയവും, കാർഷികസേവന കേന്ദ്രങ്ങളും സേവന വിതരണവും, മണ്ണ് സംരക്ഷണ പദ്ധതികൾ, മണ്ണ് പര്യവേഷണം എന്നീ വിഷയങ്ങൾ സംബന്ധിച്ച റിപ്പോർട്ട് [ചട്ടം 235 (i) (iii) പ്രകാരമുള്ള റിപ്പോർട്ട് ].**

ശിപാർശ

പുതിയ അഗ്രോ സർവ്വീസ് കേന്ദ്രങ്ങൾ തുടങ്ങിയത് സംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തികവർഷം 15 പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിന് 480 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ 382.23068 ലക്ഷം രൂപ ഉപയോഗിച്ച് 15 പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ 2015-16 സാമ്പത്തികവർഷം ആരംഭിച്ചു. ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| കൊല്ലം | - | 1 |
| പത്തനംതിട്ട | - | 1 |
| കോട്ടയം | - | 1 |
| ആലപ്പുഴ | - | 2 |
| ഇടുക്കി | - | 1 |
| എറണാകുളം | - | 1 |
| തൃശ്ശൂർ | - | 4 |
| കോഴിക്കോട് | - | 3 |
| കണ്ണൂർ | - | 1 |
| ആകെ | | 15 |

<u>ശിപാർശ</u>

പുതിയ കാർഷിക കർമ്മസേനകളുടെ രൂപീകരണം, രൂപീകരിച്ച കർമ്മ സേനാംഗങ്ങൾക്ക് പരിശീലനം നൽകൽ, അവയ്ക്കുള്ള യന്ത്രസാമഗ്രികളുടെ വിതരണം, കർമ്മസേനകളുടെ പ്രവർത്തനം, അവയിലൂടെ കാർഷിക മേഖലയ്ക്ക് ലഭ്യമായ നേട്ടം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തികവർഷത്തിൽ പുതുതായി കാർഷിക കർമ്മസേനകൾ രൂപീകരിച്ചിട്ടില്ല. നിലവിലുള്ള 200 കാർഷിക കർമ്മസേനകളിൽ 35 യൂണിറ്റുകൾക്ക് 2014-15 സാമ്പത്തികവർഷത്തിൽ പരിശീലനം നൽകുകയുണ്ടായി. ശേഷിക്കുന്ന 165

യൂണിറ്റുകളിൽ 41 കർമ്മസേനകൾക്ക് 2015-16 സാമ്പത്തികവർഷം പരിശീലനം നൽകുകയുണ്ടായി. ആയതിന് 358.68404 ലക്ഷം രൂപ ചെലവഴിച്ചു. RKVY ഫണ്ടിൽനിന്നും തുക ലഭ്യമാകാത്തതിനാൽ 100 കർമ്മസേനകൾക്ക് യന്ത്രസാമഗ്രികൾ നൽകുവാൻ കഴിഞ്ഞിട്ടില്ല.

(100 യൂണിറ്റുകൾക്ക് 2014-15-ൽ യന്ത്രോപകരണങ്ങൾ നൽകിയിരുന്നു.)

കാർഷിക കർമ്മസേനകൾ കൃഷിഭവന്റെ മേൽനോട്ടത്തിൽ രൂപീകരിക്കുന്ന യൂണിറ്റുകളാണ്. കർഷകർക്ക് ആവശ്യമായ കൃഷിപ്പണികൾ (നിലം/പുരയിടം ഒരുക്കൽ, നടീൽ, കീടരോഗനിയന്ത്രണം മുതലായവ) യന്ത്ര സാമഗ്രികളുടെ സഹായത്തോടെ മിതമായ നിരക്കിൽ ചെയ്തുകൊടുക്കുന്നു എന്നുള്ളതാണ് ഈ യൂണിറ്റുകളുടെ നേട്ടം. കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ പ്രതിനിധികളടങ്ങുന്ന ഭരണ സമിതിയാണ് ഇവയുടെ പ്രവർത്തനം നിയന്ത്രിക്കുന്നത്. ആയതിനാൽ സുതാര്യവും ഫലപ്രദവുമായ രീതിയിൽ ഇവയുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയും. കാർഷിക മേഖലയിൽ രൂക്ഷമായ തൊഴിലാളി ക്ഷാമം നേരിടുന്ന കേരളം പോലുള്ള സംസ്ഥാനത്ത് കാർഷിക കർമ്മസേനകളുടെ പ്രവർത്തനം കർഷകർക്ക് വളരെ സഹായകരമാണ്.

## ശിപാർശ

സ്ട്രെങ്ത്തണിംഗ് ഓഫ് എക്സിസ്റ്റിംഗ് അഗ്രോ സർവ്വീസ് സെന്ററുകൾ പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

## സ്വീകരിച്ച നടപടി

2015-16 സാമ്പത്തികവർഷം നിലവിലുള്ള അഗ്രോ സർവ്വീസ് സെന്ററുകൾ ശക്തിപ്പെടുത്തുന്നതിന് 300 ലക്ഷം രൂപയാണ് താഴെ പറയുന്ന 5 ഘടകങ്ങൾക്ക് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയത്. ഇതിൽ 217.493 ലക്ഷം രൂപ പ്രസ്തുത വർഷം ചെലവഴിച്ചുകൊണ്ട് താഴെപ്പറയുന്ന ഘടകങ്ങൾ നടപ്പിലാക്കി:

1 ബയോഫാർമസി - വിവിധ വിള ഉല്പാദനോപാധികൾ, പ്രത്യേകിച്ച് ജൈവരീതിയിൽ കീടരോഗ നിയന്ത്രണത്തിന് ലഭ്യമാക്കുന്നതിന് 16 അഗ്രോ സർവ്വീസ് സെന്ററുകളിൽ ബയോഫാർമസി തുടങ്ങുന്നതിന് ധനസഹായം നൽകി.

2 മൂന്ന് / നാല് ചക്രവാഹനങ്ങൾ - 16 അഗ്രോ സർവ്വീസ് സെന്ററുകൾക്ക് വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

3 പരിശീലനങ്ങൾ - എല്ലാ അഗ്രോ സർവ്വീസ് സെന്ററുകളിലും അംഗങ്ങൾക്ക് യന്ത്രോപകരണങ്ങളുടെ പ്രവർത്തനങ്ങൾ, മറ്റ് കാർഷിക പ്രവൃത്തികൾ എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്.

4 ഓപ്പറേഷൻ സപ്പോർട്ട് - മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച 31 അഗ്രോ സർവ്വീസ് സെന്ററുകളുടെ ഫെസിലിറ്റേറ്റർമാർക്ക് ഓണറേറിയം, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്ക് ഇൻസെന്റീവ്, യൂണിഫോം എന്നിവയ്ക്ക് ധനസഹായം നൽകിയിട്ടുണ്ട്.

5 നഴ്സറി സ്ഥാപിക്കൽ - 17 അഗ്രോ സർവ്വീസ് സെന്ററുകളിൽ നഴ്സറികൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ

പർച്ചേസ് ഓഫ് നീഡ് ബേസ്ഡ് മെഷിനറി അറ്റ് ലോക്കൽ ലെവൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

ഓരോ പ്രദേശത്തും കൃഷി ചെയ്യുന്ന വിളകളുടെ സ്വഭാവം/കൃഷിരീതി അനുസരിച്ച് ആവശ്യമായ മെഷിനറി/യന്ത്രോപകരണങ്ങളിൽ മാറ്റമുണ്ടാകും. ആയതിനാൽ ഓരോ അഗ്രോ സർവ്വീസ് സെന്ററുകൾക്കും പ്രാദേശികമായ ആവശ്യം മുൻനിർത്തി യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായമാണ് പർച്ചേസ് ഓഫ് നീഡ് ബേസ്ഡ് മെഷിനറി അറ്റ് ലോക്കൽ ലെവൽ എന്ന ഘടകത്തിലൂടെ നൽകുന്നത്. 2015-16 സാമ്പത്തികവർഷം 18 അഗ്രോ സർവ്വീസ് സെന്ററുകൾക്ക് ആവശ്യമായ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകിയ ഇനത്തിൽ 81.513 ലക്ഷം രൂപ ചെലവഴിച്ചു.

## ശിപാർശ

മണ്ണുസംരക്ഷണ പദ്ധതികൾ, മണ്ണ് പര്യവേഷണ പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതി എന്നീ ശീർഷകങ്ങളിൽ 2015-16-ൽ നാളിതുവരെ അനുവദിച്ച തുക, ചെലവാക്കിയ തുക, അവശേഷിക്കുന്ന തുക വിനിയോഗിച്ച് പദ്ധതികൾ പൂർത്തിയാക്കുവാൻ സ്വീകരിച്ച നടപടി എന്നിവ സംബന്ധിച്ച റിപ്പോർട്ട്.

ശീർഷകം—2402-00-102-86 (പ്ലാൻ) - നീർമറി അടിസ്ഥാനത്തിൽ മണ്ണുസംരക്ഷണ പദ്ധതി (ആർ.ഐ.ഡി.എഫ്)

## സ്വീകരിച്ച നടപടി

നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയുടെ XIV മുതൽ XXI വരെയുള്ള ഘട്ടങ്ങളിലെ 112 വാട്ടർഷെഡ് പദ്ധതികളിൽ പതിനാല് ജില്ലകളിലുമായി 12636 ഹെക്ടർ പ്രദേശത്ത് മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങളും പാലക്കാട് ജില്ലയിലെ കുളങ്ങളുടെ പുനരുദ്ധാരണവും നടപ്പിലാക്കി. 2015-16 -ൽ 260.65 ലക്ഷം രൂപയുടെ പ്രീ-ആതറൈസേഷൻ സ്ലിപ്പ് ലഭിച്ചത് മുഴുവനായി ചെലവഴിച്ചിട്ടുണ്ട്.

**വിവരസാങ്കേതികവിദ്യയുടെ ഉപയോഗം**

ശീർഷകം 2402-00-102-81—(പ്ലാൻ) തുകയുടെ വിനിയോഗം

മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകൾ, ഹാർഡ്‌വെയറുകൾ ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും നിലവിലുള്ള കമ്പ്യൂട്ടർ സംവിധാനം മെച്ചപ്പെടുത്തുന്നതിനും ഉദ്യോഗസ്ഥർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനും മറ്റുമുള്ള പദ്ധതിയ്ക്കായി ലഭ്യമായ 20 ലക്ഷം രൂപയിൽ 14.3468 ലക്ഷം രൂപ അംഗീകൃത പ്രവൃത്തികൾക്കായി വിനിയോഗിച്ചു. 2015-16-ൽ നീർത്തട പ്രോജക്ടുകളുടെ അവലോകനവും വിലയിരുത്തലും നടത്തുന്നതിനായി 20 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. തുക നടപ്പിലാക്കുന്നതിനായി ഐ.സി.എ.ആർ. ഗവേഷണ സ്ഥാപനമായ സി.പി.സി.ആർ.ഐ. കാസർഗോഡ്-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതികളുടെ വിലയിരുത്തൽ നടന്നുവരുന്നു. 2015-16-ൽ 9.93 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. ബാക്കി 10 ലക്ഷം രൂപ 2016-17-ൽ ചെലവഴിച്ചു.

| ക്രമ നമ്പർ | പദ്ധതിയുടെ പേരും ശീർഷകവും | നീക്കിവെച്ച വിഹിതം | 2015-16-ൽ ചെലവഴിച്ച തുക | 2015-16-ലെ ഭൗതികലക്ഷ്യം | 2015-16-ലെ ഭൗതിക പുരോഗതി |
|---|---|---|---|---|---|
| 5 | വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം അവലോകനവും വിലയിരുത്തലും 2402-00-102-81 (പദ്ധതി) | രൂപ ലക്ഷത്തിൽ | | | |
| | | 40 | 24.28 | 40 എണ്ണം | 40 എണ്ണം |

<u>മണ്ണ് പരിശോധന ശാലകൾ (ലബോറട്ടറീസ്)</u>

ശീർഷകം—2402-00-101-90-പദ്ധതി

<u>സ്വീകരിച്ച നടപടി</u>

ഈ പദ്ധതി ലബോറട്ടറീസ് എന്ന് സർക്കാർ പുനർനാമകരണം ചെയ്തിട്ടുണ്ട്. 16000 മണ്ണ് സാമ്പിളുകളാണ് സാമ്പത്തികവർഷം 2015-16-ൽ ലക്ഷ്യമിട്ടിരുന്നത്. മണ്ണിന്റെ രാസപരിശോധന മണ്ണ് പര്യവേഷണത്തിന്റെ അവശ്യഘടകമാണ്. മണ്ണ് പര്യവേഷണ പഠനങ്ങളുടെ ഭാഗമായുള്ള മണ്ണിന്റെ വർഗ്ഗീകരണത്തിനും (സോയിൽ ക്ലാസിഫിക്കേഷൻ) രാസപരിശോധന അത്യന്താപേക്ഷിതമാണ്. മണ്ണ് പര്യവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ മണ്ണ് ശ്രേണികളിലുള്ള മണ്ണ് സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരത്തെ കേന്ദ്രമണ്ണ് പരിശോധനാ ശാലയിലും കോഴിക്കോട്ടും, തൃശ്ശൂരും, ആലപ്പുഴയിലുമുള്ള പ്രാദേശിക മണ്ണ് പരിശോധന ശാലകളിലും, കാസർഗോഡ് ജില്ലയിലെയും പത്തനംതിട്ട ജില്ലയിലെയും സോയിൽ & പ്ലാന്റ് ഹെൽത്ത് ക്ലിനിക്കിലും വയനാട് ജില്ലയിലെ ഹൈടെക് മണ്ണ് പരിശോധനാ ശാലയിലും ഭൗതികരാസ പരിശോധനകൾക്ക് വിധേയമാക്കുന്നു. സോയിൽ ഹെൽത്ത് കാർഡ് വിതരണത്തിനുള്ള മണ്ണ് സാമ്പിളുകളുടെ പരിശോധനയും ഈ ലാബുകളിൽ നടത്തിവരുന്നു.

2015-16 വർഷത്തിൽ 47548 മണ്ണ് സാമ്പിളുകളുടെ രാസപരിശോധനകൾ നടത്തി. ഈ സാമ്പത്തികവർഷത്തിൽ 2402-00-101-90-പദ്ധതി ശീർഷകത്തിൽ അനുവദിച്ച 132 ലക്ഷം രൂപയിൽ 75.41 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. മൊബൈൽ മണ്ണ് പരിശോധനശാല സ്ഥാപിക്കുന്നതിനായി വകയിരുത്തിയ 44.4 ലക്ഷം രൂപ ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

വി. എസ്. സുനിൽ കുമാർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി-I.*

തിരുവനന്തപുരം,
20-6-2018.

അനുബന്ധം

## സബ്ജക്ട് കമ്മിറ്റി I
## (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)
## 19-4-2017-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റി 2017 ഏപ്രിൽ 19-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കു ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗം മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മയും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. എ. പി. അനിൽ കുമാർ, എം. എൽ. എ.
2. ശ്രീ. ചിറ്റയം ഗോപകുമാർ, എം. എൽ. എ.
3. ശ്രീ. കെ. കുഞ്ഞിരാമൻ, എം. എൽ. എ.
4. ശ്രീ. എം. നൗഷാദ്, എം. എൽ. എ.
5. ശ്രീ. എസ്. ശർമ്മ, എം. എൽ. എ.
6. ശ്രീ. കെ. വി. വിജയദാസ്, എം. എൽ. എ.
7. ശ്രീ. എം. വിൻസെന്റ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ. എം, അണ്ടർ സെക്രട്ടറി.

സമിതി, 2017-18 സാമ്പത്തികവർഷത്തെ ബജറ്റിലെ XXIX, XXX, XXXI, XXXII, XXXIII, XXXIX എന്നീ നമ്പർ ധനാഭ്യർത്ഥനകളിൻമേലുള്ള സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിയ്ക്കുകയും ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

(1) കേരളത്തിലെ അടയ്ക്കാ കർഷകരെ സഹായിക്കുന്നതിനായി ഒരു പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ വകയിരുത്തുന്നതിനു സമിതി ശിപാർശ ചെയ്തു.

(2) 2403-00-102-78-ആർ. കെ. വി. വൈ. സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി എന്ന ശീർഷകം സംബന്ധിച്ച ഖണ്ഡികയിലെ "ഒരു ലക്ഷം കന്നുകുട്ടികൾക്കു കൂടി ആനുകൂല്യം" എന്നതിനു പകരം "ഒരു ലക്ഷം പശുക്കുട്ടികൾക്കു കൂടി ആനുകൂല്യം" എന്നു ചേർക്കാൻ തീരുമാനിച്ചു.

(3) '2404-00-102-96-ഗ്രാമീണ ക്ഷീര വ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ' എന്ന ശീർഷകത്തിൻമേലുള്ള ഖണ്ഡികയിലെ '44'-ലെ "2017-18 വർഷം ക്ഷീരകർഷകർക്കും ഉരുക്കൾക്കും അപ്രതീക്ഷിതമായി ഉണ്ടാകുന്ന" എന്നതിനു പകരം "2017-18 വർഷം ക്ഷീരകർഷകർക്കും ഉരുക്കൾ നഷ്ടപ്പെട്ടതുൾപ്പെടെയുള്ള അപ്രതീക്ഷിത സാമ്പത്തികനഷ്ടങ്ങൾക്കും" എന്നു ചേർക്കാൻ തീരുമാനിച്ചു.

(4) 2404-00-102-79-കാലിത്തീറ്റയ്ക്കുള്ള സബ്സിഡി എന്ന ശീർഷകത്തിൻ മേലുള്ള ഖണ്ഡിക '46'-ലെ രണ്ടാമത്തെ വാചകം ചുവടെചേർക്കും പ്രകാരം മാറ്റാൻ തീരുമാനിച്ചു.

"അപ്രകാരം കർഷകർ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ നിരക്കിൽ വർഷം മുഴുവനും കാലിത്തീറ്റ സബ്സിഡി നൽകണമെങ്കിൽ ആകെ 61 കോടി രൂപയാണ് ആവശ്യമുള്ളതെന്നും ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത് തീരെ അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു.

(5) 63-ാമത്തെ ഖണ്ഡികയായി ചുവടെ ചേർക്കുന്ന ശിപാർശ കൂട്ടിച്ചേർക്കാനും ബാക്കിയുള്ള ഖണ്ഡികകൾ പുനരക്കം ചെയ്യുന്നതിനും തീരുമാനിച്ചു.

'2405-00-103-83—<u>മത്സ്യത്തൊഴിലാളികൾക്കുള്ള ഉല്പാദന ബോണസ്</u>

പ്രാഥമിക സഹകരണ സംഘം മുഖേനയുള്ള തീരദേശലേലം ശക്തിപ്പെടുത്തുന്നതിനും മത്സ്യത്തിന് ന്യായമായ വില ഉറപ്പാക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യശീലം വളർത്തുന്നതിനും ഈ പദ്ധതി അനിവാര്യമാണെന്നു സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.'

(6) 2405-00-190-95—<u>കേരള അക്വാവെഞ്ച്വർ ഇന്റർനാഷണൽ ലിമിറ്റഡ്</u>

പ്രസ്തുത ശിപാർശയിലെ ആദ്യവാചകം താഴെപറയുംപ്രകാരം മാറ്റം വരുത്തുന്നതിന് തീരുമാനിച്ചു:

• "2017-18-ലെ നയപ്രഖ്യാപനത്തിൽ അലങ്കാരമത്സ്യ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് ഒരു സമഗ്രപദ്ധതി ആരംഭിക്കുന്നുണ്ടെന്നും ബജറ്റ് പ്രസംഗത്തിന്റെ മറുപടിയിൽ 2 കോടി രൂപ വകയിരുത്തിയതായും പറഞ്ഞിരുന്നു".

(7) 2405-00-800-99—<u>മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യസമാശ്വാസ പദ്ധതിക്ക് അധികസംസ്ഥാന വിഹിതം</u>

പ്രസ്തുത ഖണ്ഡികയിൽ ആറാമത്തെ വരിയിൽ "9 ഗഡുക്കളായി 1500 രൂപ ഉൾനാടൻ മത്സ്യത്തൊഴിലാളികളിൽ നിന്നും ശേഖരിച്ച്" എന്നത് "9 ഗഡുക്കളായി ഉൾനാടൻ മത്സ്യത്തൊഴിലാളികളിൽ നിന്നും 1500 രൂപ വീതം ശേഖരിച്ച്" എന്നു മാറ്റം വരുത്തുവാൻ തീരുമാനിച്ചു.

(8) 2405-00-109-94—<u>ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകളും ഓഷ്യനേറിയവും സ്ഥാപിക്കൽ</u>

പ്രസ്തുത ഖണ്ഡികയുടെ തുടക്കത്തിൽ താഴെപ്പറയുന്ന വാക്കുകൾ കൂടി കൂട്ടിച്ചേർക്കാൻ തീരുമാനിച്ചു

"ഗവർണറുടെ നയപ്രഖ്യാപനപ്രസംഗത്തിൽ ഈ സാമ്പത്തികവർഷം തന്നെ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച്"

(9) <u>മത്സ്യബന്ധനതുറമുഖത്തിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ</u>

പ്രസ്തുത ഖണ്ഡികയിലെ "നീണ്ടകര ചെല്ലാനം, മത്സ്യബന്ധന തുറമുഖങ്ങളിലെ" എന്നത് "നീണ്ടകര, ചെല്ലാനം, വൈപ്പിൻ മത്സ്യബന്ധന തുറമുഖങ്ങളിലെ" എന്നാക്കി മാറ്റാൻ തീരുമാനിച്ചു.

യോഗം ഉച്ചക്ക ശേഷം 3.30-ന് പിരിഞ്ഞു.

## 18-5-2017-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച 1-ാം നമ്പർ സബ്ജക്ട് കമ്മിറ്റി, 2017 മേയ് 18-ാം തീയതി ബുധനാഴ്ച വൈകിട്ട് 4.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽകുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കെ. കുഞ്ഞിരാമൻ

2. ശ്രീ. കെ. വി. വിജയദാസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി ജയശ്രീ. എം, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. രാജു നാരായണസ്വാമി, അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

2. ശ്രീ. കെ. ബാബു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

3. ശ്രീമതി എം. സി. പ്രസന്നകുമാരി, അഡീഷണൽ സെക്രട്ടറി, പ്ലാനിംഗ് വകുപ്പ്.

4. ശ്രീ. വി. എസ്. സുരേഷ്കുമാർ, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്.

5. ഡോ. എൻ. എൻ. ശശി, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്.

6. ശ്രീ. ജോർജ്ജുകുട്ടി ജേക്കബ്, ഡയറക്ടർ, ഡയറി ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്

7. ശ്രീ. ജെസ്റ്റിൻ മോഹൻ, ഡയറക്ടർ, സോയിൽ സർവ്വെ ആന്റ് സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ്.

8. ശ്രീമതി കെ. ബി. അനിതകുമാരി, ജോയിന്റ് സെക്രട്ടറി, അനിമൽ ഹസ്ബന്ററി & ഡയറി ഡെവലപ്പ്മെന്റ് വകുപ്പ്.

9. ശ്രീമതി ബി. ശ്രീജ, ഫിനാൻസ് മാനേജർ, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ.

10. ശ്രീ. അച്ചൻകുഞ്ഞ്. എം. ജോയിന്റ് സെക്രട്ടറി, ഫിഷറീസ് ഡിപ്പാർട്ട്മെന്റ്.

11. ശ്രീ. കൃഷ്ണകുമാർ. ഡി, ഡെപ്യൂട്ടി മാനേജർ, വി.എഫ്.പി.സി.കെ.

12. ശ്രീമതി ബിന്ദു. സി. വർഗ്ഗീസ്, അക്കൗണ്ട്സ് ഓഫീസർ, കെ.എസ്.ആർ.ഇ.സി.

13. ശ്രീ. പി. എസ്. രാജീവ്, എം.ഡി., കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ.

14. ശ്രീമതി ബിന്ദു ബാലഗോപാൽ, അക്കൗണ്ട്സ് ഓഫീസർ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്.

സമിതി 2016-17 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേൽ വിവിധ വകുപ്പുകളിൽ നിന്നുള്ള നടപടി റിപ്പോർട്ട് പരിഗണിക്കുകയും ചുവടെ ചേർക്കുന്ന ഖണ്ഡികകളിലെ നടപടി റിപ്പോർട്ടുകൾ അംഗീകരിക്കുകയും ചെയ്തു:

I. <u>ധനകാര്യ (നോഡൽ സെന്റർ-എ) വകുപ്പ്</u>

ഖണ്ഡികകൾ 24, 33, 97, 98, അംഗീകരിച്ചു.

II. <u>ക്ഷീരവികസന വകുപ്പ്</u>

ഖണ്ഡികകൾ 66, 67, 68, 69, 70, 71, 72, 73, 74, 75, 76, 77, 78, 79, 80 അംഗീകരിച്ചു.

III. <u>മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്</u>

ഖണ്ഡികകൾ 87, 88, 89, 97, 98, 104, 110, 111, 116, 122 അംഗീകരിച്ചു.

ഖണ്ഡിക 116-ൽ എസ്.ഡി.ജി. മുഖാന്തരം ലഭിച്ചതായി നോട്ടിൽ പരാമർശിച്ചിരിക്കുന്ന 15 കോടി രൂപ 10 കോടി രൂപയെന്ന് തിരുത്തേണ്ടതാണെന്ന് പ്ലാനിംഗ് വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു

IV. <u>മൃഗസംരക്ഷണ വകുപ്പ്</u>

ഖണ്ഡികകൾ 35, 36, 37, 38, 39, 40, 41, 42, 43, 44 അംഗീകരിച്ചു.

V. <u>കൃഷി വകുപ്പ്</u>

ഖണ്ഡികകൾ 1, 2, 3, 4, 5, 6, 7, 8, 9, 10, 11, 13, 14, 15, 16, 17, 18, 19, 20, 21, 22, 23, 24, 25, 26, 29, 33, 34

2016-17 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് അംഗീകരിച്ചു

ഇനി മറുപടി നൽകാനുള്ള വകുപ്പുകൾ അടിയന്തിരമായി സമർപ്പിക്കേണ്ടതും മേലിൽ കാലതാമസം വരുത്താതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണെന്ന് സമിതി നിർദ്ദേശിച്ചു.

യോഗം വൈകുന്നേരം 4.35-ന് പിരിഞ്ഞു.

## 24-7-2017-ലെ യോഗ നടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I-ന്റെ ഒരു യോഗം 2017 ജൂലൈ 24-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ ചേർന്നു. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 184 (3) പ്രകാരം സമിതിയംഗങ്ങൾ തെരഞ്ഞെടുത്ത മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രിയും സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവുമായ ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗവും വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവും ഹാജരായിരുന്നു.

ഹാജരായ അംഗം :

ശ്രീ. എം. നൗഷാദ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ. എം, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടിക്കാറാം മീണ, പ്രിൻസിപ്പൽ സെക്രട്ടറി & അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ, കൃഷി വകുപ്പ്.

2. ശ്രീ. അനിൽ സേവ്യർ, സെക്രട്ടറി, മൃഗസംരക്ഷണവും ക്ഷീരവികസനവും.

3. ശ്രീമതി ടി. കെ. ജയശ്രീ, അഡീഷണൽ സെക്രട്ടറി, പ്ലാനിംഗ് & ഇക്കണോമിക്സ് അഫയേഴ്സ് (HADA).

4. ശ്രീമതി എം. സി. പ്രസന്നകുമാരി, അഡീഷണൽ സെക്രട്ടറി, പ്ലാനിംഗ് & ഇക്കണോമിക്സ് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്.

5. ശ്രീ. ജെ. ജസ്റ്റിൻ മോഹൻ, ഡയറക്ടർ, സോയിൽ സർവ്വേ ആന്റ് സോയിൽ കൺസർവേഷൻ വകുപ്പ്.

6. ശ്രീ. എബ്രഹാം ടി. ജോസഫ്, ഡയറക്ടർ, ക്ഷീര വികസനവകുപ്പ്.

7. ശ്രീ. എ. സുനിൽകുമാർ, ഡയറക്ടർ (ഇൻ-ചാർജ്ജ്), കൃഷി വകുപ്പ്.

8. ശ്രീ. എ. ജെയിംസ് രാജ്, ജോയിന്റ് സെക്രട്ടറി, ഫിഷറീസ് & പോർട്ട്സ് ഡിപ്പാർട്ട്മെന്റ്.

9. ശ്രീമതി കെ. എം. ലതി, അഡീഷണൽ ഡയറക്ടർ, ഫിഷറീസ്.

10. ശ്രീമതി ടീന ഭാസ്കരൻ, അസിസ്റ്റന്റ് ഡയറക്ടർ (അഗ്രിക്കൾച്ചർ) കെ.എസ്.എൽ.യു.ബി.

11. ശ്രീമതി എൻ. ഹണി, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്.

12. ശ്രീ. കെ. എൻ. രാജശേഖരൻ, മാനേജർ, (എഫ്&എ) കേരള ഫീഡ്സ് ലിമിറ്റഡ്.

13. ശ്രീമതി ഫാത്തിമ പോൾ, അഗ്രോണമിസ്റ്റ്, കെ.എസ്.എൽ.യു.ബി.

14. ഡോ. കെ. എം. ശ്യാം മോഹൻ, ഫിനാൻസ് ഓഫീസർ, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല.

15. ശ്രീമതി ബിന്ദു ബാലഗോപാൽ, അക്കൗണ്ട്സ് ഓഫീസർ, കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.

സമിതി, പ്രത്യേക റിപ്പോർട്ടുകളിലെയും വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെയും ശിപാർശകളിൻമേൽ സർക്കാരിൽ നിന്നുള്ള മറുപടികൾ പരിഗണനക്കെടുക്കുകയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ യഥാസമയം റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ സമിതിക്കുള്ള അതൃപ്തി അറിയിച്ച ചെയർപേഴ്സൺ അടിയന്തരമായി റിപ്പോർട്ടുകൾ ലഭ്യമാക്കാൻ ഓർമ്മക്കുറിപ്പ് അയയ്ക്കാനും നിർദ്ദേശിച്ചു.

1. ഉപജീവന മാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണം സർക്കാർ പദ്ധതികൾ എന്ന വിഷയം സംബന്ധിച്ച് ചട്ടം 235 (1), (iii) പ്രകാരമുള്ള പ്രത്യേക റിപ്പോർട്ട് 2014

(ഫയൽ നമ്പർ 3467/സബ്.സി.സി2/2013/നി.സെ.)

ഖണ്ഡിക 15-ൻമേലുള്ള അധിക വിവരം പരിഗണിച്ച സമിതി, പ്രസ്തുത ശിപാർശ അടിയന്തര പ്രാധാന്യമുള്ള വിഷയമായതിനാൽ പ്രത്യേക പരിഗണന നൽകി അധിക തുക അനുവദിക്കണമെന്ന് ധനകാര്യവകുപ്പിനോട് ഒരിക്കൽകൂടി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, കാർഷിക വിവരവും വിനിമയവും, കാർഷിക സേവന കേന്ദ്രങ്ങളും സേവന വിതരണവും, മണ്ണ് സംരക്ഷണ പദ്ധതികൾ, മണ്ണ് പര്യവേഷണം എന്നീ വിഷയങ്ങൾ സംബന്ധിച്ച ചട്ടം 235 (I) (iii) പ്രകാരമുള്ള പ്രത്യേക റിപ്പോർട്ട്-2016

(ഫയൽ നമ്പർ 1070/സബ്.സി.സി2/2016/നി.സെ.)

ഖണ്ഡിക 11 എ അംഗീകരിച്ചു.

റിപ്പോർട്ടിലെ മറ്റു ഖണ്ഡികകളിലെ ശിപാർശകൾക്കും നടപടി റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടെന്നും കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു പ്രസ്തുത റിപ്പോർട്ടുകൾ സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ച സമിതി, അധിക തുക ലഭിയ്ക്കാത്തതല്ല നിലവിലുള്ള തുക ചെലവഴിക്കാത്തതാണ് പ്രശ്നമെന്നും നിരീക്ഷിക്കുകയും തുക ചെലവഴിക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ഗൗരവതരമായി ഇടപെടൽ നടത്തണമെന്നും നിർദ്ദേശിച്ചു.

3. 2009-10 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 15597/സബ്.സി.സി2/2009/നി.സെ.)

ഖണ്ഡിക നമ്പർ 24 & 25 അംഗീകരിച്ചു.

4. 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4871/സബ്.സി.സി2/2011/നി.സെ.)

ഖണ്ഡിക നമ്പർ 27 സംബന്ധിച്ച് സർക്കാരിൽനിന്ന് ലഭിച്ച അധിക വിവരം പരിഗണിച്ച് കൃഷി ഭവനുകളിലെ ജോലി ഭാരം കണക്കിലെടുത്ത് ഇതു പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളിലും അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ജോലികൾ നിർവഹിക്കുന്നതിനായി ക്ലാർക്കുമാരെ നിയമിയ്ക്കണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്തു.

5. 2013-14 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2848/സബ്.സി.സി2/2013/നി.സെ.)

ഖണ്ഡിക നമ്പർ 6,24 (അധിക വിവരം), 25 (അധിക വിവരം), 36 (അധിക വിവരം), 73,74,75,76,78,79,80,85 എന്നിവ സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 25-മേലുള്ള അധിക വിവരം സംബന്ധിച്ച ചർച്ചയിൽ നെല്ല് സംഭരിച്ച് അരിയാക്കി മാറ്റുന്നതിനുമുള്ള സംവിധാനം ആവശ്യമാണെന്നും തരിശ് ഭൂമിയിൽ കൃഷി ചെയ്യുന്നതുകൊണ്ട് ഇപ്പോൾ കൃഷിയിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്നും ആയത് സംഭരിച്ചുവെയ്ക്കുന്നതിനുള്ള സംവിധാനമില്ലെന്നും സമിതി അഭിപ്രായപ്പെട്ടതിന്; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് മുൻസിപ്പൽ, കോർപ്പറേഷൻ ഏരിയകളിലും ഗ്രാമ പ്രദേശങ്ങളിലും ചെറിയ മില്ലുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും കുട്ടനാട്, കോൾ, പൊക്കാളി ഉൾപ്പെടെ 7 നെൽ സോണുകൾ കേരളത്തിലുണ്ടെന്നും അതിനെ അടിസ്ഥാനപ്പെടുത്തി റൈസ് പാർക്കുകൾ സ്ഥാപിക്കാൻ നബാർഡിന്റെ കൺസൾട്ടൻസിയിൽ നാപ്കോൺസിനെ (Napcons) ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അവർ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാമെന്ന് പറഞ്ഞിട്ടുണ്ടെന്നും കൃഷിവകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

റൈസ് ബയോപാർക്കുകൾ സ്ഥാപിക്കൽ എന്നതു ഗൗരവമായി കാണണമെന്നും ആയതിനാൽ പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പിലാക്കണമെന്നും ഇതിൻമേലുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

6. 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധി ച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3979/സബ്.സി.സി12/2014/നി.സെ.)

ഖണ്ഡിക 20 (അധിക വിവരം), 25 എന്നിവയിലെ ശിപാർശകൾ താഴെപ്പറയുന്ന ചർച്ചകൾക്കുശേഷം അംഗീകരിച്ചു:

(ഖണ്ഡിക 20)

മലയോര വികസന ഏജൻസി നിർത്തലാക്കാൻ പോകുന്നുവെന്ന് തീരുമാനമെടുത്ത സാഹചര്യത്തിൽ ബാക്കി നിൽക്കുന്ന തുക എത്രയും വേഗം ചെലവഴിയ്ക്കണമെന്ന് സമിതി നിർദ്ദേശിച്ചു. സബ്ജക്ട് കമ്മിറ്റി ആവശ്യപ്പെടുന്ന ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി നൽകണമെന്നും സമിതി നിർദ്ദേശത്തോടെ പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

(ഖണ്ഡിക നമ്പർ 25)

2014-15-ൽ അനുവദിച്ച തുക, അടുത്ത വർഷത്തെ പദ്ധതിയിതര ഗ്രാന്റിൽനിന്നും കുറയ്ക്കുമെന്ന നിബന്ധനയോടെ തുക അനുവദിച്ചതിനാൽ സർവ്വകലാശാല കടക്കെണിയിലാവുമെന്ന് ഉദ്യോഗസ്ഥർ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് അടുത്ത വർഷം റിപ്പോർട്ടിലെ ശിപാർശ പ്രകാരമുള്ള ഗ്രാന്റ് പുനഃസ്ഥാപിച്ചുതരാൻ ശിപാർശ ചെയ്യാമെന്ന് സമിതി തീരുമാനിക്കുകയും, മറുപടി അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 48,49,51,53,54,55 അംഗീകരിച്ചു.

കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല

(ഖണ്ഡിക നമ്പർ 24)

പ്രസ്തുത ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ചില്ലെന്നു മാത്രമല്ല പ്ലാൻ വിഹിതമായി അനുവദിച്ച തുക പൂർണ്ണമായും ലഭിക്കുകയും, ചെയ്തില്ലെന്ന് കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചതിനെത്തുടർന്ന് സർവ്വകലാശാലകൾ റിസർച്ച് ഓറിയന്റഡ് പ്രവർത്തനങ്ങൾ നടത്തുന്നതിനാൽ ആവശ്യമായ ഫണ്ടില്ലാതെ മുന്നോട്ട് പോകാൻ സാധിയ്ക്കില്ലെന്നും അടിസ്ഥാന സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി സർവ്വകലാശാലകളെ റീ-സ്ട്രക്ച്ചർ ചെയ്യേണ്ടതുണ്ടെന്നും ആയതിനാൽ പ്രത്യേക പരിഗണന നൽകി അധിക തുക അനുവദിയ്ക്കണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യാൻ തീരുമാനിച്ചു

മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യ ലിമിറ്റഡ്

(ഖണ്ഡിക നമ്പർ 43,44,45,46)

സീറോ വേസ്റ്റ് എന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് ഫണ്ട് ലഭ്യമാക്കി ഇടയാർ ആധുനിക മീറ്റ് പ്രോസസിംഗ് പ്ലാന്റിന്റെ അനുബന്ധ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിയ്ക്കാൻ വകുപ്പ് ജാഗ്രത കാണിക്കണമെന്ന് സമിതി നിർദ്ദേശിച്ചു ഇതിനായി അടിയന്തരമായി തുക ലഭ്യമാക്കണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കേരള ഫീഡ്സ് ലിമിറ്റഡ്

(ഖണ്ഡിക നമ്പർ 50)

ഫീഡ് അനലറ്റിക്കൽ ലാബ് സ്ഥാപിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് വിഹിതമായ 2 കോടി ലഭ്യമായിട്ടില്ലെന്നത് കേരള ഫീഡ്സ് ലിമിറ്റഡ് മാനേജർ ശ്രദ്ധയിൽപ്പെടുത്തുകയും കേന്ദ്ര ഗവൺമെന്റിൽനിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിയ്ക്കണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യാമെന്ന് തീരുമാനിക്കുകയും ചെയ്തു.

(ഖണ്ഡിക 52)

വനിതകൾക്ക് ആട് വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇതുവരെയും തുക ലഭിച്ചിട്ടില്ലെന്ന് മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. കേന്ദ്ര ഗവൺമെന്റിൽനിന്നും 2 കോടി 59 ലക്ഷം രൂപ ആട് വിതരണത്തിനായി ലഭിച്ചിട്ടുണ്ടെങ്കിലും മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ലെന്നും

ബാക്കി തുക കൂടി ലഭിക്കുന്നതിനാണ് പുതിയ പ്രൊപ്പോസൽ നൽകിയതെന്നും കേരള ഫീഡ്സ് ലിമിറ്റഡ് പ്രോജക്ട് മാനേജർ സമിതിയെ അറിയിച്ചു. മുഴുവൻ തുകയും ചെലവഴിയ്ക്കാത്തത് ആടിനെ ആവശ്യമില്ലാത്തതു കൊണ്ടാണോയെന്ന സമിതി ചോദ്യത്തിന്, കമ്പനിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട മേഖലയിലല്ല പദ്ധതി നടത്തിപ്പിനുള്ള അനുവാദം കൊടുത്തിരിക്കുന്നതെന്നും ഈ പദ്ധതി നടത്തിപ്പ് കേരള ഫീഡ്സിനെ ഏൽപ്പിച്ചത് എന്തുകൊണ്ടാണെന്ന് അറിയില്ല എന്നും ഇത് കാലിത്തീറ്റ നിർമ്മാണം നടത്തുന്ന ഫാക്ടറിയാണെന്നും വേറെ ഏജൻസി വഴിയാണ് ആട് വിതരണം നടത്തേണ്ടതെന്നും ഒരു പ്രത്യേക സാഹചര്യത്തിലാണ് കമ്പനിയെ ഈ പദ്ധതി നടപ്പിലാക്കാൻ ഏൽപ്പിച്ചതെന്നും ആയതിനാലാണ് ഈ പദ്ധതി ശരിയായ രീതിയിലും സമയബന്ധിതമായും നടപ്പിലാക്കാൻ കഴിയാതെ പോയതെന്നും, ആയത് ഡയറക്ടറുടെ ചുമതലയിൽ കൊണ്ടുവന്ന് കുടുംബശ്രീവഴി ആടുകളെ വിതരണം ചെയ്താൽ ഈ പദ്ധതി വിജയകരമാകുമെന്നും മാറിയ സാഹചര്യത്തിനനുസരിച്ചുള്ള മാനദണ്ഡങ്ങൾ സ്വീകരിച്ച് പദ്ധതി നടപ്പിലാക്കേണ്ടതാണെന്ന ശിപാർശയാണ് നൽകേണ്ടതെന്നും മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. കാലാനുസൃതമായ മാറ്റംവരുത്തി ഈ പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ നിർദ്ദേശം വകുപ്പ് സെക്രട്ടറി നേരിട്ടുനൽകണമെന്നും പ്രോജക്ടിൽ മാറ്റം വരുത്തുമ്പോൾ കേന്ദ്ര ഗവൺമെന്റിൽനിന്നും അംഗീകാരം വാങ്ങണമെന്നും, നിർദ്ദേശിച്ച സമിതി പദ്ധതിയ്ക്കുള്ള തുക അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

7. 2016-17 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4803/സബ്.സി.സി2/2014/നി.സെ.)

ഖണ്ഡിക 12,81,82,83,84,86,90,92,93,94,95,96,100,101,103,105,106,107,109, 112,113,114,117,120,121 അംഗീകരിച്ചു.

(ഖണ്ഡിക 85)

മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് കഴിഞ്ഞ വർഷം തുക 2700-ൽ നിന്ന് 3,600/- ആയി വർദ്ധിപ്പിച്ചുവെങ്കിലും പ്രസ്തുത തുക (കേന്ദ്ര ഫണ്ട്) ലഭിയ്ക്കാതിരുന്നതുകൊണ്ട് നേരത്തെയുള്ള 2,700 രൂപ വച്ചാണ് പദ്ധതി നടപ്പിലാക്കിയതെന്ന് മത്സ്യബന്ധന വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ ധരിപ്പിച്ചു. കഴിഞ്ഞ വർഷത്തെ 3600 രൂപയിൽനിന്നും ഈ വർഷം 4500 രൂപയായി ഉയർത്തിയെങ്കിലും ഇതുവരെയും കേന്ദ്ര ഗവൺമെന്റിൽനിന്നും ഷെയർ ലഭിയ്ക്കാത്തതിനാൽ അധിക തുക അനുവദിക്കണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

(ഖണ്ഡിക 91)

കേന്ദ്രത്തിൽ നിന്നും ലഭിയ്ക്കേണ്ടതായ തുക അടിയന്തരമായി ലഭ്യമാക്കണമെന്ന് ചൂണ്ടിക്കാട്ടി ഫിഷറീസ്-അഗ്രിക്കൾച്ചർ വകുപ്പുകൾക്ക് കത്തയയ്ക്കണമെന്ന് സമിതി ഫിഷറീസ് & പോർട്ട്സ് വകുപ്പിനോടാവശ്യപ്പെട്ടു.

(ഖണ്ഡിക 99)

പ്രസ്തുത ശീർഷകത്തിൽ അടിയന്തരമായി തുക അനുവദിയ്ക്കണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

(ഖണ്ഡിക 102)

പ്രസ്തുത ശീർഷകത്തിലെ ബാക്കി തുക അടിയന്തരമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

(ഖണ്ഡിക 108)

പ്രസ്തുത ശീർഷകത്തിൽ ആവശ്യമായ ബാക്കി തുക അനുവദിയ്ക്കണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

(ഖണ്ഡിക 115)

ബാക്കി 3 കോടി രൂപ കൂടി അനുവദിയ്ക്കണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.35-ന് പിരിഞ്ഞു.

## 16-8-2017-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട്കമ്മിറ്റി-I, 2017 ഓഗസ്റ്റ് 16-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ, സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളും പ്രസ്തുതയോഗത്തിൽ ഹാജരായിരുന്നു:

1. ശ്രീ. പാറക്കൽ അബ്ദുള്ള, എം. എൽ. എ.
2. ശ്രീ. എ. പി. അനിൽ കുമാർ, എം. എൽ. എ.
3. ശ്രീ. ചിറ്റയം ഗോപകുമാർ, എം. എൽ. എ.

4. ശ്രീ. എസ്. ശർമ്മ, എം. എൽ. എ.

5. ശ്രീ. കെ. വി. വിജയദാസ്, എം. എൽ. എ.

നിയമസഭാ സെക്രട്ടറിയേറ്റ്:

1. ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി

2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീമതി ജയശ്രീ. എം. അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. എസ്. കാർത്തികേയൻ, ഐ. എ. എസ്, ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്

2. ശ്രീമതി എസ്. ലതി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

3. ശ്രീ. എസ്. സന്തോഷ്, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്

4. ശ്രീ. എ. ജയിംസ് രാജ്, ജോയിന്റ് സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്

5. ശ്രീ. ബി. ഇഗ്നേഷ്യസ് മൺട്രോ, ഡെപ്യൂട്ടി ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്.

The Kerla Marine Fishing Regulation (Amendment) Bill, 2017 സമിതി പരിഗണനയ്ക്ക് എടുക്കുകയും ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

*Clause 4*

In clause4, in the proposed sub-clause (da) of sub-clause (2), for the words "a village having area abutting to sea shore" the words "a fishing village notified as per section 3 of the Kerala Fishermen Welfare Societies Act, 1980 (Act 7 of 1981)" shall be substituted.

*Clause 5*

(i) In clause 5, the words "existing clause" shall be substituted by the words "clause(d)" and in the proposed sub-clause (e), for the words "such kind, type or size of fishing gear" the words "such type of, or such size of, fishing vessel or fishing gear" shall be substituted.

(ii) In the proposed sub-clause (f) after the word "noxious" the word. "chemicals" shall be inserted.

*Clause 6*

(i) The existing clauses (3) to (12) shall be renumbered as (5) to (14) and the clauses (3) and (4) shall be inserted as follows :—

"(3) Notwithstanding anything contained in this Act, but subject to provisions contained in sub-section (4), every owner of a boat building yard existing before the commencement of this Act may continue the same.

(4) Every boat building yard continued under sub-section (3) shall not continue after the expiry of three months from the date of commencement of this Act unless the unit is registered under section 9A:

Provided that the authorized officer may, for sufficient reasons to be recorded in writing, extend the time limit for registration for a further period not exceeding three months as he deems fit." ;

(ii) In the sub-clause renumbered as (6), sub-clause(c) shall be omitted and the sub-clause(d) and (e) shall be relettered as (c) and (d);

(iii) In the sub-clause renumbered as (13), for the word "navel", the word "naval" shall be substituted;

(iv) In the sub-clause (1) of the new section 9B proposed under clause (6), for the words "building yard", the words "boat building yard" shall be substituted;

(v) In the sub-clause (7) of the new section 9E proposed under clause (6), for the words " boat building yard" the words " fishing net production unit" shall be substituted and sub-clause (12) shall be omitted;

(vi) In the new section 9F proposed under clause (6), for the words "be permitted to function which is not registered" the words "function without registration" shall be substituted.

(vii) After section 9G, section 9H shall be inserted as follows :—

"9H. Appeal against the order of refusal, cancellation, suspension or renewal of registration.—(1) Any owner of the boat building yard or fishing net production unit aggrieved by an order of the authorised officer refusing, suspending or cancelling the registration or refusing the renewal of registration may, within thirty days from the date of receipt of such order, prefer an appeal to the Joint Director of Fisheries, Government of Kerala of the zone concerned.

(2) On receipt of an appeal under sub-section, (1) the Joint Director of Fisheries, Government of Kerala of the zone concerned shall, after conducting such enquiry as he deems fit and after, giving the appellant and the authorised officer concerned an opportunity of being heard, pass such orders thereon as he deems fit."

*Clause 7*

(i) In item 'c' of sub-clause (2) the word "nearby" shall be omitted.

(ii) In item (e) of sub-clause (2) of Clause 7, for the word "one", the word "three" shall be substitued and the following explanation shall be inserted after sub-clause (e) :—

"Explanation.—In the case of fishing village shared by more than one Grama Panchayath/Municipality or more than one division of Municipal Corporation, the head of the Grama Panchayath/Municipality or Division Member of Municipal Corporation where most of the fishermen of the respective fishing village belong shall be the head of Fishing Village Management Council.";

(iii) In sub-clause (3), after item(b), the following shall be inserted as item(c), "(c) Mayor of the Municipal Corporation (if the Municipal Corporation has a Marine Fishing Village)-Member;" and the rest of the items shall be relettered as item (d) to (g).

(iv) In sub-clause (4), for the words "State fisheries management council", the words "State Fisheries Management Council" shall be substitued;

(v) In item (h) of sub-clause(4) , the word "each" shall be omitted and for the word "Members" against it, the word "Member" shall be substitued;

(vi) After sub-clause (4), the following sub-clauses (5) to (8) shall be inserted and existing sub-clause(5) shall be renumbered as (9):—

" (5) The term of office of non-official members of the councils shall be five years from the date of publication of the notification constituting the council concerned.

(6) Any non-official member may resign his membership by giving notice in writing to the Government but shall continue to hold office until his resignation is accepted by the Government.

(7) A vacancy arising by reason of resignation shall be filled up within three months and the member so appointed shall hold office only for the remaining period of the term.

(8) The Government may remove any member,—

(a) if he is of unsound mind;

(b) if he is adjudged as undischarged insolvent;

(c) becomes incapable of continuing as such, due to physical or mental disability;

(d) has been convicted for an offence, which in the opinion of the Government involves moral turpitude or financial irregularities.";

(vii) In the renumbered sub-clause(9), wherever the words "State Fisheries Management Society" occurs, substitute the word "State Fisheries Resource Management Society" and substitute the words "State Fisheries Management Councils" by the words "State Fisheries Management Council".

(viii) In the proposed new Section 13D, for the clause(i), the words "and execute" shall be omitted;

(ix) In clause(ii), the words "to advice Director of Fisheries" shall be omitted;

(x) In clause(iii), for the words "to provide technical and other assistance to the Department of Fisheries for the creation of", the words "to create" shall be substitued;

(xi) Clause (vii) shall be omitted and the clause (viii) shall be renumbered as (vii) and in the newly renumbered clause(vii), the words "to the State Government" shall be omitted;

(xii) Clauses(ix), (x), (xi), (xiii), (xiv), (xv), (xvi) shall be omitted and the rest of the clause shall be renumbered accordingly and in the newly renumbered clause (ix), the words "the State Management Council" shall be substituted with the words "the State Fisheries Management Council."

*Clause 10*

The section 17 of the principal Act proposed to be amended by clause(10), the following shall be substitued as Section 17 :—

"10. Substitution of section 17.—For section 17 of the principal Act, the following section shall be substitued, namely:—

"17. Penalty.—(1) Where the adjudicating officer, after enquiry under section 16, finds that any person has used or caused or allowed to be used,—

(a) any fishing vessel fitted with 100 hp engine or above as single or in to or any mechanized fishing vessel in contravention of the provisions of section 5 or 7 of this Act or any rule made or order issued thereunder shall be liable to penalty of an amount of two lakh and fifty thousand rupees;

(b) any non-mechanised fishing vessel fitted with engine in between 10 hp and 100 hp as single or in toto, in contravention of the provisions of section 5 or 7 of this Act or any rule made or order issued thereunder shall be liable to penalty of an amount of one lakh rupees;

(c) any non-motorised fishing vessel or any motorised fishing vessel fitted with 10 hp engine or below, in contravention of the provisions of section 5 or 7 of this Act or any rule made or order issued thereunder shall be liable to penalty of an amount of ten thousand rupees;

(d) any boat building yard in contravention of the provisions of section 9C of this Act or any rule made or order issued thereunder or has violated any of the conditions of the registration certificate or licence, shall be liable to penalty of an amount of two lakh and fifty thousand rupees;

(e) any fishing net production unit in contraventioin of the provisions of section 9F of this Act or the rules made or order issued thereunder or has violated any of the conditions of the registration certificate or licence, shall be liable to penalty of an amount of two lakh and fifty thousand rupees :

Provided that where the penalty under this sub-section is imposed on a person for the second or subsequent time and for the same offence, such person shall be punished with double the amount of the penalty and the registration and/or licence shall be suspended or cancelled :

Provided further that if the person has not remitted the penalty imposed under this sub-section, the fishing vessel shall be seized and in the case of the boat building yard and fishing net production unit, it shall be sealed and shall be forfeited or attached and sold, as the case may be, to the Government after giving proper notice, in the manner as may be prescribed.

(2) In addition to any penalty that may be imposed under sub-section (1), the fish seized under section 14 shall be forfeited to the Government.

(3) No person shall, on and from such date as may be notified by the Government, use such type of fishing vessel specified in such notification,—

(a) without holographic registration plate;

(b) without life saving appliances;

(c) without certified syrang;

(d) without certified engine driver;

(e) without signal flag and light;

(f) without colour coding.

(4) Any person who violates any of the provisions of sub-section (3) and found guilty shall,—

(a) in case of non-motorized fishing vessel fitted with 10 hp engine or below be liable to pay a penalty of two thousand and five hundred rupees;

(b) in the case of fishing vessel fitted with engine in between 10 and 100 hp, liable to pay a penalty of ten thousand rupees;

(c) in the case of fishing vessel fitted with 100 hp engine or above, be liable to pay a penalty of twenty five thousand rupees:

Provided that where the penalty under this sub-section is imposed on a person for the second or subsequent time and for the same offence, such person shall be punished with double the amount of the penalty and the licence shall be suspended or cancelled:

Provided further that if the person has not remitted the penalty imposed under this sub-section, the fishing vessel shall be impounded.

(5) Any amount of penalty imposed under this Act shall be recovered as if it were an arrear of public revenue due on land."

*Clause 11*

For the clause(b) proposed to be amended, the following shall be substitued as "(b) in clause (j) for the word, brackets and figure "sub-section (2)", the words, brackets and figures "sub-sections (2) and (3)" shall be substitued."

ടി ഭേദഗതികൾക്ക് സർവ്വശ്രീ പാറക്കൽ അബ്ദുള്ള, എ. പി. അനിൽ കുമാർ എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി. ടി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 18-8-2017-ൽ സഭയിൽ സമർപ്പിക്കുന്നതിനും സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 12 മണിക്ക് പിരിഞ്ഞു.

## 21-8-2017-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I, 2017 ഓഗസ്റ്റ് 21-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 3.40-ന് സമിതി ചെയർമാനായ ബഹു. കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാജുവും ചുവടെ ചേർത്തിരിക്കുന്ന അംഗവും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു:

ശ്രീ. കെ. കുഞ്ഞിരാമൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ. എം. അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. അനിൽ. എക്സ്, സെക്രട്ടറി, മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ്
2. ശ്രീ. എം. എച്ച്. മുഹമ്മദ് റാഫി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീമതി കെ. എം. ലതി, അഡീഷണൽ സെക്രട്ടറി, ഫിഷറീസ് വകുപ്പ്
4. ശ്രീമതി എസ്. തുളസികുമാരി, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്
5. ഡോ. എസ്. ബാബു, രജിസ്ട്രാർ, കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ
6. ശ്രീ. പി. കെ. അനിൽ കുമാർ, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

I സമിതി ചുവടെ ചേർത്തിരിക്കുന്ന എസ്. ആർ. ഒ. കൾ പരിഗണിക്കുകയും അവ സാധൂകരിക്കുകയും ചെയ്തു:

1. 2016-ലെ കേരള മത്സ്യവിത്ത് ചട്ടങ്ങൾ ഭേദഗതി ചെയ്ത വിജ്ഞാപനം
   (എസ്.ആർ. ഒ. നമ്പർ 746/2016) തെറ്റുതിരുത്തൽ വിജ്ഞാപനം
   (ഫയൽ നമ്പർ 1122 സബ്. സി. സി2/2015/ നി. സെ.)
2. കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ പുനഃസംഘടിപ്പിക്കുന്നത് സംബന്ധിക്കുന്ന എസ്. ആർ. ഒ. കൾ
   (എസ്. എസ്. ആർ. ഒ. നമ്പർ 699/2016,773/2016)
   (ഫയൽ നമ്പർ 3123/സബ്. സി. സി2/2017/നി. സെ.)
3. ആഫ്രിക്കൻമുഷി നിരോധിച്ചുകൊണ്ടുള്ള വിജ്ഞാപനം
   (എസ്. ആർ. ഒ. നമ്പർ 350/2017)
   (ഫയൽ നമ്പർ 3387/സബ്. സി. സി2/2017/നി. സെ.)

II. 2016-17 സാമ്പത്തികവർഷത്തെ പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 4.00 മണിക്ക് പിരിഞ്ഞു.

## 25-10-2017-ലെ യോഗ നടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I, 2017 ഒക്ടോബർ 25-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്ക് ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും കൃഷി വകുപ്പുമന്ത്രിയുമായ ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജു, ചുവടെ ചേർത്തിരിക്കുന്ന അംഗം എന്നിവർ പ്രസ്തുത യോഗത്തിൽ പങ്കെടുത്തു:

<u>ഹാജരായ അംഗം :</u>

ശ്രീ. പാറക്കൽ അബ്ദുല്ല, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ. എം., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. അനിൽ സേവ്യർ, സെക്രട്ടറി, മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ്.

2. ഡോ. എൻ. എൻ. ശശി, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്.

3. ശ്രീ. എബ്രഹാം. റ്റി. ജോസഫ്, ഡയറക്ടർ.

4. ഡോ. പി. പുഗഴേന്തി, മാനേജിംഗ് ഡയറക്ടർ, മിൽമ.

5. ഡോ. വിനോദ് ജോൺ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ്-പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ.

6. ഡോ. ജോസ് ജയിംസ്, മാനേജിംഗ് ഡയറക്ടർ, കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ്.

7. ഡോ. എം.എസ്. ബിജുലാൽ, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്.

8. ഡോ. ബി. ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്.

9. ഡോ. കെ. എസ്. അനിൽ, പ്രൊഫസർ (ഫാം) കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി.

"കന്നുകാലി സമ്പത്തിന്റെ ആരോഗ്യ സംരക്ഷണം, വർഗ്ഗോദ്ധാരണ പദ്ധതികൾ, പാൽ, മാംസം, മുട്ട എന്നിവയുടെ ഉല്പാദന വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട് പദ്ധതികൾ" എന്ന വിഷയം സമിതി പരിഗണനക്കെടുക്കുകയും വകുപ്പുതല ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. പാൽ ഉല്പാദന രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് സമിതി ആരാഞ്ഞതിന് സംസ്ഥാനത്ത് ആവശ്യമായ പാലിന്റെ എൺപതു മുതൽ എൺപത്തിയഞ്ച് ശതമാനം വരെ ഇപ്പോൾ ഉൽപാദിപ്പിക്കുന്നുണ്ടെന്നും അടുത്ത രണ്ടു വർഷത്തിനുള്ളിൽ പാലിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നതെന്നും ഇപ്പോഴത്തെ സ്ഥിതി അനുസരിച്ച് അത് സാധിക്കാനാവുമെന്നും പാലുല്പാദന രംഗത്ത് പ്രതീക്ഷയ്ക്കൊത്ത പുരോഗതി കൈവരിച്ചെങ്കിലും മുട്ടയുടേയും മാംസത്തിന്റെയും കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സാധിച്ചിട്ടില്ലെന്നും മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി മറുപടി നൽകി. ഡെൻസിറ്റി ഓഫ് പോപ്പുലേഷൻ വളരെ കൂടുതലായതിനാൽ കേരളത്തിൽ മേച്ചിൽപ്പുറങ്ങൾ കുറവാണെന്നും മിൽമ, കേരള ഫീഡ്സ് തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങൾ കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും 99 ശതമാനം അസംസ്കൃത വസ്തുക്കളും അന്യസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതിചെയ്യേണ്ട അവസ്ഥയാണ് നിലവിലുള്ളതെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. അസംസ്കൃത വസ്തുക്കളുടെ അളവ് കണക്കാക്കിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ചോളം, ഡീ ഓയിൽഡ് റൈസ്ബ്രാൻ, കടലപ്പിണ്ണാക്ക് എന്നിവയാണ് ഇറക്കുമതി ചെയ്യുന്നതെന്നും കേരള ഫീഡ്സിന്റെ ആകെ ചെലവിൽ 91.15% അസംസ്കൃത വസ്തുക്കൾക്കായി മാത്രം ചെലവുവരുന്നുണ്ടെന്നും കേരള ഫീഡ്സ് മാനേജിംഗ് ഡയറക്ടർ അറിയിച്ചു കേരള ഫീഡ്സ് അഭിമുഖീകരിക്കുന്ന പ്രതിസന്ധിയെക്കുറിച്ച് വ്യക്തമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടതിന് കേരള ഫീഡ്സിന്റെ ഇപ്പോഴത്തെ പ്രൊഡക്ഷൻ കപ്പാസിറ്റി 1250 ടണ്ണാണെന്നും അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവാണ് പ്രധാന പ്രശ്നമെന്നും അദ്ദേഹം അറിയിച്ചു. സംസ്ഥാനത്തെ മില്ലുകളിൽനിന്നും തുച്ഛമായ അളവിൽ മാത്രമാണ് കൊപ്രപ്പിണ്ണാക്ക് സംഭരിക്കുന്നതെന്നും കാലിത്തീറ്റ നിർമ്മാണത്തിന് ഡീ-ഓയിൽഡ് പിണ്ണാക്ക് ആണ് ആവശ്യം എന്നതിനാൽ, ഇവിടെ നിന്നു സംഭരിച്ചാൽ വീണ്ടും പ്രോസസ് ചെയ്യേണ്ടിവരുമെന്നും കേരള ഫീഡ്സ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു കേര ഫെഡ് ഡീ-ഓയിൽഡ് കേക്ക് ടെൻഡർ ചെയ്തുകൊടുക്കുന്നുണ്ടെന്നും അത് പൂർണ്ണമായും കേരള

ഫീഡ്സിന് നൽകുന്നതിനുള്ള എം. ഒ. യും വയ്ക്കേണ്ടതാണെന്നും ഇ-ടെൻഡർ മുഖേന സഹകരണ മേഖലയിലെ സർക്കാർ മില്ലുകൾ, മോഡേൺ റൈസ് മിൽ, പാലക്കാട് റൈസ് മിൽ എന്നിവിടങ്ങളിൽനിന്നും തവിട് നിർബന്ധപൂർവ്വം സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ലഭ്യമാക്കിയാൽ അത് റോ മെറ്റീരിയലായി മാറ്റാൻ സാധിക്കുമെന്നും സമിതി നിർദ്ദേശിച്ചു. തമിഴ്നാട്ടിൽനിന്നും ഒരു ലോഡ് വൈക്കോൽപോലും കേരളത്തിലേക്ക് കയറ്റുമതി ചെയ്യാൻ അനുവദിക്കുന്നില്ലെന്നും കേരളത്തിൽ നിന്നും വൈക്കോൽ പല സംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നതിന് നിബന്ധനവച്ചാൽ വൈക്കോൽ ക്ഷാമം ഒരുപരിധിവരെ കുറയ്ക്കാൻ സാധിക്കുമെന്നും സമിതി നിർദ്ദേശിച്ചു. തൃശ്ശൂർ ജില്ലയിൽ മെഷീനറിയുടെ സഹായത്തോടെ വൈക്കോൽ കെട്ടി ഉപയോഗിക്കുന്നതുപോലെ കുട്ടനാടൻ മേഖലകളിലും ഈ സംവിധാനമൊരുക്കുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും എന്നാൽ വൈക്കോൽ കെട്ടിക്കിടന്ന് നശിക്കുന്നത് തടയാമെന്നും സമിതി അഭിപ്രായപ്പെട്ടു. കേരളത്തിൽ ഈ വർഷം 1200 ഹെക്ടർ സ്ഥലത്ത് പുതുതായി എള്ള് കൃഷി ചെയ്യുന്നതിനും അടുത്ത വർഷം ഇതു വ്യാപിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ടെന്നും ഇതിലൂടെ എള്ള്, എണ്ണ, പിണ്ണാക്ക് എന്നിവ ലഭിക്കുകയും കുറെയധികം റോ മെറ്റീരിയൽ സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കാൻ കഴിയുമെന്നും സമിതി വിലയിരുത്തി.

കാലിത്തീറ്റയുടെ നിർമ്മാണച്ചെലവ് കുറയ്ക്കുന്നതിനായി റോ മെറ്റീരിയൽസ് പല ഏജൻസികളിൽനിന്നും ലഭ്യമാക്കുന്നതിനുവേണ്ടി കൃഷി വകുപ്പ് മന്ത്രിയുടെയും സെക്രട്ടറിയുടേയും ഉയർന്ന ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ സംയുക്തയോഗം വിളിച്ചുകൂട്ടി വിശദമായി ചർച്ച ചെയ്ത് ഇക്കാര്യത്തിൽ തീരുമാനമെടുക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

ക്ഷീരവികസന വകുപ്പ് 2017-18 വർഷം നടപ്പിലാക്കിവരുന്ന പദ്ധതികളായ മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതികൾ, കാലിത്തീറ്റ ധനസഹായ പദ്ധതി, തീറ്റപ്പുൽ വികസന പദ്ധതികൾ, ഗ്രാമീണ വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ, ഗുണനിലവാര നിയന്ത്രണ പദ്ധതികൾ, എന്നിവയെക്കുറിച്ച് സമിതി ചർച്ച ചെയ്തു.

കൂടുതൽ ഉരുക്കളെ വാങ്ങുവാൻ കർഷകന് ധനസഹായം നൽകുക, കിടാരി വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക, നിലവിലുള്ള ഡയറി ഫാമുകൾ ആധുനികവൽക്കരിക്കുക, ഫാമുകളിൽ യന്ത്രവൽക്കരണം നടപ്പിലാക്കുക, ശാസ്ത്രീയമായ രീതിയിൽ തൊഴുത്തു പണിയുക, കറവയന്ത്രം വാങ്ങുന്നതിന് ധനസഹായം നൽകുക, വെർമി കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ധനസഹായ പദ്ധതി എന്നിവയാണ് മിൽക്ക് ഷെഡ് പദ്ധതിയിലുള്ളതെന്ന് ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ ധരിപ്പിച്ചു. 3684 ക്ഷീരസഹകരണ സംഘങ്ങളാണ് സംസ്ഥാനത്തുള്ളതെന്നും, അവയ്ക്കുവേണ്ട മാനേജീരിയൽ അസിസ്റ്റൻസ് അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ ക്ഷീര

സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതികൾവഴി നടപ്പിലാക്കുന്നുണ്ടെന്നും ക്ഷീര സംഘങ്ങളിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും 1 രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി അനുവദിക്കുന്നുണ്ട്, എന്നാൽ വർഷം മുഴുവനും അത് നൽകുന്നതിന് സാധിക്കുന്നില്ലെന്നും ഇതിനുവേണ്ടി കാലിത്തീറ്റ സഹായ പദ്ധതി നടപ്പിലാക്കുന്നുണ്ടെന്നും പൊതുമേഖലാ സ്ഥാപനങ്ങളുടെ തരിശ്ശായി കിടക്കുന്ന സ്ഥലങ്ങളിലും പൊതു സ്ഥലങ്ങളിലും തീറ്റപ്പുൽകൃഷി ചെയ്യുന്നതിനാവശ്യമായ സഹായം ചെയ്തു കൊടുക്കണമെന്ന് കളക്ടർമാരുടെയോഗത്തിൽ ആവശ്യപ്പെടുമെന്നും അതു സംബന്ധിച്ച് നോട്ടം നൽകിയിട്ടുണ്ടെന്നും ഡയറക്ടർ അറിയിച്ചു. കർഷക സമ്പർക്ക പരിപാടികൾ, ബ്ലോക്ക് ജില്ലാ ക്ഷീര കർഷക സംഗമങ്ങൾ സംഘടിപ്പിക്കൽ, അവാർഡുകൾ നൽകൽ എന്നിവയാണ് ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നതെന്നും ക്ഷീരവികസന വകുപ്പ് ഡയറക്ടർ സമിതിയെ ധരിപ്പിച്ചു.

മലബാർ മേഖലയിലെ പല ക്ഷീര സംഘങ്ങളിലും വൈകിട്ട് പാൽ ശേഖരിക്കാത്തതു കാരണം കർഷകർ ഉത്പാദിപ്പിക്കുന്ന പാൽ വിപണനം ചെയ്യാനാകാതെ ഉപയോഗ ശൂന്യമാകുന്നുവെന്ന് സമിതി ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ഇക്കാര്യം മലബാർ യൂണിയനെക്കൊണ്ട് പരിശോധിപ്പിച്ച് ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് മിൽമ ഡയറക്ടർ സമിതിക്ക് ഉറപ്പുനൽകി. കൂടാതെ മിൽക്ക് റൂട്ട് ഇല്ലാത്ത സംഘങ്ങൾക്ക് തൊട്ടടുത്ത ക്ഷീര സംഘങ്ങളിൽ പാൽ എത്തിക്കാൻ നൽകുന്ന ധനസഹായം അവ വേണ്ടുംവിധം വിനിയോഗിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാനും സമിതി നിർദ്ദേശിച്ചു.

കേരളത്തിലെ മൃഗസംരക്ഷണ മേഖലയിൽ ഒരു വർഷം 125000 പശുക്കുട്ടി കളെയെങ്കിലും തീറ്റ കൊടുത്ത് വളർത്തിയാൽ മാത്രമേ നമ്മൾ ലക്ഷ്യമിട്ടിട്ടുള്ള പാലുല്പാദനത്തിൽ എത്താൻ സാധിക്കുകയുള്ളുവെന്നും കൂടാതെ ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ, പാലോട് എന്ന സ്ഥാപനത്തെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസ് എന്ന് പുനർനാമകരണം ചെയ്യുകയും അവിടെ ക്യാൻസർ റിസർച്ച് സെന്റർ സ്ഥാപിച്ച് ആക്ടിവിറ്റീസ് ഇനിഷ്യേറ്റ് ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും റാബീസ് വാക്സിന്റെ ലബോറട്ടറി പാലോട് ആരംഭിക്കാൻ പോകുകയാണെന്നും അതിനുള്ള ഡി. പി. ആർ. ഗവൺമെന്റിന് നൽകിയിട്ടുണ്ടെന്നും 150 കോടി രൂപ ചെലവിൽ മനുഷ്യർക്കും മൃഗങ്ങൾക്കും ആവശ്യമായ ആന്റി റാബീസ് വാക്സിൻ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്ന തെന്നും 2 വർഷത്തിനുള്ളിൽ അവിടെ ഉല്പാദനം ആരംഭിക്കാൻ കഴിയു മെന്നാണ് കണക്കാക്കുന്നതെന്നും മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ ധരിപ്പിച്ചു.

കേരള ഫീഡ്സ് ലിമിറ്റഡിന് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനെക്കുറിച്ച് ഒരിക്കൽക്കൂടി വിശദമായി ചർച്ച ചെയ്യുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും സംയുക്തയോഗം ചേരാമെന്ന് സമിതി നിർദ്ദേശിച്ചു.

ഏത്രൂർ പഞ്ചായത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന മാംസ സംസ്കരണ യൂണിറ്റി ലേക്കായി 150 ലക്ഷം രൂപ ഗ്രാന്റായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യണമെന്ന് മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടറുടെ ആവശ്യത്തിന്മേൽ അപ്രകാരം ശിപാർശ ചെയ്യാമെന്ന് സമിതി നിർദ്ദേശിച്ചു. മുട്ടക്കോഴിയുടെ ഉൽപ്പാദനവും വിതരണവും നടത്തുന്ന കെപ്കോ എങ്ങനെയാണ് ഇറച്ചിക്കോഴിയുടെ ഉല്പാദനം നടത്തുന്നതെന്ന സമിതിയുടെ ചോദ്യത്തിന്, തിരുവനന്തപുരത്ത് കുടപ്പനക്കുന്നിൽ മാത്രമാണ് ഇറച്ചിക്കോഴിയുടെ പാരന്റ് സ്റ്റോക്ക് ഉള്ളതെന്നും അത് വർദ്ധിപ്പിക്കാൻ വേണ്ടിയാണ് കാസർഗോഡ് ജില്ലയിൽ പാരന്റ് സ്റ്റോക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും അതുപോലെ കൊല്ലത്തും കോഴിക്കോട്ടും സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് ഈ വർഷത്തെ ബജറ്റ് പ്രൊപ്പോസലിൽത്തന്നെ ഇതു ഉൾപ്പെടുത്തുന്നതുമാണെന്ന് കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. കൂടാതെ കേരളത്തിൽ ഒരു ലക്ഷം കോഴിക്കുഞ്ഞുങ്ങളെ ഒരു വർഷം കെപ്കോ ഉത്പാദിപ്പിക്കുന്നുണ്ടെന്നും തോട്ടത്തറയിൽ ആറേഴ മാസത്തിനുള്ളിൽ സ്ഥാപിക്കുന്ന ഹാച്ചറി യൂണിറ്റിലൂടെ ഒരാഴ്ച 30,000 കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

യോഗം വൈകുന്നേരം 3.55-ന് അവസാനിച്ചു.

## 17-1-2018-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I, 2018 ജനുവരി 17-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.
2. ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.
3. ശ്രീ. എം. വിൻസന്റ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി

2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീമതി ജയശ്രീ. എം., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടിക്കാറാം മീണ, പ്രിൻസിപ്പൽ സെക്രട്ടറി & അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ, കൃഷി വകുപ്പ്.

2. ശ്രീ. അനിൽ സേവിയർ, സെക്രട്ടറി, മൃഗസംരക്ഷണവും ക്ഷീര വികസനവും വകുപ്പ്.

3. ശ്രീ. കെ. സുദർശനൻ, സ്പെഷ്യൽ സെക്രട്ടറി, പ്ലാനിംഗ് ആന്റ് എക്കണോമിക് അഫയേഴ്സ് വകുപ്പ്.

4. ശ്രീ. സുനിൽ കുമാർ എ. എം., ഡയറക്ടർ, കൃഷിവകുപ്പ്.

5. ഡോ. എൻ. എൻ. ശശി, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്.

6. ശ്രീമതി കെ. മിനി, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്.

7. ശ്രീമതി എം. സി. പ്രസന്നകുമാരി, അഡീഷണൽ സെക്രട്ടറി, പ്ലാനിംഗ് & എക്കണോമിക്സ് അഫയേഴ്സ് വകുപ്പ്.

8. ശ്രീമതി കെ. എസ്. ഉഷ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

9. ശ്രീ. മുഹമ്മദ് അൻസാരി, ജോയിന്റ് സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.

10. ശ്രീ. ജെ. ജസ്റ്റിൻ മോഹൻ, ഡയറക്ടർ സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ വകുപ്പ്.

11. ശ്രീ. ഇ. പി. രാജമോഹൻ, കംപ്ട്രോളർ, കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി.

12. ശ്രീമതി എസ്. തുളസി കുമാരി, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ് (ഇൻലാന്റ്).

13. ഡോ. കെ. പി. രഘുനാഥ മേനോൻ, ഡയറക്ടർ, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൺവയോൺമെന്റ് സെന്റർ (KSREC).

14. ശ്രീമതി നജ്മ. യു, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ.

15. ശ്രീമതി എം. അനിതകുമാരി, അഡീഷണൽ ഡയറക്ടർ, സോയിൽ സർവ്വേ ഡിപ്പാർട്ട്മെന്റ്.

1242/2018.

16. ശ്രീ. ബി. അജിത്കുമാർ, അഡീഷണൽ ഡയറക്ടർ, സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ്.

17. ശ്രീ. ടോംസ് ജോസഫ്, ജോയിന്റ് ഡയറക്ടർ, റബ്ബർ ബോർഡ്.

18. ശ്രീ. എൻ. രാജഗോപാൽ, സെക്രട്ടറി (ഇൻചാർജ്) റബ്ബർ ബോർഡ്.

അനിമൽ ഹസ്ബന്ററി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ഭേദഗതി, 2016-ലെ കേരള മത്സ്യവിത്ത് ചട്ടങ്ങൾ ഭേദഗതി ചെയ്ത് പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ സാധൂകരണം, റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ലഭ്യമാക്കിയ അധികവിവരം, വിവിധ വർഷങ്ങളിലെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭ്യമാക്കിയ മറുപടികൾ എന്നിവ സമിതി പരിഗണിക്കുകയും ചുവടെ പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## I. അനിമൽ ഹസ്ബന്ററി സ്ബോർഡിനേറ്റ് സർവ്വീസസ് സ്പെഷ്യൽ റൂൾ ഭേദഗതി

(ഫയൽ നമ്പർ 246/സബ്.സി.സി2/2017/നി.സെ.)

മൃഗസംരക്ഷണ വകുപ്പിൽ റെഫ്രിജറേഷൻ മെക്കാനിക്ക് ചിക് സെക്സർ എന്നീ ഒഴിവുകളിലേക്കായി വൊക്കേഷണൽ ഹയർ സെക്കന്ററി പാസ്സായി വരുന്നവരെക്കൂടി ഉൾക്കൊള്ളിക്കാനാണ് സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തേണ്ടതെന്ന് മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ ധരിപ്പിച്ചു. ആയതു പ്രകാരം സമിതി ഡ്രാഫ്റ്റ് റൂൾ പരിഗണിക്കുകയും ചുവടെ ചേർക്കുന്ന ഭേദഗതികൾ വരുത്തുകയും ചെയ്തു.

റെഫ്രിജറേഷൻ മെക്കാനിക്ക് തസ്തികയിൽ നിലവിലുള്ള യോഗ്യതയായ എസ്.എസ്.എൽ.സി.യും ഐ.ടി.ഐ.യും എന്നത് നിലനിർത്തുകയും കൂടാതെ ഇതിന് പകരമായി വി.എച്ച്.എസ്.സി. കൂടി ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രകാരം ഭേദഗതി വരുത്താൻ തീരുമാനിക്കുകയും ചെയ്തു.

(1) 2. "Amendment of the rules'എന്നതിൽ ' (2)in rule 4, (i)

for the existing items (1) and (2) under the heading "For promotion or direct recruitment" in column (2) against category IV (3) Refrigeration Mechanic, the following item and note shall be substituted, namely:—" എന്നതിൽ "substituted" എന്ന വാക്കിനു പകരം "added" എന്ന വാക്ക് ചേർക്കണം.

കൂടാതെ "A pass in vocational Higher Secondary Education Course in Refrigeration and Air Conditioning" എന്നതിനുപകരം

1. A pass in SSLC or equivalent Qualification

2. NTC in Refrigeration and Air conditioning or its equivalent

OR

A pass in Vocational Higher Secondary Education Course in Refrigeration and Air Conditioning" എന്ന ചേർക്കണം.

(2) 2. Amendment of the rules എന്നതിലെ '(2) in rule 4(ii)',

"(ii) for the existing entries in column (2) against category VII(I) Chick Sexer, the following heading, item and Note shall be substituted, namely:—"

എന്നതിൽ substituted എന്ന വാക്കിന് പകരം "added "എന്ന വാക്ക് ചേർക്കണം, കൂടാതെ

"For direct recruitment and transfer

A pass in Vocational Higher Secondary Course in Livestock

Management with "Poultry Husbandry as special Subject" എന്നതിന പകരം

"For direct recruitment and transfer

A pass in VHSE in Live Stock Management/SSLC or equivalent examination

OR

A pass in Vocational Higher Secondary Course in Live Stock Management with "Poultry Husbandry as special subject" എന്നും ചേർക്കണം.

നോട്ടിലെ പേജ് 24, കോളം 2-ൽ (2) In the absence a qualified hands under item (1) above A pass in SSLC or equivalent examination എന്നത് delete ചെയ്യണം.

## II. 2016-ലെ കേരള മത്സ്യവിത്ത് ചട്ടങ്ങൾ ഭേദഗതി ചെയ്ത് പുറപ്പെടുവിച്ച വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 465/2017) സാധൂകരണം

(ഫയൽ നമ്പർ 3948/സബ്.സി.സി2/17/നി.സെ.)

എസ്.ആർ.ഒ. നമ്പർ 465/2017 സാധൂകരിച്ചു.

## III. റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ എന്ന വിഷയം സംബന്ധിച്ച 21-12-2016-ൽ കൂടിയ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

(ഫയൽ നമ്പർ 5305/സബ്.സി.സി2/2016/നി.സെ.)

വകുപ്പിൽ നിന്നും ലഭ്യമാക്കിയ അധിക വിവരം സമിതി അംഗീകരിച്ചില്ല. ദിവസേനയും അല്ലെങ്കിൽ ഒന്നിടവിട്ട ദിവസങ്ങളിലും ടാപ്പിംഗ് നടത്തിയിരുന്നത് ആഴ്ചയിൽ ഒരിക്കൽ ആക്കണമെന്നുള്ള ബോർഡിന്റെ നിർദ്ദേശത്തിൽ സമിതി സന്ദേഹം പ്രകടിപ്പിക്കുകയും ടാപ്പേഴ്സ് ബാങ്ക് സ്ഥാപിച്ച് അതിൽനിന്നും തൊഴിലാളികളെ നിയോഗിക്കുക എന്ന റബ്ബർ ബോർഡിന്റെ നിർദ്ദേശത്തോട് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥ സംജാതമാകും എന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു. നിലവിൽ ബോർഡ് മുന്നോട്ടു വച്ചിരിക്കുന്ന നിർദ്ദേശം തികച്ചും അശാസ്ത്രീയമാണെന്നും സമിതി അഭിപ്രായപ്പെട്ടു. എന്നാൽ ആഴ്ചയിലൊരിക്കൽ ടാപ്പിംഗ് എന്നതിന്റെ സ്വീകാര്യത മനസ്സിലാക്കുന്നതിനും ആ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നംകൂടി അറിയുന്നതിനും വേണ്ടി സമിതിക്ക് പുനലൂരിൽ ഒരു സന്ദർശനം നടത്തണമെന്നും ആഴ്ചയിലൊരിക്കൽ ടാപ്പിംഗ് എന്നതിന്റെ സോഷ്യൽ ഇംപാക്ട്, ഉത്തേജക മരുന്നിന്റെ തകരാറുകൾ, മെക്കനൈസേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ എങ്ങനെയാണ് എന്നിവയൊക്കെ ഉൾപ്പെടുത്തി സമഗ്രമായ റിപ്പോർട്ട് കൊണ്ടുവരണമെന്നും റബ്ബർ ബോർഡ് ഉദ്യോഗസ്ഥരോട് സമിതി ആവശ്യപ്പെട്ടു. റബ്ബർ ബോർഡിന്റെ റിപ്പോർട്ട് ഏകപക്ഷീയമായി തള്ളിക്കളയാനാവില്ല എന്നും ഇതിനെക്കുറിച്ച് സമഗ്രമായ ഒരു പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

## IV. സമിതിയുടെ വിവിധ കാലയളവുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകൾ

1. 2005-06-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 7607/സബ്.സി2/2005/നി.സെ.)

ഖണ്ഡിക -7-അംഗീകരിച്ചു

2. 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3979/സബ്.സി.സി2/2014/നി.സെ.)

ഖണ്ഡിക 2, 4, 15, 16, 17 എന്നിവയ്ക്ക് സമിതിയുടെ അധിക നിർദ്ദേശത്തിന്മേൽ ലഭിച്ച മറുപടി സമിതി അംഗീകരിച്ചു.

3. 2015-16 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4699/സബ്.സി.സി2/2015/നി.സെ.)

കേരള കാർഷിക സർവ്വകലാശാല സംബന്ധിച്ച ഖണ്ഡിക 15-ലെ ശിപാർശ കളിന്മേൽ സമിതി ആവശ്യപ്പെട്ട വിശദീകരണം അംഗീകരിച്ചു കൂടാതെ 2, 5, 10 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റും സമിതി അംഗീകരിച്ചു

4. 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4803/സബ്.സി.സി2/2016/നി.സെ.)

ഖണ്ഡിക നമ്പർ 27, 28, 33 എന്നിവയിന്മേൽ ലഭിച്ച മറുപടി സമിതി അംഗീകരിച്ചു

5. 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2076/സബ്.സി.സി2/2017/നി.സെ.)

ഖണ്ഡിക നമ്പർ 14, 24, 40, 17 എന്നിവയ്ക്കു ലഭിച്ച മറുപടി സമിതി അംഗീകരിച്ചു

6. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, കാർഷിക വിവരവും വിനിമയവും, കാർഷിക സേവന കേന്ദ്രങ്ങളും സേവന വിതരണവും മണ്ണ് സംരക്ഷണ പദ്ധതികൾ, മണ്ണ് പര്യവേഷണം എന്നീ വിഷയം സംബന്ധിച്ച ചട്ടം 235(1) (iii) പ്രകാരമുള്ള റിപ്പോർട്ട്

ഖണ്ഡിക 10, 9(5), 3, 5, 7, 8 എന്നിവയ്ക്ക് ലഭിച്ച മറുപടി സമിതി അംഗീകരിച്ചു

യോഗം ഉച്ചക്കുശേഷം 3.30-ന് പിരിഞ്ഞു.

## 12-2-2018-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I, 2018 ഫെബ്രുവരി 12-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനായ കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ :</u>

1. ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.

2. ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.

3. ശ്രീ. എസ്. ശർമ്മ, എം.എൽ.എ.

4. ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി

2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. ടിക്കാറാം മീണ, പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

2. ഡോ. ഷർമ്മിള മേരി ജോസഫ്, സെക്രട്ടറി, ആസൂത്രണ വകുപ്പ്.

3. ശ്രീ. സുനിൽ കുമാർ എ.എം, ഡയറക്ടർ, കൃഷി വകുപ്പ്.

4. ശ്രീ. ജെ. ജസ്റ്റിൻ മോഹൻ, ഡയറക്ടർ, സോയിൽ സർവ്വെ ആന്റ് സോയിൽ കൺസർവേഷൻ വകുപ്പ്.

5. ഡോ. രഘുനാഥമേനോൻ കെ.പി., ഡയറക്ടർ, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൺവയോൺമെന്റ് സെന്റർ (KSREC)

6. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ ജനറൽ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്.

7. ഡോ. എസ്. ലീനകുമാരി, രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല.

8. ഡോ. പി. രാജശേഖരൻ, ചെയർമാൻ, സ്റ്റേറ്റ് അഗ്രിക്കൾച്ചർ പ്രൈസസ് ബോർഡ്.

9. ശ്രീ. നിസാമുദ്ദീൻ. എ., ലാൻഡ് യൂസ് കമ്മീഷണർ.

10. ശ്രീ. ബി. ശ്രീകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

11. ശ്രീമതി എസ്. വി. കല, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

12. ശ്രീമതി ആർ. എസ്. പുഷ്പകുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

13. ശ്രീമതി പ്രസന്നകുമാരി എം. സി., അഡീഷണൽ സെക്രട്ടറി, പ്ലാനിംഗ് & ഇക്കണോമിക്സ് അഫയേഴ്സ് വകുപ്പ്.

14. ശ്രീമതി കെ. മിനി, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്.

സമിതി 2018-19 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥന നമ്പർ XXIX (കൃഷി), XXX(ഭക്ഷ്യം)XXXIX (വൈദ്യുത പദ്ധതികൾ) എന്നിവ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയും പ്രകാരം ശിപാർശകൾ എടുക്കുകയും ചെയ്തു:

**ധനാഭ്യർത്ഥന നമ്പർ XXIX-കൃഷി**

63 പെൻഷൻകാർക്ക് ഒരു വർഷത്തെ മിനിമം പെൻഷൻ, ഡി.ആർ., മെഡിക്കൽ അലവൻസ്, ഫെസ്റ്റിവൽ അലവൻസ് എന്നിവയും പെൻഷൻ വർദ്ധിപ്പിച്ച ഇനത്തിൽ കൊടുക്കാനുള്ള പെൻഷൻ കുടിശ്ശികയും ഡി.ആർ. കുടിശ്ശികയും നൽകാൻ അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മലബാർ മാർക്കറ്റ് കമ്മിറ്റിയ്ക്കുള്ള സഹായം എന്ന ശീർഷകത്തിൽ 47 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

പ്രാദേശിക അടിസ്ഥാനത്തിൽ ഉല്പാദനത്തോടൊപ്പം വിപണനവും സാധ്യമാക്കുന്നതിനായി പ്രാദേശിക സംസ്കരണത്തിനായി മിനി റൈസ് മില്ലുകൾ സ്ഥാപിക്കൽ, നെൽകൃഷി വികസനത്തിനായുള്ള വിവിധ പദ്ധതികളുടെ ബ്ലോക്കുതല സംയോജനത്തിനായി പദ്ധതിയധിഷ്ഠിത സഹായം, സുസ്ഥിര നെൽകൃഷി വികസനം, 2018-19-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചു പ്രകാരം ആർ.കെ.വി.വൈ. യിൽ അനുവദിച്ചിരിക്കുന്ന മുഴുവൻ തുകയും സംസ്ഥാന വിഹിതത്തിൽനിന്നും നൽകൽ എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷിവികസനം (ജില്ലാപദ്ധതി) എന്ന ശീർഷകത്തിൽ 73.8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

WCT/കറിയയിനം വിത്തു തെങ്ങുകളുടെയും സങ്കരയിനങ്ങളുടെയും വില പുതുക്കി നിശ്ചയിക്കുന്നതിന് 150 ലക്ഷം രൂപ കൂടി ഡിപ്പാർട്ട്മെന്റ് കൃഷി സ്ഥലങ്ങൾ മുഖേന നടീൽ വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കൽ എന്ന ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവവളങ്ങൾ കർഷകരുടെ കൃഷിയിടങ്ങളിൽത്തന്നെ ഉല്പാദിപ്പിക്കുന്നതിനുവേണ്ടി ഒരു യൂണിറ്റിന് 5,000 രൂപ എന്ന നിരക്കിൽ 1000 യൂണിറ്റുകൾക്കും ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവകൃഷിയിൽ 2017-18-ൽ പൂർത്തിയായ 500 ക്ലസ്റ്ററുകൾക്ക് ഒന്നിന് 25,000 രൂപ ക്രമത്തിലും നൽകുന്നതിന് ബജറ്റിൽ ഉൾപ്പെടുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഓർഗാനിക് ഫാമിംഗ് എന്ന ശീർഷകത്തിൽ 1.75 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

കേരളത്തിൽ ആദ്യമായി നെല്ലിന്റെ വിള പരിപാലനത്തിനായി ഡ്രോൺസ് (Drones) ഉപയോഗിക്കുന്ന പദ്ധതി 2017-18 ലാണ് ആരംഭിച്ചത്. അതിനായി ആ വർഷം തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഈ വർഷം ഈ ഘടകത്തിൽ തുക ഉൾപ്പെടുത്തിക്കാണുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ഘടകം പുനഃസ്ഥാപിച്ച് വിളകളുടെ ആരോഗ്യ സംരക്ഷണം എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായിവകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ലീഡ്സ് പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ഫീൽഡ് അസിസ്റ്റന്റുമാർക്കുള്ള പ്രതിമാസ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനും 2012-13-ൽ വാങ്ങിയ വാഹനങ്ങളുടെ റിപ്പയറിംഗിനും വർദ്ധിച്ച ഇന്ധന ചെലവിനും പുതിയ അവാർഡുകൾ നൽകുന്നതിന് സൈബർ എക്സ്റ്റൻഷനുമായി ബന്ധപ്പെട്ട അധിക ചെലവുകൾക്കുമായി ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ എന്ന ശീർഷകത്തിൽ 1.51 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2018-19-ൽ പൂർണ്ണ തോതിൽ ആരംഭിക്കുന്ന കർഷക ക്ഷേമ നിധി ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കർഷക ക്ഷേമനിധി ബോർഡ് എന്ന ശീർഷകത്തിൽ 70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

22-3-2017-ലെ സ.ഉ. (എംഎസ്.) നമ്പർ 37/2017/കൃഷി പ്രകാരം വിളകളുടെ നാശനഷ്ടത്തിനുള്ള നഷ്ടപരിഹാരത്തുക 2 മടങ്ങ് മുതൽ 5 മടങ്ങ് വരെ വർദ്ധിപ്പിച്ചിട്ടുണ്ടെന്നും വിള ഇൻഷ്വറൻസ് കോർപ്പസ് ഫണ്ടിൽനിന്നും 10 കോടി രൂപ സർക്കാർ പിൻവലിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിള ഇൻഷ്വറൻസ് കോർപ്പസ് ഫണ്ട് പുനഃസ്ഥാപിക്കുന്നതിനായി പുനഃസ്ഥാപിക്കപ്പെട്ട സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി എന്ന ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

കൃഷി ഭവനുകളിൽ അനുവദിച്ചിട്ടുള്ള ട്ടു വീലറുകളുടെ റിപ്പയർ വർക്കിനും ഇൻഷ്വറൻസിനും അധിക ഇന്ധന ചെലവിനും ആവശ്യമായ മെഷിനറികൾ വാങ്ങുന്നതിനുമായി കാർഷിക സേവന കേന്ദ്രവും സേവനം എത്തിക്കലും എന്ന ശീർഷകത്തിൽ 1.25 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്നതിന് വേണ്ട തുകയും മുൻവർഷങ്ങളിലെ കുടിശ്ശികയും കൂടാതെ പോളി ഹൗസ് കൃഷിക്ക് നൽകുന്ന സൗജന്യ പ്രകാരമുള്ള ആനുകൂല്യവും നൽകുന്നതിനായി ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി എന്ന ശീർഷകത്തിൽ 2.07 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ചെറുകിട നാമമാത്ര കർഷകർക്ക് കാലാകാലങ്ങളിലായി പെൻഷൻ കുടിശ്ശിക നൽകുന്നതിനായി 637.1626 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ബജറ്റ് വിഹിതമായി ഈ ശീർഷകത്തിൽ 360 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. വളരെയധികം അവശതകളനുഭവിക്കുന്ന ചെറുകിട നാമമാത്ര കർഷകർക്ക് കുടിശ്ശികയില്ലാതെ പെൻഷൻ നൽകേണ്ടത് സർക്കാരിനെ സംബന്ധിച്ചിടത്തോളം അത്യാവശ്യമായതിനാൽ ചെറുകിട നാമമാത്ര കർഷക പെൻഷൻ എന്ന ശീർഷകത്തിൽ 277.1626 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായുള്ള ജില്ലാ ക്ലസ്റ്റർ വികസനം, സ്റ്റാഗേർഡ് ക്ലസ്റ്റർ എന്ന ഉപഘടകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന കൃഷിയിടങ്ങൾക്കുവേണ്ടി വരുന്ന ചെലവ്, പ്രോജക്ട് അടിസ്ഥാനത്തിലുള്ള സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി, റെയിൻ ഷെൽട്ടർ എന്നീ ഘടകങ്ങൾക്ക് ആവശ്യക്കാരുള്ളതിനാൽ ഇതിനുവേണ്ടി വരുന്ന ചെലവ് എന്നിവയ്ക്കായി 7 കോടി രൂപ കൃഷി വകുപ്പു മുഖേനയുള്ള പച്ചക്കറി വികസനം എന്ന

ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

സംസ്ഥാനത്ത് 2 ലക്ഷം ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നതിലേയ്ക്ക് ഹെക്ടറിൽ 1,000 രൂപ ഒരു സീസണിൽ എന്ന നിരക്കിൽ ഉല്പാദന ബോണസ് നൽകുന്നതിനായി മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം എന്ന ശീർഷകത്തിൽ 59 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

സംസ്ഥാനത്ത് 2 ലക്ഷം ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നതിലേയ്ക്ക് ഹെക്ടറിൽ 1,000 രൂപ ഒരു സീസണിൽ എന്ന നിരക്കിൽ ഉല്പാദന ബോണസ് നൽകുന്നതിനായി 'മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം' എന്ന ശീർഷകത്തിൽ 1.51 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു.

സംസ്ഥാനത്ത് 2 ലക്ഷം ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നതിലേയ്ക്ക് ഹെക്ടറിൽ 1,000 രൂപ ഒരു സീസണിൽ എന്ന നിരക്കിൽ ഉല്പാദന ബോണസ് നൽകുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം എന്ന ശീർഷകത്തിൽ 25.57 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു.

കർഷകർക്കുള്ള വിള നാശത്തിനുള്ള നഷ്ടപരിഹാരത്തുക കഴിഞ്ഞ രണ്ടുവർഷത്തെ കുടിശ്ശിക നൽകാനുണ്ടെന്നും കേന്ദ്ര ഗവൺമെന്റിന്റെ ഈ ആവശ്യത്തിനുനൽകുന്ന SDRF വിഹിതം ചെറിയ തുകയാണെന്നും 29-9-2015-ലെ സ.ഉ.(ആർടി.) നമ്പർ 182/15/കൃഷി പ്രകാരം സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റ് വിഹിതം കഴിച്ചുള്ള തുക നൽകുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഈ ആവശ്യത്തിലേയ്ക്കായി ബജറ്റിൽ നൽകിയിരിക്കുന്ന തുക തീരെ കുറവാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി എന്ന ശീർഷകത്തിൽ 54 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ "വിപണി വികസനം ശക്തിപ്പെടുത്തൽ" എന്ന പദ്ധതിക്കായി 2435-01-800-99-പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മാർക്കറ്റ് വികസനം എന്ന ശീർഷകത്തിൽ "കൃഷി വകുപ്പിന്റെ കീഴിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികളുടെയും 5 ജില്ലാതല സംഭരണ കേന്ദ്രങ്ങളുടെയും അടിസ്ഥാന

സൗകര്യം വികസിപ്പിക്കുന്നതിന്" എന്ന ഘടകത്തിന് 300 ലക്ഷം രൂപയും കർഷകരുടെയും കർഷക കൂട്ടായ്മയിലൂടെയും ഉല്പാദിപ്പിക്കുന്ന വിഷവിമുക്ത കാർഷികോൽപന്നങ്ങൾ ഉപഭോക്താക്കളിലെത്തിക്കുന്നതിനായി ആരംഭിച്ച പദ്ധതി ഘടകമായ "ചെയിൻ ഓഫ് ഇക്കോഷിപ്പ്" എന്ന പദ്ധതിക്ക് 434 ലക്ഷം രൂപയും കൂടാതെ ഈ ശീർഷകത്തിലെ "കേരള കാർഷികവില നിർണ്ണയ ബോർഡിന്റെ വിവിധ പ്രവർത്തനച്ചെലവുകൾക്കായി അധികതുക" എന്ന ഘടകത്തിന് 50 ലക്ഷം രൂപ 2435-01-800-94-മൂല്യവർദ്ധനവ് (പ്ലാൻ) എന്ന ശീർഷകത്തിലെ ആറാമത്തെ ഘടകമായ "ആഗ്രോ ബിസിനസ് കമ്പനി (KABCO) സ്ഥാപിക്കുന്നതിനും മാനവവിഭവശേഷി സഹായവും" എന്ന ഘടകത്തിന് അനുവദിച്ചിരിക്കുന്ന 131 ലക്ഷം രൂപയിൽ നിന്നും ധനപുനഃക്രമീകരണംവഴിയും വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

നീര ഉല്പാദനത്തിനും സംസ്കരണത്തിനും 2018-19 ബജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടില്ല. അയതിനാൽ 'മൂല്യവർദ്ധനവ്' എന്ന ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ഫാമുകളുടെ അടിസ്ഥാന സൗകര്യത്തിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഡിപ്പാർട്ട്മെന്റ് കൃഷിത്തോട്ടങ്ങളിൽ നടീൽ വസ്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കൽ എന്ന ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

### കേരള സംസ്ഥാന ബഹിരാകാശ ഗ്രഹണ പരിസ്ഥിതി കേന്ദ്രം (KSREC)

ഐ.എസ്.ആർ.ഒ.യിൽനിന്നും ഗവൺമെന്റ് നിയമിച്ച ഡയറക്ടറുടെ കേന്ദ്ര നിരക്കിലുള്ള ശമ്പളം നൽകുന്നതിന് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ "കേരള സംസ്ഥാന ബഹിരാകാശ ഗ്രഹണ പരിസ്ഥിതി കേന്ദ്രം (KSREC) (സഹായധനം-ശമ്പളം)" എന്ന ശീർഷകത്തിൽ 27.04 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

### കേരള കാർഷിക സർവ്വകലാശാല

കെ.പി.എസ്.സി. മുഖേനയുള്ള അനദ്ധ്യാപക ജീവനക്കാരുടെ നിയമനം, ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം, ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശിക, കരിയർ അഡ്വാൻസ്മെന്റ്, പ്രൊമോഷൻ കുടിശ്ശിക, അദ്ധ്യാപക നിയമനം ഉയർന്ന

തോതിലുള്ള വിരമിക്കൽ, യു.ജി.സി. ശമ്പള പരിഷ്കരണം, പെൻഷൻ, പി.എഫ്. തുടങ്ങിയവയിലെ ബാദ്ധ്യതകൾ എന്നിവ നൽകുന്നതിന് 'കേരള കാർഷിക സർവ്വകലാശാല സഹായധനം-ശമ്പളം' എന്ന ശീർഷകത്തിൽ 255.4 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു.

## കാസർഗോഡ് പാക്കേജ്

115 കോടി രൂപയുള്ള 72 പദ്ധതികൾ നടപ്പിലാക്കുന്നതിന് ബജറ്റ് വിഹിതം വളരെ പരിമിതമായതിനാൽ 'കാസർഗോഡ് പാക്കേജ്' എന്ന ശീർഷകത്തിൽ 20 കോടി രൂപ കൂടി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

## മലയോര വികസന ഏജൻസി

2017-18 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 'മലയോര വികസന ഏജൻസി (RIDF)' എന്ന ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

## മണ്ണ്-പര്യവേക്ഷണ-സംരക്ഷണ വകുപ്പ്

വകുപ്പ് ഇക്കാലമത്രയും ശേഖരിച്ച മണ്ണ് ഭൂവിവര വിവരശേഖരം കർഷകന് നേരിട്ട് ലഭ്യമാക്കുന്നതിനുവേണ്ടി "മണ്ണിനെ അറിയാം മൊബൈലിലൂടെ" എന്ന മൊബൈൽ ആപ്പ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ ആപ്പ് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും വ്യാപിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിനായി ഐ.ടി. വകുപ്പിനു കീഴിൽവരുന്ന IIITM-Kerala യുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനായി 'ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച് ഡാറ്റാ ബാങ്ക് സൃഷ്ടിക്കൽ' എന്ന ശീർഷകത്തിൽ 55 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ഹരിത കേരള മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന പരമ്പരാഗത ഉറവകളുടെയും ജലസ്രോതസ്സുകളുടെയും ജല നിർഗ്ഗമന മാർഗ്ഗങ്ങളുടെയും നദികളുടെയും കൈവഴികളുടെയും പുനരുജ്ജീവനത്തിനും ഭൂഗർഭ ജലവിതാനം ഉയർത്തുവാനും നീർച്ചാലുകളുടെ പുനരുജ്ജീവനത്തിനുമായുള്ള ഈ പദ്ധതിക്ക് പുതുതായി അനുവദിച്ച ശീർഷകത്തിലെ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി പദ്ധതികളുടെ നടത്തിപ്പിനായി 'ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവനം' എന്ന ശീർഷകത്തിൽ 4.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXX-ലക്ഷ്യം
## കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ 56 വെയർഹൗസുകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നതായി സമിതി മനസ്സിലാക്കുന്നു. കമ്പ്യൂട്ടറൈസേഷനും നൂതന സാങ്കേതിക വിദ്യാവികസനത്തിനുമായി വെയർഹൗസിംഗ് കോർപ്പറേഷന് ധനസഹായമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം എന്ന ശീർഷകത്തിൽ 1.43 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു.

ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് നൽകിയിട്ടുള്ള ബജറ്റ് വിഹിതം കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ "ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് നൽകുന്ന സഹായം" എന്ന ശീർഷകത്തിൽ 1.8 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2013-14, 2014-15, 2015-16, 2016-17 വർഷങ്ങളിൽ പദ്ധതിയിട്ടിരുന്ന ഗോഡൗണുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷനിൽനിന്നും പ്രസ്തുത വർഷങ്ങളിലെ ഓഹരി മൂലധനം ലഭിക്കുന്നതിനുമായി Share Capital ഇനത്തിൽ സംസ്ഥാന സർക്കാർ വകയിരുത്തിയ ഓഹരി മൂലധനം 2 കോടി രൂപയും (ഓരോ വർഷവും 50 ലക്ഷം രൂപ വീതം) കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ കീഴിൽ കാസർഗോഡ് ജില്ലയിലെ പടന്നക്കാട് 290 MT സംഭരണ ശേഷിയുള്ള ഗോഡൗണിന്റെ നിർമ്മാണത്തിനായി ബാക്കി ലഭിക്കേണ്ട 10 ലക്ഷം രൂപയും ചേർത്ത് 2.1 കോടി രൂപ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ മുതൽ മുടക്ക് എന്ന ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

നബാർഡ് WIF (Warehouse Infrastructure Fund) പദ്ധതിയിൻ കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഗോഡൗണുകളുടെ നിർമ്മാണത്തിനായി "RIDF XVII-ന് കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ലോൺ" ശീർഷകത്തിൽ 11.75 കോടി രൂപ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

വെയർഹൗസിംഗ് കോർപ്പറേഷനിൽനിന്നും 2009 വർഷം മുതൽ റിട്ടയർ ചെയ്ത 200-ഓളം ജീവനക്കാർക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നാളിതുവരെയായി പൂർണ്ണമായി കൊടുത്തിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ "New Service Procedure" പ്രകാരം ഹെഡ് ഓഫ് അക്കൗണ്ട് ആരംഭിച്ച് മേൽപ്പടി വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിനായി 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXXIX- വൈദ്യുത പദ്ധതികൾ

ബയോഗ്യാസ് പ്ലാന്റുകൾക്കുള്ള സബ്സിഡിയിനത്തിലും പരിശീലനങ്ങൾ നടത്തുന്നതിനും ബജറ്റ് വിഹിതം വളരെ കുറവാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ "ബയോഗ്യാസ് വികസനത്തിനുള്ള ദേശീയ പരിപാടി" എന്ന ശീർഷകത്തിൽ 1.69 കോടി രൂപ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

സമിതിയോഗം ഉച്ചക്കുശേഷം 12.10-ന് അവസാനിച്ചു.

## 12-2-2018-ലെ (ഉച്ചയ്ക്കുശേഷം 2.30 മണി) യോഗ നടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I, 2018 ഫെബ്രുവരി 12-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ കൃഷിവകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജു തദവസരത്തിൽ ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.
2. ശ്രീ. എം. നൗഷാദ്, എം.എൽ.എ.
3. ശ്രീ. എസ്. ശർമ്മ, എം.എൽ.എ.
4. ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.

നിയമസഭാസെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ. എം., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. അനിൽ സേവ്യർ, സെക്രട്ടറി, മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ്.

2. ഡോ. എൻ. ശശി, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്.

3. ശ്രീ. എബ്രഹാം. ടി. ജോസഫ്, ഡയറക്ടർ, ക്ഷീരവികസനവകുപ്പ്.

4. ഡോ. വിനോദ് ജോൺ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്.

5. ഡോ. എ. എസ്. ബിജുലാൽ, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ.

6. ഡോ. ജോസ് ജെയിംസ്, മാനേജിംഗ് ഡയറക്ടർ, കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്.

7. ഡോ. ബി. ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്.

8. ഡോ. എൻ. അശോക്, ഡയറക്ടർ, അക്കാഡമിക് & റിസർച്ച് കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി, പൂക്കോട്, വയനാട്.

9. ശ്രീമതി എം. ഗീത, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്.

സമിതി 2018-19 സാമ്പത്തികവർഷത്തേക്കുള്ള ധനാഭ്യർത്ഥന നമ്പർ XXXI (മൃഗസംരക്ഷണം) XXXII (ക്ഷീരവികസനം) എന്നിവ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

**ധനാഭ്യർത്ഥന നമ്പർ XXXI-മൃഗസംരക്ഷണം**

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, വെള്ളക്കരം, വാടക, കരം, നികുതി, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കുവേണ്ടി 'ജില്ലാ ഭരണം' എന്ന <u>ശീർഷകത്തിൽ 5.4 ലക്ഷം രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.</u>

വെള്ളക്കരം, വാടക, നികുതി എന്നിവ നൽകുന്നതിന് <u>കന്നുകാലി പ്ലേഗ രോഗ നിർമ്മാർജ്ജനം എന്ന ശീർഷകത്തിൽ 2.9 ലക്ഷം രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.</u>

ജീവനക്കാർക്കുള്ള മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനായി മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

നിലവിൽ 105 ബ്ലോക്കുകളിൽ ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം ബാക്കിയുള്ള 47 ബ്ലോക്കുകളിൽകൂടി ലഭ്യമാക്കുന്നതിന് വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം എന്ന ശീർഷകത്തിൽ 2.9751 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 'ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ' എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

യാത്രാബത്ത, ടെലഫോൺ ചാർജ്ജ്, മറ്റിനങ്ങൾ എന്നിവയ്ക്കുവേണ്ടി 'ലൈവ് സ്റ്റോക്ക് ഫാമുകൾ' എന്ന ശീർഷകത്തിൽ 60,000 രൂപ ധന ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ടെലഫോൺ ചാർജ്ജ് നൽകുന്നതിനായി 'വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ' എന്ന ശീർഷകത്തിൽ 20,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ജീവനക്കാർക്ക് സ്ഥലംമാറ്റ ബത്ത നൽകുന്നതിനായി 'സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം സ്ഥാപിക്കൽ' എന്ന ശീർഷകത്തിൽ 46,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

## കേരള സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ്

സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷൻ ആവിഷ്കരിച്ച നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സംസ്ഥാനത്തെ മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സുപ്രധാനപങ്ക് വഹിക്കുന്നു. ഈ കോർപ്പറേഷന്റെ പ്രവർത്തനം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ സാധിച്ചതും ഈ പദ്ധതികളിലൂടെയാണ്. സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷന്റെ

വിവിധ പദ്ധതികളുടെ തുടർ നടത്തിപ്പിന് ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിഹിതം പരിമിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിവിധ പദ്ധതികളായ കെപ്‌കോ ആശ്രയ പദ്ധതിക്ക് 2.5 കോടി രൂപയും വനിതാ മിത്രം പദ്ധതിക്ക് 1.5 കോടി രൂപയും ഫാമുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ പദ്ധതിക്ക് 2 കോടി രൂപയും ഉൾപ്പെടെ കെ.എസ്.പി.ഡി.സി.-ക്ക് സഹായം എന്ന ശീർഷകത്തിൽ 6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

## കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി

പാലക്കാട് ജില്ലയിലെ തിരുവിഴാംകുന്ന് കന്നുകാലി ഗവേഷണ ഫാമിൽ 90 കോടി രൂപ ചെലവിൽ ഒരു പുതിയ വെറ്ററിനറി കോളേജ് തുടങ്ങുന്നതിനായി കെട്ടിടങ്ങളുടെയും അക്കാഡമിക് ബ്ലോക്കിന്റെയും നിർമ്മാണത്തിനും 'കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി' എന്ന ശീർഷകത്തിൽ 10 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

കേരള കാർഷിക സർവ്വകലാശാലയിൽനിന്ന് ലഭിക്കേണ്ടതായ പ്രോവിഡന്റ് ഫണ്ടും അതിന്റെ പലിശയും, ലഭിക്കാത്ത സാഹചര്യത്തിലും വെറ്ററിനറി സർവ്വകലാശാലയിൽ നിന്ന് വിരമിച്ച പെൻഷനേഴ്സിന് കൊടുക്കാനുള്ള ഡി.സി.ആർ.ജി., ടെർമിനൽ സറണ്ടർ, അദ്ധ്യാപകരുടെ യു.ജി.സി. കടിശ്ശിക മുതലായവ നൽകുന്നതിന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ "കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി-സഹായധനം-ശമ്പളം" എന്ന ശീർഷകത്തിൽ 4.45660 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

## മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

മാംസോൽപ്പാദന രംഗത്ത് കേരളത്തിൽ പ്രവർത്തിക്കുന്ന ഒരേയൊരു പൊതുമേഖലാ സ്ഥാപനമാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (എം.പി.ഐ.) ലിമിറ്റഡ്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനുവേണ്ടി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ എം.പി.ഐ.-യുടെ ഇടയാറിലെ ഹൈടെക് സ്ലോട്ടർ ഹൗസ് നിർമ്മാണം പൂർത്തിയാക്കി ഈ വർഷം കമ്മീഷൻ ചെയ്യുന്നതിന് 1.8612 കോടി രൂപയും ഇടയാറിലെ എം.പി.ഐ. കാമ്പസിലുള്ള കോഴി ഇറച്ചി സംസ്കരണ പ്ലാന്റിനോട് ചേർന്ന് അധിക ശേഷിയുള്ള ഒരു റെന്ററിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 1 കോടി രൂപയും ഇടയാറിൽ എം.പി.ഐ. കാമ്പസിൽ ഓട്ടോമാറ്റിക്

ഓപ്പൺ ബ്രോയിലർ ഫാമിംഗ് തുടങ്ങുന്നതിന് 1 കോടി രൂപയും സപ്ലൈ ചെയിൻ ത്വരിതപ്പെടുത്താൻ ശീതീകരണ സംവിധാനമുള്ള 4 റീഫർ വാനുകൾ വാങ്ങുന്നതിനും പ്രധാനപ്പെട്ട സിറ്റികളിൽ മൊബൈൽ സെയിൽസ് വാൻ ഏർപ്പെടുത്താൻ 10 മൊബൈൽ വാനുകൾ വാങ്ങുന്നതിനുമായി 1 കോടി രൂപയും ചാലക്കുടിയിലെ പരിയാരം വില്ലേജിൽ എം.പി.ഐ.-യുടെ ഉടമസ്ഥതയിലുള്ള 16 ഏക്കർ സ്ഥലത്ത് ഒരു ഓപ്പൺ ലൈവ് സ്റ്റോക്ക് ഫാം കം റെസ്റ്റിംഗ് സെന്റർ നടപ്പിലാക്കാൻ 1 കോടി രൂപയും ഭക്ഷ്യസുരക്ഷ അവയർനസ് പ്രോഗ്രാമിന് 1 കോടി രൂപയും തിരുവനന്തപുരത്ത് ഒരു മോഡേൺ മീറ്റ് ഷോപ്പ് സ്ഥാപിക്കാൻ 25 ലക്ഷം രൂപയും ഉൾപ്പെടെ എം.പി.ഐ.-ക്ക് സഹായം എന്ന ശീർഷകത്തിൽ 7.1112 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

ഇടയാറിൽ പ്രവർത്തിക്കുന്ന എം.പി.ഐ. ഫാക്ടറിയിൽനിന്നും കശാപ്പുചെയ്യുന്ന മാംസം പാക്ക് ചെയ്ത് കാർക്കാസാക്കി (carcass) കൊണ്ടു വന്ന് ഏതൂർ മാംസ സംസ്കരണ യൂണിറ്റിൽ ഭക്ഷണത്തിന് പാകമാകുന്ന റെഡി ടു സെർവ് ഉല്പന്നങ്ങളാക്കി സംസ്കരിച്ച് പാക്ക് ചെയ്ത് മാർക്കറ്റ് ചെയ്യാൻ 'മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിനുള്ള വായ്പകൾ (ആർ.ഐ.ഡി.എഫ്. ലോൺ)' എന്ന ശീർഷകത്തിൽ 8 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

## കേരള ഫീഡ്സ് ലിമിറ്റഡ്

കേരള സർക്കാരിന്റെ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള ഫീഡ്സ് ലിമിറ്റഡ്. കേരള ഫീഡ്സിന്റെ എല്ലാ യൂണിറ്റുകളുടെയും സുഗമമായ പ്രവർത്തനത്തിന് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കേരള ഫീഡ്സിന്റെ വിവിധ യൂണിറ്റുകളായ ഇടുക്കി ജില്ലയിലെ അരീക്കുഴ പഞ്ചായത്തിൽ പ്രതിദിനം 500 ടൺ ഉൽപ്പാദനശേഷിയുള്ള ഒരു ഹൈടെക് കാലിത്തീറ്റ നിർമ്മാണ യൂണിറ്റിന്റെ പൂർത്തീകരണത്തിന് 50 ലക്ഷം രൂപയും തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിലുള്ള പ്രതിദിനം 650 ടൺ ഉല്പാദന ശേഷിയുള്ള കാലിത്തീറ്റ നിർമ്മാണ യൂണിറ്റിന്റെയും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലുള്ള പ്രതിദിനം 300 ടൺ ഉല്പാദന ശേഷിയുള്ള കാലിത്തീറ്റ ഫാക്ടറിയുടെയും അടിസ്ഥാന സൗകര്യ വിപുലീകരണത്തിനുമായി 2.5 കോടി രൂപയും ഉൾപ്പെടെ 'കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം' എന്ന ശീർഷകത്തിൽ 3 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

## കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡിന്റെ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കേരള ലൈവ് സ്റ്റോക്ക് ബോർഡിന്റെ വിവിധ പദ്ധതികളായ ഹേർഡ് ബുക്ക് സ്കീമിന് 3 ലക്ഷം രൂപയും, മലബാറി ആടുകളുടെ സംരക്ഷണവും മെച്ചപ്പെടുത്തലും പദ്ധതിക്ക് 1 ലക്ഷം രൂപയും, തീറ്റപ്പുല്ലിന്റെയും പുൽ വിത്തുകളുടെയും ഗവേഷണവും വികസനവും നടത്തുന്നതിനു വേണ്ടിയുള്ള പദ്ധതിക്ക് 2 ലക്ഷം രൂപയും മൃഗസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് പരിശീലനം നൽകുന്നതിനുള്ള പദ്ധതിക്ക് 1 ലക്ഷം രൂപയും കന്നുകാലി പ്രജനനം ശക്തിപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം പദ്ധതിക്ക് 16 ലക്ഷം രൂപയും ആടുകളുടെ കൃത്രിമ ബീജ ധാനത്തിനായി ഗാഢ ശീതീകരിച്ച ബീജമാത്രകളുടെ ഉല്പാദനവും വിതരണവും പദ്ധതിക്കായി 1 ലക്ഷം രൂപയും പന്നിവളർത്തൽ മേഖലയുടെ വികസനത്തിനായി 30 ലക്ഷം രൂപയും കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് തീറ്റപ്പുൽ ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും തീറ്റപ്പുൽ ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ സ്ഥാപിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതിക്ക് 44 ലക്ഷം രൂപയും ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിലും മാട്ടുപ്പെട്ടിയിലും കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയിലുമുള്ള ഹൈടെക് ബുൾ മദർ ഫാമുകൾക്കുള്ള സഹായം പദ്ധതിയിൽ 68 ലക്ഷം രൂപയും ഫീൽഡ് പെർഫോർമൻസ് റിക്കാർഡിംഗ്‌വഴി കന്നുകാലികളുടെ ജനിതക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതിക്കായി 35 ലക്ഷം രൂപയും കേരളത്തിന്റെ തനതു ജനുസുക്കളായ വെച്ചൂർ, കാസർഗോഡ് ഡ്വാർഫ്, മറുനാടൻ ജനുസ്സുകളുടെയും സംരക്ഷണത്തിനും വ്യാപനത്തിനുമുള്ള പദ്ധതിക്കായി 20 ലക്ഷം രൂപയും വിത്തു കാളകളുടെ ജീനോമിക് തിരഞ്ഞെടുപ്പിനായി ജീനോമിക് ലബോറട്ടറി പദ്ധതിക്കായി 30 ലക്ഷം രൂപയും തീറ്റപ്പുൽ വിത്തുല്പാദനവും വിപണനവും പദ്ധതിക്കായി 5 ലക്ഷം രൂപയും ഉൾപ്പെടെ <u>2.56 കോടി രൂപ "കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിനുള്ള സഹായം" എന്ന ശീർഷകത്തിൽ ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.</u>

## ധനാഭ്യർത്ഥന നമ്പർ XXXII-ക്ഷീരവികസനം

ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന വിജ്ഞാന വ്യാപന പ്രവർത്തനത്തിനും ഉപദേശക സേവനങ്ങൾക്കും ക്ഷീരകർഷകർക്കും ഉരുക്കൾക്കും അപ്രതീക്ഷിതമായി ഉണ്ടാകുന്ന സാമ്പത്തിക നഷ്ടങ്ങൾക്ക് ധനസഹായം നൽകുന്നതിനും കണ്ടിജൻസി ഫണ്ടിനത്തിൽ വകുപ്പിന് മതിയായ തുക ലഭ്യമല്ലെന്ന് സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ "ഗ്രാമീണ ക്ഷീരവ്യവസായ വികസനഉപദേശകപ്രവർത്തനങ്ങൾ" എന്ന ശീർഷകത്തിൽ 49 ലക്ഷം രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

വർഷം മുഴുവൻ കാലിത്തീറ്റ സബ്സിഡി കർഷകർക്ക് ലഭ്യമാക്കുമെന്ന് സർക്കാർ വാഗ്ദാനം ചെയ്തിരുന്നു. ഈയിനത്തിൽ 3.5 ലക്ഷം കർഷകർക്ക് ഒരു രൂപ നിരക്കിൽ വർഷം മുഴുവനും കാലിത്തീറ്റ സബ്സിഡി നൽകുവാൻ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 'കാലിത്തീറ്റക്കുള്ള സബ്സിഡി' എന്ന ശീർഷകത്തിൽ 46 കോടി രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങൾ കേന്ദ്രീകരിച്ച് എസ്.എച്ച്.ജി./സ്വയം സഹായക/വനിത ഗ്രൂപ്പ് രൂപീകരിച്ച് തീറ്റപ്പുൽ കൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനും തരിശ്/ഉപയോഗ ശൂന്യമായ സ്ഥലങ്ങളിൽ/തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലും വ്യാവസായിക അടിസ്ഥാനത്തിൽ ക്ഷീരസംഘങ്ങളുടെ സഹകരണത്തോടെ പുൽകൃഷി പദ്ധതി വ്യാപിപ്പിക്കുന്നതിനും "കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോൽപാദക സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉല്പാദനവും സൂക്ഷിക്കലും" എന്ന ശീർഷകത്തിൽ 60 ലക്ഷം രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകരുടെ എണ്ണം വർദ്ധിച്ചതിനാലും സാമൂഹിക സുരക്ഷാ പദ്ധതികൾക്കായി നൽകുന്ന ധനസഹായ തുക വർദ്ധിപ്പിക്കേണ്ടതിനാലും ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ "ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിയ്ക്ക് ധനസഹായം" എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

വയനാട് ക്ഷീരവികസനത്തിനുള്ള പ്രത്യേക പദ്ധതികൾക്കായും വയനാട് മാതൃക ക്ഷീരവികസന ജില്ലയായി ഉയർത്തുന്നതിനും 'വയനാട്ടിലെ ക്ഷീരവികസനത്തിനുള്ള സഹായം' എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

തെരഞ്ഞെടുത്ത അതിർത്തി ചെക്ക്പോസ്റ്റുകളിൽ പാൽ ഗുണനിലവാര പരിശോധനക്കായി സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനും ദേശീയ അക്രഡിറ്റേഷൻ ലഭിച്ച സംസ്ഥാന ഡയറി ലാബിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും

'ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ' എന്ന ശീർഷകത്തിൽ 55 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ഡയറി സോൺ പദ്ധതി നടപ്പിലാക്കുന്നതിനും കൂടുതൽ പഞ്ചായത്തുകളിൽ ക്ഷീര ഗ്രാമം പദ്ധതി നടപ്പാക്കുന്നതിനും പുതുതായി കിടാരി പാർക്ക്, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി എന്നിവയുമായി 'മിൽക് ഷെഡ് വികസന പദ്ധതി' എന്ന ശീർഷകത്തിൽ 4.15 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ക്ഷീരസംഘങ്ങളിൽ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന്, ക്ഷീരസംഘങ്ങളിലൂടെ കർഷകർക്ക് സബ്സിഡി നിരക്കിൽ പച്ചപ്പുൽ, വൈക്കോൽ എന്നിവ എത്തിച്ചുനൽകുന്നതിനായി സഹകരണ മേഖല പ്രചാരണ പരിപാടി സംഘടിപ്പിക്കുന്നതിനുമായി 'ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായം' എന്ന ശീർഷകത്തിൽ 2.0934 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

സഹകരണ ക്ഷീരവിപണന ഫെഡറേഷൻ/തിരുവനന്തപുരം മേഖല/എറണാകുളം മേഖല/മലബാർമേഖല എന്നിവയുടെ കീഴിലുള്ള പ്ലാന്റുകളുടെ നവീകരണ/ നിർമ്മാണങ്ങൾക്കായി 'സഹകരണ ക്ഷീരവിപണന ഫെഡറേഷനുള്ള ധനസഹായം' എന്ന ശീർഷകത്തിൽ 1.18 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

പുതിയ സർക്കാരിന്റെ നയപരമായ തീരുമാനപ്രകാരം പെൻഷൻ തുക 1,100 രൂപയായി വർദ്ധിപ്പിക്കുമ്പോൾ അധിക സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കുന്നതിന് ആവശ്യമായ 91.27 കോടി രൂപ അനുവദിക്കേണ്ടതുണ്ട്. എന്നാൽ ആയതിലേക്ക് തുകയൊന്നും വകകൊള്ളിച്ചതായി കാണുന്നില്ല. ആയതിനാൽ 'ക്ഷീരകർഷക ക്ഷേമനിധി ബോർഡിനുള്ള ധനസഹായം' എന്ന ശീർഷകത്തിൽ 91.27 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

'ഡയറക്ടറേറ്റ്' ' എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 01(1) ശമ്പളം ഇനത്തിൽ 50 ലക്ഷം രൂപയും, 01(4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ 38,000 രൂപയും 01(5) മറ്റ് അലവൻസുകൾ ഇനത്തിൽ 12.5 ലക്ഷം രൂപയും 02(5)

ദിവസവേതനം ഇനത്തിൽ 29,000 രൂപയും 04(1) യാത്രാബത്ത ഇനത്തിൽ 2 ലക്ഷം രൂപയും 05(2) വൈദ്യുതി ചെലവ് ഇനത്തിൽ 3 ലക്ഷം രൂപയും 21(2) മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും ഇനത്തിൽ 50,000 രൂപയും 45-പി.ഒ.എൽ. ഇനത്തിൽ 50,000 രൂപയും ഉൾപ്പെടെ 69.17 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

14 ജില്ലകളിലെയും ജില്ലാ ഓഫീസുകൾ, ക്വാളിറ്റി കൺട്രോൾ ഓഫീസുകൾ എന്നിവയ്ക്കുവേണ്ടി ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ജില്ലാ ഭരണം എന്ന ശീർഷകത്തിൽ 02(5) ദിവസവേതനം ഇനത്തിൽ 3.49 ലക്ഷം രൂപയും 05(1) വെള്ളക്കരം ഇനത്തിൽ 55,000 രൂപയും 05(2) വൈദ്യുതി ചെലവ് ഇനത്തിൽ 50,000 രൂപയും 21(2) മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും ഇനത്തിൽ 1 ലക്ഷം രൂപയും 45-പി.ഒ.എൽ. ഇനത്തിൽ 70,000 രൂപയും ഉൾപ്പെടെ 6.24 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

'വികസന പ്രവർത്തന ഘടകങ്ങൾ-മറ്റ് അലവൻസുകൾ' എന്ന ശീർഷകത്തിൽ 31.06 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

'ക്ഷീരവികസന പരിശീലന കേന്ദ്രം-മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും' എന്ന ശീർഷകത്തിൽ 29,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

'ക്ഷീര വകുപ്പിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ' എന്ന ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ക്ഷീരസഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ചുകൊണ്ട് ക്ഷീരസംഘങ്ങൾ കൂടുതൽ ജനകീയമാക്കി മെച്ചപ്പെട്ട സേവനങ്ങൾ കർഷകർക്കും പൊതുജനങ്ങൾക്കും ലഭിക്കുന്നതിനായി പുതിയ ശീർഷകമായാണ് ഇത് ലഭിച്ചത്. ഇതിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ക്ഷീരസഹകരണ സംഘങ്ങളിൽ മൂലധന ചെലവ് എന്ന ശീർഷകത്തിൽ 48.66 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.50-ന് പിരിഞ്ഞു.

# 16-2-2018-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I, 2018 ഫെബ്രുവരി 16-ാം തീയതി വെള്ളിയാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 184 (3) പ്രകാരം ശ്രീ. എസ്. ശർമ്മ എം.എൽ.എ.-യെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കുകയും അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ചെയ്തു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.
2. ശ്രീ. എം. നൗഷാദ്, എം.എൽ.എ.
3. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ. എം., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ബി. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.
2. ശ്രീ. എസ്. വെങ്കിടേശപതി, ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്.
3. ശ്രീമതി കെ. എസ്. ഉഷ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
4. ശ്രീ. പി. കെ. അനിൽകുമാർ, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്.
5. ശ്രീമതി ഷീല. ആർ. എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സസ് മാനേജ്മെന്റ് സൊസൈറ്റി (FIRMA).
6. ശ്രീ. പി. പി. സുരേന്ദ്രൻ, ഡെപ്യൂട്ടി ജനറൽ മാനേജർ, മത്സ്യഫെഡ്.
7. ശ്രീമതി ആർ. സന്ധ്യ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഏജൻസി ഫോർ ഡെവലപ്മെന്റ് & അക്വാകൾച്ചർ (ADAK).

8. ശ്രീമതി നാൻസി. പി. ജോർജ്, മാനേജർ മത്സ്യഫെഡ്.

9. ശ്രീ. ആർ. സുരേഷ് കുമാർ, പ്രോജക്റ്റ് മാനേജർ, കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KSCADC).

10. ശ്രീ. ജോബി ജോർജ്, ഫിനാൻസ് ഓഫീസർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷൻ സ്റ്റഡീസ് (KUFOS).

11. ശ്രീമതി എ. ആർ. ബിന്ദു, സീനിയർ ഫിനാൻസ് മാനേജർ., കേരള സ്റ്റേറ്റ് കോസ്റ്റൽ-ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KSCADC).

12. ശ്രീ. ഷാഹുൽ ഹമീദ്, സീനിയർ ഫിനാൻസ് ഓഫീസർ, ഫിഷറീസ് ഡിപ്പാർട്ട്മെന്റ്.

സമിതി 2018-19 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥന നമ്പർ XXXIII (മത്സ്യബന്ധനം) സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു:

### ധനാഭ്യർത്ഥന നമ്പർ XXXIII-(മത്സ്യബന്ധനം)

മത്സ്യബന്ധന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങളുടെ സംരക്ഷണത്തിനും വൈദ്യുതി ചാർജ്ജിനും 'നടത്തിപ്പ്' എന്ന ശീർഷകത്തിൽ 2.05 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുണ്ടായിരുന്നതും അഡാക്കിന് താൽക്കാലികമായി കൈമാറിയതുമായ മത്സ്യഫാമുകളിലെ ജീവനക്കാരുടെ വേതന തുക നൽകുന്നതിന് 'മത്സ്യക്കുഞ്ഞുല്പാദന ഫാമുകൾ' എന്ന ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ഉൾനാടൻ/കടൽ മത്സ്യബന്ധനത്തിന്റെ വിവരശേഖരണവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 'മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള വിവരശേഖരണം' എന്ന ശീർഷകത്തിൽ 42 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

മത്സ്യവിഭവങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും 600 ലക്ഷം രൂപയും Fish Migrated Pathway നിർമ്മിക്കുന്നതിനും ഓഷ്യനേറിയം മറൈൻ ബയോളജിക്കൽ പാർക്ക് നിർമ്മാണത്തിന്റെ പ്രാരംഭ ചെലവുകൾ ഉൾപ്പെടെ 24 കോടി രൂപ ആവശ്യമാണ്. എന്നാൽ ബജറ്റിൽ ഈ ഇനത്തിൽ വകയിരുത്തിയത് 5.07 കോടി രൂപ മാത്രമാണ്. ആയതിനാൽ 'മത്സ്യ വിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും (ആഴക്കടൽ മത്സ്യബന്ധനം)' എന്ന ശീർഷകത്തിൽ 18.93 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

17000 മത്സ്യത്തൊഴിലാളികൾക്ക് ഒരാൾക്ക് പ്രതിമാസം 150 ലിറ്റർ എന്ന ക്രമത്തിൽ ഒരു വർഷത്തേക്ക് വിതരണം ചെയ്യുന്ന 30000 കിലോ ലിറ്റർ വെള്ള മണ്ണെണ്ണ നൽകുന്നതിന് സബ്സിഡി ഇനത്തിൽ നൽകിയിരിക്കുന്ന 51.25 കോടി രൂപ അപര്യാപ്തമായതിനാൽ സബ്സിഡി തുക നൽകുന്നതിന് 75 കോടി രൂപ ആവശ്യമായതിനാൽ 'മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ വിതരണം സബ്സിഡി' എന്ന ശീർഷകത്തിൽ 23.75 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

മത്സ്യത്തൊഴിലാളികളുടെ മത്സ്യലേലത്തിൽനിന്നും പ്രാഥമിക സഹകരണ സംഘങ്ങളിൽ സ്വരൂപിക്കുന്ന 1% സമ്പാദ്യത്തിന് ആനുപാതികമായി 45000 മത്സ്യത്തൊഴിലാളികൾക്ക് ഉല്പാദന ഇൻസെന്റീവ് നൽകുന്നതിന് 'മത്സ്യത്തൊഴി ലാളികൾക്കുള്ള ഉത്പാദന ബോണസ്' എന്ന ശീർഷകത്തിൽ 1.5 കോടി രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ എൻ.സി.ഡി.സി.-ഐ.എഫ്.ഡി.പി. പദ്ധതിയിൽ മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് എൻ.സി.ഡി.സി.യിൽ നിന്നെടുത്ത ലോണിന് പലിശ സബ്സിഡി നൽകുന്നതിനായി 'സംയോജിത മത്സ്യ ബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം (സംസ്ഥാന വിഹിതം)' എന്ന ശീർഷകത്തിൽ 16.58 കോടി രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു.

ഓഖിയുടെ പശ്ചാത്തലത്തിൽ കടൽ സുരക്ഷ ശക്തിപ്പെടുത്തുന്നതിനും ഉപഗ്രഹ അധിഷ്ഠിത നാവിഗേഷൻ കാലാവസ്ഥ പ്രവചന സംവിധാനം നടപ്പാക്കുന്നതിനും എല്ലാ മത്സ്യബന്ധനയാനങ്ങളേയും മത്സ്യത്തൊഴിലാളിഗ്രാമങ്ങളേയും ബന്ധിപ്പിക്കുന്നതിന് ബജറ്റ് പ്രസംഗത്തിലും നയപ്രഖ്യാപനത്തിലുമുള്ള പദ്ധതികൾ നടപ്പാക്കുന്നതിനും 'സമുദ്രസുരക്ഷയും രക്ഷാപ്രവർത്തനങ്ങളും' എന്ന ശീർഷകത്തിൽ 50 കോടി രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

തീരമൈത്രി സൂപ്പർമാർക്കറ്റിലൂടെ മാവേലി ഇനത്തിൽപ്പെട്ട അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുവേണ്ടി 'തീരമൈത്രിസൂപ്പർ മാർക്കറ്റ്' എന്ന ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി 'മത്സ്യമാർക്കറ്റുകൾ, വാല്യു അഡീഷൻ, വിളവെടുപ്പ് പൂർവ്വപ്രവർത്തനങ്ങൾ എന്നിവയുടെ നവീകരണം' എന്ന ശീർഷകത്തിൽ 1 കോടി രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ഇ-ഗവേണൻസ്, പരിശീലന പരിപാടികൾ എന്നിവ പൂർത്തീകരിക്കുന്നതിന് വകുപ്പിന്റെ വികസനവും നവീകരണവും പരിശീലനകേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസ കാലയളവിൽ തൊഴിൽനഷ്ടം മൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി 50% കേന്ദ്ര സഹായത്തോടെ നടപ്പാക്കിവരുന്ന പദ്ധതിയാണിത്. ഓരോ വർഷവും 6 തവണകളിലായി 1,500 രൂപ മത്സ്യത്തൊഴിലാളികളിൽനിന്ന് ശേഖരിച്ച് ബാങ്കിൽ നിക്ഷേപിക്കുകയും സംസ്ഥാന വിഹിതമായ 3,000 രൂപയും ചേർത്ത് 4,500 രൂപ മൂന്നുതവണകളിലായി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നു. ഇതനുസരിച്ച് 186510-ഓളം മത്സ്യത്തൊഴിലാളികൾ 2017-18 വർഷം പദ്ധതിയിൽ അംഗമായി കഴിഞ്ഞു. ഇവർക്ക് 2018-19 വർഷം മേയ്, ജൂൺ, ജൂലൈ മാസങ്ങളിലായി പദ്ധതി വിഭാവനം ചെയ്ത രീതിയിൽ ധനസഹായം അനുവദിക്കേണ്ടതുണ്ട്. 2018-19 വർഷം ഇതിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് അധിക സംസ്ഥാന വിഹിതം എന്ന ശീർഷകത്തിൽ 30.14 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളി/വിധവ, പെൻഷണർമാർ 63,200 പേരാണുള്ളത്. ഇവർക്ക് പ്രതിമാസം 1,100 രൂപ പെൻഷൻ നൽകുന്നതിന് ബജറ്റിൽ അനുവദിച്ചിട്ടുള്ള തുക ഇതിലും കുറവാണ്. ആയതിനാൽ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സഹായം മത്സ്യ അനുബന്ധ തൊഴിലാളികൾക്കുമുള്ള പെൻഷൻ എന്ന ശീർഷകത്തിൽ 18.74 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

നിലവിലെ പദ്ധതിയേതര ചെലവുകൾ, വഹിക്കുന്നതിനു പുറമേ 2015-16 മുതലുള്ള പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനും പുതിയതായി നിയമിതരാകുന്ന അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുന്നതിനും യു.ജി.സി. ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾ വഹിക്കുന്നതിനും വേണ്ടി 'കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് ' എന്ന ശീർഷകത്തിൽ 9.1155 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കേണ്ടിവരുന്നവരുടെ പൂർണ്ണ ബാധ്യത സർക്കാർ ഏറ്റെടുത്ത് അവർക്കായി സ്ഥലവും ഭവനവും മറ്റ് ജീവനോപാധി സഹായങ്ങളും പരിശീലനങ്ങളും നൽകുന്നതിനുവേണ്ടി ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതായി കാണുന്നില്ലെന്ന് വിലയിരുത്തിയ സമിതി "വിഴിഞ്ഞം പുനരധിവാസ പദ്ധതി നടപ്പാക്കൽ-മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും ഭൂമി ഏറ്റെടുക്കലും" എന്ന ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

കടൽ ക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ "കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായുള്ള പ്രത്യേക പാക്കേജ്" എന്ന ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

കരാറുകാരന് നിർദ്ദേശപ്രകാരം ബിൽ തുക നൽകുന്നതിലേക്കായി 'മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം (50% കേന്ദ്രാവിഷ്കൃത പദ്ധതി)' എന്ന ശീർഷകത്തിൽ 93 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ചേറ്റുവ സബ് ഡിവിഷൻ കാര്യാലയത്തിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് വേണ്ടി 'ചേറ്റുവ മത്സ്യബന്ധന തുറമുഖം (സംസ്ഥാന പദ്ധതി)' എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ചെറുവത്തൂർ സബ് ഡിവിഷൻ കാര്യാലയത്തിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുവേണ്ടി 'ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം (സംസ്ഥാന പദ്ധതി)' എന്ന

ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2018-19 ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ട പ്രവൃത്തികൾ ചെയ്യുന്നതിലേക്ക് 'നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം' എന്ന ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

മുൻ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ചതിനും പൂർത്തിയായിക്കൊണ്ടിരിക്കുന്ന പണികളുടെ ബില്ല് മാറി നൽകുന്നതിനും 'ആർ.ഐ.ഡി.എഫ്. സഹായത്തിൻമേലുള്ള സംയോജിത തീരദേശ വികസന പദ്ധതി' എന്ന ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു.

കൊയിലാണ്ടി സബ് ഡിവിഷൻ കാര്യാലയത്തിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിലേക്ക് 'കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം' എന്ന ശീർഷകത്തിൽ 70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

നിലവിലുള്ള അക്വാകൾച്ചർ പരിശീലന കേന്ദ്രങ്ങൾ, മത്സ്യ ഭവനങ്ങൾ എന്നിവയുടെ നടന്നുകൊണ്ടിരിക്കുന്ന അടിസ്ഥാന സൗകര്യവികസന പരിപാടികൾ പൂർത്തീകരിക്കുന്നതിന് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന വിഹിതം വളരെ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 'മത്സ്യകൃഷി പരിശീലന കേന്ദ്രങ്ങളും പണി പൂർത്തിയാക്കലും മത്സ്യ ഭവനങ്ങൾ സ്ഥാപിക്കലും ശക്തിപ്പെടുത്തലും' എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ആലപ്പുഴ വടക്ക് അന്ധകാരനഴി പാലത്തിന്റെ പണി പൂർത്തീകരിക്കാൻ ബജറ്റിൽ തുകയൊന്നും വകയിരുത്തിയതായി കാണുന്നില്ല. ആയതിനാൽ 'ആലപ്പുഴ വടക്ക് അന്ധകാരനഴി പാലം നിർമ്മാണം' എന്ന ശീർഷകത്തിൽ 1.45 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

പരമ്പരാഗത മത്സ്യത്തൊഴിലാളിമേഖലയിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗമായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ മത്സ്യഫെഡ് വിതരണം ചെയ്തുവരുന്നു. ഇതിലേയ്ക്കായി പ്രതിവർഷം 25 കോടിരൂപ ചെലവഴിച്ചുവരുന്നു. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത

മത്സ്യവികസന പദ്ധതി വഴിയാണ് ഈ തുക വിതരണം ചെയ്യുവരുന്നത്. ഈ പദ്ധതിക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 'മത്സ്യബന്ധന വികസനത്തിന് സമഗ്ര മാർഗ്ഗനിർദ്ദേശ പദ്ധതിക്കായി മത്സ്യഫെഡ്ഡിൽ കൊടുക്കുന്ന വായ്പ (എൻ.സി.ഡി.സി. സഹായം)' എന്ന ശീർഷകത്തിൽ 13 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

### പുതിയ ശീർഷകം അനുവദിക്കുന്നതിന്

ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിന് പുതിയ ശീർഷകം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു:

തീരദേശ മത്സ്യഗ്രാമങ്ങളിൽ വൈ.ഫൈ. കണക്റ്റിവിറ്റി സ്ഥാപിക്കുന്നതിന് പുതിയ ശീർഷകം അനുവദിച്ച് 1,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

തീരദേശത്തിന്റെ സമഗ്രവികസനത്തിനായി അന്തർദ്ദേശീയ തലത്തിൽ അംഗീകൃതമായുള്ള സ്ഥാപനത്തെക്കൊണ്ട് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് പുതിയ ശീർഷകം അനുവദിച്ച് 1,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

കക്ക സഹകരണ സംഘങ്ങളിൽ കക്കയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കുന്നതിനും അതിനാവശ്യമായ ആധുനിക ചൂളകൾ തയ്യാറാക്കുന്നതിനും പുതിയ ശീർഷകം അനുവദിച്ച് 1,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

പടിഞ്ഞാറൻ തീരത്തിന്റെ 250 മീറ്റർ വീതിയിൽ കേരള തീരത്തെ അപകടസാധ്യത വിശകലനത്തിനും ദുരന്തസാധ്യതയുള്ള പ്രദേശത്തെ കണ്ടെത്തുന്നതിനും പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര തയ്യാറെടുപ്പുകൾക്ക് സൗകര്യമൊരുക്കാനും ഒരു ത്രിമാന ഭൂപടം തയ്യാറാക്കുന്നതിനും ഒരു പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

സമിതിയോഗം 12.00 മണിക്ക് പിരിഞ്ഞു.

# 20-2-2018-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I, 2018 ഫെബ്രുവരി 20-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാനും കൃഷിവകുപ്പുമന്ത്രിയുമായ ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ എക്സ്-ഒഫീഷ്യോ അംഗവും വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാജുവും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ :</u>

1. ശ്രീ. കെ. കുഞ്ഞിരാമൻ, എം. എൽ. എ.
2. ശ്രീ. എം. നൗഷാദ്, എം. എൽ. എ.
3. ശ്രീ. എസ്. ശർമ്മ, എം. എൽ. എ.
4. ശ്രീ. എം. വിൻസെന്റ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ. എം., അണ്ടർ സെക്രട്ടറി.

സമിതി, 2018-19 സാമ്പത്തികവർഷത്തെ XXIX, XXX, XXXIX, XXXI, XXXII, XXXIII എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുടെ കരട് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

കരട് റിപ്പോർട്ടിലെ 1 മുതൽ 70 വരെയും 72 മുതൽ 91 വരെയുമുള്ള ശിപാർശകൾ മാറ്റങ്ങളില്ലാതെയും 71-ാം ശിപാർശ താഴെപ്പറയുംപ്രകാരം മാറ്റം വരുത്തിയും സമിതി അംഗീകരിച്ചു.

2405-00-105-88—<u>തീരമൈത്രി സൂപ്പർ മാർക്കറ്റ്</u>

71. തീരമൈത്രി സൂപ്പർ മാർക്കറ്റിലൂടെ മാവേലി ഇനത്തിൽപ്പെട്ട അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ '2' കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കൂടാതെ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ ഇടയാറിലെ ഹൈടെക് സ്ലോട്ടർ ഹൗസ് സന്ദർശിക്കുന്നതിനും സമിതി തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 3.15-ന് സമിതി യോഗം പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.